32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 22, 2024 | Vol. XXXII No. 12 | Periodicals Postage Paid






ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയ പുനർ കൂദാശാ കർമ്മത്തിൽ പങ്കെടുത്ത വൈദികർ ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട്, ബിഷപ് മാർ ജോയ് ആലപ്പാട്ട്, ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, ബിഷപ് റൊണാൾഡ് ഹിക്സ്, വികാരി ജനറാൾമാരായ ഫാ. തോമസ് മുളവനാൽ (ഇടവക വികാരി), ഫാ. തോമസ് കടുകപ്പിള്ളിൽ, ഫാ. പത്രോസ് ചമ്പക്കര (കാനഡ), ചാൻസലർ റവ. ഡോ. ജോർജ് ദാനവേലിൽ, അസിസ്റ്റന്റ് വികാരി ഫാ. ബിൻസ് ചേത്തലിൽ, മുൻ വികാരിമാരായ ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. സജി പിണർക്കയിൽ എന്നിവരോടൊപ്പം. ഫോട്ടോ:– അലൻ കൊറ്റംകൊമ്പിൽ (പേജ് 16, 17 കാണുക)

Visit Our Website: www.keralaexpress.com

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** | ATLANTA : 404 633 4200 | CHICAGO: 312 757 4700

## EXPERIENCE PERSONAL ATTENTION RESULTS



Salu K. Kunnatha · Reena Emmanuel · Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

# nella CONSULTING

ACCOUNTING | TAX | CONSULTING






## FOR ALL YOUR PERSONAL AND BUSINESS TAX SERVICES



**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**

32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഇലക്ടറൽ ബോണ്ട് വിവരം വെളിപ്പെടുത്തി

8 കേരളം ചോദിച്ചത് 10,000 കോടി

11 കണ്ണൂരിൽ മൂന്നു മുന്നണികളും ശക്തം

13 മാർ ഇവാനിയോസ് ധന്യപദവിയിൽ

14 രാജു തരകന്റെ 'ഇടയകന്യക' പ്രസിദ്ധീകരിച്ചു

### കേരളത്തിൽ ഏപ്രിൽ 26–ന്, ഫലപ്രഖ്യാപനം ജൂൺ നാലിന്

## ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് ഏപ്രിൽ 19 മുതൽ ജൂൺ ഒന്നു വരെ ഏഴു ഘട്ടങ്ങളിലായി നടക്കും. കേരളത്തിലെ 20 മണ്ഡലങ്ങളിലും ഏപ്രിൽ 26-നാണ് വോട്ടെടുപ്പ്. ഇന്ത്യയാകെ വോട്ടെണ്ണലും ഫലപ്രഖ്യാപനവും ജൂൺ നാലിനാണ്. കേരളത്തിലെ തെരഞ്ഞെടുപ്പ് പൂർത്തിയായശേഷം ഫലമറിയാൻ 39 ദിവസത്തെ നീണ്ട കാത്തിരിപ്പ് വേണ്ടിവരും. എല്ലാ സംസ്ഥാനങ്ങളിലും മാതൃകാ പെരുമാറ്റച്ചട്ടം മാർച്ച് 16 മുതൽ നിലവിൽ വന്നു.



പൊതു തെരഞ്ഞെടുപ്പു തീയതികൾ പ്രഖ്യാപിച്ചശേഷം മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ (മധ്യത്തിൽ) കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ (ഇടത്ത്), എസ്.എസ്. സന്ധു എന്നിവർക്കൊപ്പം

543 ലോക്സഭാ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പിനോടൊപ്പം ആന്ധ്രപ്രദേശ്, ഒഡീഷ, അരുണാചൽപ്രദേശ്, സിക്കിം നിയമസഭകളിലേക്കും ഒരേസമയം വോട്ടെടുപ്പ് നടക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ രാജീവ് കുമാർ അറിയിച്ചു. 2018 മുതൽ രാഷ്ട്രപതിഭരണത്തിലുള്ള ജമ്മു–കാശ്മീരിലെ ലോക്സഭാ മണ്ഡലങ്ങളിൽ വിവിധ ഘട്ടങ്ങളായി തെരഞ്ഞെടുപ്പു നടക്കുമെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പ് ഇത്തവണയുമില്ല. സുരക്ഷാക്രമീകരണങ്ങൾക്കുള്ള പ്രയാസം കണക്കിലെടുത്താണ് നിയമസഭാ തെരഞ്ഞെടുപ്പ് നീട്ടിയതെന്നു രാജീവ് കുമാർ വിശദീകരിച്ചു.

ബിഹാർ, ഗുജറാത്ത്, ഹരിയാന, ജാർഖണ്ഡ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ 26 നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതെരഞ്ഞെടുപ്പുകളും ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം നടക്കും.

കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, തെലങ്കാന, ഡൽഹി, പഞ്ചാബ്, ഹിമാചൽപ്രദേശ്, ഹരിയാന, ഉത്തരാഖണ്ഡ്, ഗോവ, പുതുച്ചേരി, ലക്ഷദ്വീപ്, ആൻഡമാൻ അടക്കമുള്ള 22 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഒറ്റ ഘട്ടമായാണു വോട്ടെടുപ്പ്. കർണാടക, (ശേഷം 24-ാം പേജിൽ)

## ഷാജൻ ആനിത്തോട്ടം ലയൺസ് വൈസ് ഡിസ്ട്രിക്റ്റ് ഗവർണർ

ചിക്കാഗോ: ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് വൺ എഫിന്റെ സെക്കന്റ് വൈസ് ഡിസ്ട്രിക്റ്റ് ഗവർണറായി ഷാജൻ ആനിത്തോട്ടം തെരഞ്ഞെടുക്കപ്പെട്ടു. ഹിൽട്ടൺ എംബസി സ്വീറ്റ്സ് ഡിയർഫീൽഡിൽ കഴിഞ്ഞ വാരാന്ത്യം നടന്ന 84-ാമത് ഡിസ്ട്രിക്റ്റ് കൺവൻഷനിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ലയൺ ചാൾസ് ലാൻസിംഗ് (ഡിസ്ട്രിക്റ്റ് ഗവർണർ), ലയൺ വിൻസന്റ് ലിയോണി (ഫസ്റ്റ് വൈസ് ഡിസ്ട്രിക്റ്റ് ഗവർണർ), ലയൺ ബിൽ സ്റ്റാൻലി (ഫൗണ്ടേഷൻ ട്രസ്റ്റി) എന്നിവരാണ് മറ്റ് ഭാരവാഹികൾ.



മുപ്പത് ക്ലബ്ബുകളും എണ്ണൂറിലധികം അംഗങ്ങളുമുള്ള ഡിസ്ട്രിക്റ്റ് വൺ എഫിന്റെ ഉന്നത പദവിലെത്തുന്ന ആദ്യ ഇന്ത്യക്കാരനാണ് ഷാജൻ ആനിത്തോട്ടം. സോൺ ചെയർമാൻ, റീജിയൻ ചെയർമാൻ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. കഴിഞ്ഞ നാലു വർഷമായി സ്കോക്കി ലയൺസ് ക്ലബ്ബിന്റെ പ്രസിഡന്റായി പ്രവർത്തിക്കുന്നു. (ശേഷം 12-ാം പേജിൽ)

## തെരഞ്ഞെടുപ്പ് ബോണ്ട് സംബന്ധിച്ച എല്ലാ വിവരങ്ങളും വെളിപ്പെടുത്തണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് ബോണ്ടുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും വെളിപ്പെടുത്തണമെന്നു സുപ്രീം കോടതി എസ്ബിഐക്ക് നിർദ്ദേശം നല്കി. കോടതി നിർദ്ദേശിച്ചാൽ മാത്രമേ വിവരങ്ങൾ വെളിപ്പെടുത്തൂ എന്ന നിലപാട് വേണ്ടെന്നും ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് പറഞ്ഞു.

തുടർന്ന് ഏതു രാഷ്ട്രീയ പാർട്ടിക്കാണ് ബോണ്ടുകൾ ലഭിച്ചതെന്നു തിരിച്ചറിയാനുള്ള ആൽഫ ന്യൂമറിക് നമ്പരുകൾ വെളിപ്പെടുത്താമെന്ന് എസ്ബിഐ വ്യക്തമാക്കി. ബോണ്ടുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും വെളിപ്പെടുത്തണം. ബോണ്ടുകൾ സംബന്ധിച്ച വിവരങ്ങളൊന്നും മറച്ചുവെച്ചിട്ടില്ലെന്നും വ്യക്തമാക്കി മാർച്ച് 21-നുള്ളിൽ സത്യവാങ് നല്കണമെന്നും ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് നിർദ്ദേശിച്ചു. തെരഞ്ഞെടുപ്പ് ബോണ്ടുകൾ സംബന്ധിച്ചു നല്കിയ വിവരങ്ങൾ പൂർണമല്ലെന്നു ചൂണ്ടിക്കാട്ടി സുപ്രീംകോടതി നേരത്തെ എസ്ബിഐക്ക് നോട്ടീസ് നല്കിയിരുന്നു. കോടതി ആവശ്യപ്പെട്ടാൽ മാത്രം ചില വിവരങ്ങൾ നല്കാം എന്ന നിലപാടാണ് എസ്ബിഐക്കുള്ളത്. അതിനായി കാത്തിരിക്കേണ്ടതില്ല. എല്ലാ വിവരങ്ങളും കൈമാറണം എന്നു കോടതി ആവശ്യപ്പെട്ടാൽ എല്ലാ വിവരങ്ങളും നല്കിയേ മതിയാകൂ എന്നും കോടതി പറഞ്ഞു.

തെരഞ്ഞെടുപ്പ് ബോണ്ടുകൾ സംബന്ധിച്ച ഏറ്റവും ചെറിയ വിവരം പോലും പുറത്തുവരണം. ചീഫ്ജസ്റ്റിസിനു പുറമെ ജഡ്ജിമാരായ സഞ്ജയ് ഖന്ന, ബി.ആർ. ഗവായ്, ജെ.ബി പർദിവാല, മനോജ് മിശ്ര എന്നിവരാണ് ഭരണഘടനാ ബെഞ്ചിലുള്ളത്. തെരഞ്ഞെടുപ്പ് ബോണ്ട് കേസിലെ വിധി സമൂഹമാധ്യമങ്ങളിൽ ആളുകൾ ദുരുപയോഗം ചെയ്യുമെന്ന കേന്ദ്രസർക്കാരിന്റെ വാദം സുപ്രീംകോടതി തള്ളി. കള്ളപ്പണം തടയുക എന്ന ലക്ഷ്യത്തോടെയാണ് തെരഞ്ഞെടുപ്പ് ബോണ്ടുകൾക്ക് രൂപം നല്കിയത്. എന്നാൽ, ഇതിന്മേലുള്ള സുപ്രീംകോടതി ഉത്തരവ് ഇപ്പോൾ മറ്റൊരു തരത്തിലാണ് പുറത്ത് വ്യാഖ്യാനിക്കുന്നതെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത പറഞ്ഞു. എന്നാൽ, കോടതിവിധി മൂന്നാമതൊരാൾ എങ്ങനെ വ്യാഖ്യാനിക്കുന്നു എന്നത് തങ്ങളുടെ വിഷയമല്ലെന്നാണ് ചീഫ് ജസ്റ്റീസ് പറഞ്ഞത്. നിയമവാഴ്ച ഉറപ്പാക്കുക എന്നതു മാത്രമാണ് ജഡ്ജിമാരുടെ ലക്ഷ്യം. കോടതി നിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടോ എന്നതു മാത്രമാണ് തങ്ങളുടെ പരിധിയിൽ വരുന്ന വിഷയമെന്നും അദ്ദേഹം പറഞ്ഞു.



### ഒരു രാജ്യം ഒറ്റത്തെരഞ്ഞെടുപ്പ്:

## കോവിന്ദ് സമിതി രാഷ്ട്രപതിക്ക് റിപ്പോർട്ട് നൽകി

ന്യൂഡൽഹി: ഇന്ത്യയിൽ പാർലമെന്റ്, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒന്നിച്ചു നടത്താനുള്ള ശിപാർശ മുൻ രാഷ്ട്രപതി റാം നാഥ് കോവിന്ദ് അധ്യക്ഷനായ ഉന്നതാധികാര സമിതി രാഷ്ട്രപതിക്കു നൽകി. ലോക്സഭയിലേക്കും നിയമസഭകളിലേക്കും ഒന്നിച്ചു തെരഞ്ഞെടുപ്പ് നടത്തിയശേഷം 100 ദിവസത്തിനുള്ളിൽ തദ്ദേശ തെരഞ്ഞെടുപ്പും നടത്താനാണു നിർദേശം. 2029 മുതൽ ഒറ്റത്തെരഞ്ഞെടുപ്പ് നടത്തണമെന്നു റിപ്പോർട്ടിലെവിടെയും പറഞ്ഞിട്ടില്ല. അതേസമയം, 2029-ൽ അധികാരത്തിലെത്തുന്ന കേരള സർക്കാരിന്റെ കാലാവധി മൂന്നുവർഷമായി ചുരുങ്ങും. ആർക്കും ഭൂരിപക്ഷം ലഭിക്കാത്ത ത്രിശങ്കുസഭ വരികയോ അവിശ്വാസ പ്രമേയത്തിലൂടെ സർക്കാർ പുറത്താകുകയോ ചെയ്താൽ ഇടക്കാല തെരഞ്ഞെടുപ്പ് നടത്താനാണു ശിപാർശ. എന്നാൽ, തുടർന്ന് തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് അടുത്ത പൊതുതെരഞ്ഞെടുപ്പുവരെ മാത്രമാകും കാലാവധി. ലോക്സഭയിലേക്കും നിയമസഭകളിലേക്കും ഒന്നിച്ചു തെരഞ്ഞെടുപ്പുനടത്താൻ സംസ്ഥാനങ്ങളുടെ അനുമതി വേണ്ടെന്നു വ്യക്തമാക്കി ഇതിനാവശ്യമായ ഭരണഘടനാ ഭേദഗതികൾ സമിതി നിർദേശിച്ചിട്ടുണ്ട്. തദ്ദേശ തെരഞ്ഞെടുപ്പിനു സംസ്ഥാന നിയമസഭകളുടെ അനുമതി വേണമെന്നും 18,626 പേജുള്ള റിപ്പോർട്ടിലുണ്ട്. മറ്റു ശിപാർശകൾ: ഒറ്റ വോട്ടർപട്ടികയും ഒറ്റ തിരിച്ചറിയൽകാർഡും വേണം. നിർദേശങ്ങൾ നടപ്പാക്കാൻ പ്രത്യേക സമിതിയെനിയോഗിക്കണം. കണക്കെടുപ്പുനടത്തി വോട്ടിങ് യന്ത്രങ്ങളുടെയും വിവിപാറ്റിന്റെയും ലഭ്യത, സുരക്ഷാ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കണം.



# പത്തു പാർട്ടികൾ ഇലക്ടറൽ ബോണ്ട് വിവരം വെളിപ്പെടുത്തി

ന്യൂഡൽഹി: ഇലക്ടറൽ ബോണ്ട് വഴി ആരിൽനിന്നാണു സംഭാവന ലഭിച്ചതെന്നു തെരഞ്ഞെടുപ്പു കമ്മീഷനെ അറിയിച്ചത് 10 പാർട്ടികൾ മാത്രം. ബിജെപിയും കോൺഗ്രസും അടക്കം ഭൂരിപക്ഷം പാർട്ടികളും കമ്മീഷനുള്ള കത്തിൽ ഇക്കാര്യം ഒഴിവാക്കി. ഇലക്ടറൽ ബോണ്ട് കേസിൽ തെരഞ്ഞെടുപ്പു കമ്മീഷൻ രണ്ടു ഘട്ടമായി (2019-ലും 2023-ലും) സുപ്രീം കോടതിയിൽ രഹസ്യരേഖയായി നൽകിയ വിവരങ്ങളാണ് മാർച്ച് 17-ന് കമ്മീഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. ഇതിനിടെ, ബോണ്ടുകളുടെ സമ്പൂർണ വിവരം കൈമാറാൻ എസ്ബിഐയോടു നിർദേശിച്ച സുപ്രീം കോടതി കേസ് പിന്നീട് പരിഗണിക്കും.

എൻസിപി, ആംആദ്മി പാർട്ടി, എസ്പി, ജെഡിയു എന്നിവ 2019 വരെയുള്ള വിവരങ്ങളും ഡിഎംകെ, ജെഡിഎസ്, അണ്ണാ ഡിഎംകെ, സിക്കിം ഡെമോക്രാറ്റിക് ഫ്രണ്ട്, നാഷണൽ കോൺഫറൻസ്, ഗോവയിലെ എംജിപി എന്നീ കക്ഷികൾ 2023 വരെയുള്ള വിവരങ്ങളും കമ്മീഷനെ അറിയിച്ചു. ലഭിച്ച തുക പറയുന്നുണ്ടെങ്കിലും പല പാർട്ടികളും നൽകിയ കത്തുകളിൽ വിവരങ്ങൾ അപൂർണമാണ്. തപാൽ വഴിയാണു ബോണ്ടുകൾ ലഭിച്ചതെന്നും അതിനാൽ സംഭാവന നൽകിയവരുടെ പേര് അറിയില്ലെന്നും വരെ വിശദീകരണം നൽകിയ പാർട്ടികളുണ്ട്.

ബോണ്ട് വഴി ഏറ്റവുമധികം സംഭാവന നൽകിയ ഫ്യൂച്ചർ ഗെയിമിങ് ആൻഡ് ഹോട്ടൽ സർവീസസ് ഡിഎംകെയ്ക്കു 509 കോടി രൂപ നൽകിയതായി പാർട്ടി കമ്മീഷനെ അറിയിച്ചു. കമ്പനി ആകെ സംഭാവന ചെയ്ത 1368 കോടി രൂപയിൽ ബാക്കി തുക ഏതു പാർട്ടിക്കാണു കിട്ടിയതെന്നു വ്യക്തമല്ല.

ഉയർന്ന സംഭാവന നൽകിയവരുടെ പട്ടികയിൽ രണ്ടാമതുള്ള മേഘ എഞ്ചിനീയറിങ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഡിഎംകെയ്ക്ക് 105 കോടി രൂപയും ജെഡിഎസിന് 50 കോടിയും നൽകിയെന്നു വ്യക്തമായി.

സിപിഎം, സിപിഐ എന്നിവ ബോണ്ട് സ്വീകരിക്കില്ലെന്ന നിലപാടുള്ളവരാണ്. മുസ്‌ലിം ലീഗ്, കേരള കോൺഗ്രസ് (എം), എഐഎംഐഎം, ഐഎൻഎൽഡി, ബിഎസ്പി എന്നിവയ്ക്ക് ഇലക്ടറൽ ബോണ്ട് വഴി പണം ലഭിച്ചിട്ടില്ല.

ഇലക്ടറൽ ബോണ്ട് കേസിൽ സുപ്രീം കോടതിയുടെ നിർദേശപ്രകാരം എസ്ബിഐ കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷനു കൈമാറിയത് 2019 ഏപ്രിൽ മുതൽ വിറ്റ 22,217 ഇലക്ടറൽ ബോണ്ടുകളുടെ വിവരങ്ങൾ. ഇതിൽ 22,030 ബോണ്ടുകൾ വിവിധ പാർട്ടികൾ പണമാക്കി മാറ്റിയെടുത്തതായി സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ എസ്ബിഐ വ്യക്തമാക്കി. 2019-നു മുൻപുള്ള ഇലക്ടറൽ ബോണ്ടുകളുടെ വിവരങ്ങൾ കമ്മീഷന്റെ പക്കലുണ്ട്. ഇവ കൂടി പ്രസിദ്ധീകരിക്കാനും നിർദേശിച്ചിട്ടുണ്ട്.

ഇലക്ടറൽ ബോണ്ട് സംബന്ധിച്ച് എസ്ബിഐ നല്കിയ വിവരങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷൻ പരസ്യപ്പെടുത്തിയിരുന്നു. വൻകിട കമ്പനികൾ കോടിക്കണക്കിനു രൂപയാണ് ഇലക്ടറൽ ബോണ്ടിൽ മുടക്കിയിരിക്കുന്നത് എന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. സാന്റിയാഗോ മാർട്ടിന്റെ ഫ്യൂച്ചർ ഗെയിമിംഗ് ആൻഡ് ഹോട്ടൽസ് കമ്പനിയാണ് ഏറ്റവും കൂടുതൽ തുകയുടെ ബോണ്ടുകൾ വാങ്ങിയിരിക്കുന്നത്.

ഹൈവേ, ടണൽ നിർമാണ കമ്പനികളും കോവിഡ് വാക്സിൻ നിർമാണ കമ്പനികളും കോടിക്കണക്കിനു രൂപയുടെ ബോണ്ടുകൾ വാങ്ങിയിട്ടുണ്ട്. കൂടാതെ സാമ്പത്തിക ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വിവിധ ഏജൻസികൾ പരിശോധനകൾ നടത്തിയ കമ്പനികളും വൻ തുകകളുടെ ബോണ്ടുകൾ വാങ്ങിയിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾ പണമാക്കി മാറ്റാത്ത ബോണ്ടുകൾ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകിയിട്ടുണ്ടെന്നും ഇലക്ഷൻ കമ്മീഷൻ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ വ്യക്തമാക്കുന്നു.

ബോണ്ടുകളിൽനിന്ന് ഏറ്റവുമധികം സംഭാവന കിട്ടിയിരിക്കുന്നത് ബിജെപിക്കാണ്. ആകെ സംഭാവനയുടെ 46.7 ശതമാനമാണു കിട്ടിയത്. മറ്റു പാർട്ടികൾക്കു ലഭിച്ചത് ബിജെപിയെ അപേക്ഷിച്ച് വളരെ കുറവാണ്.

2019 ഏപ്രിൽ 12 മുതൽ ഓരോ സ്ഥാപനവും വ്യക്തിയും വാങ്ങിയ ഒരു ലക്ഷം, പത്തു ലക്ഷം, ഒരു കോടി എന്നിങ്ങനെ മൂന്നു മൂല്യങ്ങളിലുള്ള ബോണ്ടുകളുടെ വിവരമാണു പ്രസിദ്ധീകരിച്ചിരിക്കുന്നത്.

രണ്ടു പട്ടികകളാണു പ്രസിദ്ധീകരിച്ചിരിക്കുന്നത്. ആദ്യത്തേത് ബോണ്ടുകൾ വാങ്ങിയ കമ്പനികളുടേതാണ്. അവയുടെ മൂല്യം തീയതി എന്നിവയും രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തേതിൽ രാഷ്ട്രീയ പാർട്ടികളുടെ പേരുകളും ബോണ്ടുകളുടെ മൂല്യവും അവ എൻകാഷ് ചെയ്ത തീയതികളും ഉണ്ട്. എന്നാൽ ഓരോ പാർട്ടിക്കും ആരുടെയെല്ലാം പണം ലഭിച്ചുവെന്ന വിവരമില്ല.

## ഇന്ത്യാ സഖ്യത്തിന്റെ കരുത്തറിയിച്ച് മുംബൈ റാലി

മുംബൈ: തെരഞ്ഞെടുപ്പു പ്രചാരണത്തിന് കേളികൊട്ടുയർന്നിരിക്കെ പ്രതിപക്ഷ ഇന്ത്യാസഖ്യത്തിന്റെ ശക്തിപ്രകടനമായി മുംബൈ റാലി. രാഹുൽ ഗാന്ധിയുടെ 63 ദിവസം നീണ്ടുനിന്ന ഭാരത് ജോഡോ ന്യായ് യാത്രയുടെ സമാപനത്തോടനുബന്ധിച്ചു മാർച്ച് 17-നു മുംബൈ ശിവാജി പാർക്കിൽ നടന്ന മഹാറാലിയിൽ പതിനായിരങ്ങളാണ് അണിനിരന്നത്.



പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരെ രൂക്ഷവിമർശനവുമായാണു യാത്ര നയിച്ച രാഹുൽ ഗാന്ധി സദസിനെ അഭിസംബോധന ചെയ്തത്. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും ഇഡിയും സിബിഐയും ആദായനികുതി വകുപ്പും ഇല്ലെങ്കിൽ മോദിക്ക് ലോക്സഭാ തെരഞ്ഞെടുപ്പിൽ വിജയിക്കാനാകില്ലെന്ന് രാഹുൽ വിമർശിച്ചു. അഴിമതി കുത്തകയാക്കിയ, വെറുമൊരു മുഖംമൂടി മാത്രമാണ് മോദി. എല്ലാവരും ചേർന്ന് ഒരു പാർട്ടിയെ എതിർക്കുക എന്നതല്ല ഇന്ത്യയിൽ നടക്കുന്നത്. മോദിയെ എതിർക്കാൻ ഒരുമിക്കുകയുമല്ല, മറിച്ച് ഒരു ശക്തിയെയാണ് നമ്മൾ എതിർക്കുന്നത്: രാഹുൽ വ്യക്തമാക്കി. ജനത നേരിടുന്ന പ്രധാനപ്രശ്നങ്ങളെ മാധ്യമങ്ങൾ പോലും ഏറ്റെടുക്കുന്നില്ല. തൊഴിലില്ലായ്മ, പണപ്പെരുപ്പം, കർഷകരുടെ പ്രശ്നങ്ങൾ, അഗ്നിവീർ തുടങ്ങിയവയൊന്നും മാധ്യമങ്ങൾ ചർച്ച ചെയ്യുന്നില്ല. ഈ സാഹചര്യത്തിലാണ് യാത്ര തുടങ്ങിയതും പോരാട്ടം ഏറ്റെടുത്തതും: രാഹുൽ പറഞ്ഞു.

കോൺഗ്രസ് നേതാക്കളും ശിവസേന ഉദ്ധവ് വിഭാഗം അധ്യക്ഷൻ ഉദ്ധവ് താക്കറെ, ഡിഎംകെ അധ്യക്ഷനും തമിഴ്നാട് മുഖ്യമന്ത്രിയുമായ എം.കെ. സ്റ്റാലിൻ, ആം ആദ്മി പാർട്ടി നേതാവ് സൗരഭ് ഭരദ്വാജ് തുടങ്ങിയ നേതാക്കളുടെ വൻനിരയാണു റാലിയിൽ അണിനിരന്നത്. അതേസമയം, സിപിഎം, സിപിഐ പാർട്ടികൾ റാലിയിൽ നിന്ന് വിട്ടുനിന്നു.

സിപിഎമ്മിന്റെ സിറ്റിംഗ് സീറ്റായ ആലപ്പുഴയിൽ എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ മത്സരിക്കുന്നതിലും വയനാട്ടിൽ രാഹുൽ ഗാന്ധി മത്സരിക്കുന്നതിലും പ്രതിഷേധിച്ചാണു ബഹിഷ്കരണമെന്നാണു സൂചന.

മണിപ്പൂരിലെ ഇംഫാലിൽനിന്ന് ജനുവരി 14-നാണ് ഭാരത് ജോഡോ ന്യായ് യാത്ര ആരംഭിച്ചത്.

## തെരഞ്ഞെടുപ്പിന് മുൻപ് പ്രഖ്യാപനപ്പെരുമഴ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പു പ്രഖ്യാപനദിവസമായ മാർച്ച് 16-ന് രാവിലെ മുതൽ പ്രഖ്യാപനങ്ങളുടെ പെരുമഴയുമായി ധനമന്ത്രി കെ.എൻ. ബാലഗോപാൽ. തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനു തൊട്ടു മുമ്പുവരെയായിരുന്നു ആനുകൂല്യങ്ങളുടെ പ്രഖ്യാപനം.

ബജറ്റിൽ പ്രഖ്യാപിച്ചതുപോലെ റബർ സബ്സിഡി 180 രൂപയാക്കി ഉയർത്തിയും കേരളത്തിലെ റബർ കർഷകർക്ക് ഉത്പാദനബോണസ് ഇനത്തിൽ നൽകുന്നതിന് 24.48 കോടി രൂപ കൂടി അനുവദിച്ചും ഉത്തരവിറക്കി. വിരമിച്ച ജീവനക്കാർക്കും അധ്യാപകർക്കും പതിനൊന്നാം പെൻഷൻ പരിഷ്കരണ കുടിശികയുടെ മൂന്നാം ഗഡു വിതരണം ചെയ്യുന്നതിനായി 628 കോടി രൂപ അനുവദിച്ചു.

വീടില്ലാത്തവർക്കു വീടും, വീടും ഭൂമിയുമില്ലാത്തവർക്ക് പാർപ്പിടവും നൽകുന്ന ലൈഫ് മിഷൻ പദ്ധതിക്ക് 130 കോടികൂടി അനുവദിച്ചു. ഈയിടെ പ്രഖ്യാപിച്ച മൂന്നു മാസത്തെ ക്ഷേമപെൻഷൻ വിതരണ ഇൻസെന്റീവ് ഇനത്തിൽ 12.88 കോടിയും അനുവദിച്ചു. കേരള സർക്കാർ ജീവനക്കാർക്ക് അടുത്ത സാമ്പത്തികവർഷം ലീവ് സറണ്ടർ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുമെന്ന വൻ പ്രഖ്യാപനവുമുണ്ടായി.

എൻഎച്ച്എം, ആശാ പ്രവർത്തകരുടെ ശമ്പളവും ഓണറേറിയവും വിതരണം ചെയ്യാൻ 40 കോടി അനുവദിച്ചു. കേരളത്തിൽ എൻഎച്ച്എം പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ അനുവദിച്ച തുകയും നാലുമാസമായി ലഭ്യമാക്കാത്ത സാഹചര്യമാണുള്ളത്.

ഇതുമൂലം എൻഎച്ച്എം ജീവനക്കാർക്കും ആശാവർക്കർമാർക്കും ശമ്പളവും പ്രതിഫലവും കുടിശികയായി. ഈ സാഹചര്യത്തിലാണ് അടുത്ത വർഷത്തെ സംസ്ഥാന വിഹിതത്തിൽനിന്ന് അടിയന്തരമായി തുക അനുവദിക്കാൻ കേരള സർക്കാർ തീരുമാനിച്ചതെന്നും മന്ത്രി പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 12
March 22, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid
Chicago, Illinois and additional
mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

പുകഴ്ത്തുന്നവന് സുഹൃത്തുക്കളെ ലഭിക്കുന്നു. സത്യം പറയുന്നവന് എതിരാളികളെയും.
**ജോർജ് ഹെർബർട്ട്**

അത്യാഗ്രഹി വിശന്ന ഭ്രാന്തനെപ്പോലെയാണ്. നിയമങ്ങൾക്കൊന്നും അവൻ വിധേയനല്ല.
**ജോഷ് ബില്ലിംഗ്സ്**


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing


Michael Crifase
Steve Crifase
LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
Trusted Representation
Achieves Aggressive Financial Results
★Over $ 50M Recovered and Collected For Our Clients
★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★Free Confidential Consultation On All Matters Home Visits Available
★Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Crifase Law Firm
Michael Crifase and Steven Crifase
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511,
Fax: (312) 855- 0537
A+ Rating
Better Business Bureau
AV PREEMINENT
Peer Rated for Highest Level of Professional Excellence
2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# വെല്ലുവിളിയാകുന്ന പൗരത്വം

ഒരു മതനിരപേക്ഷരാജ്യത്തെ ഭരണകൂടം ഒരിക്കലും ആവിഷ്കരിച്ചുകൂടാത്തൊരു നിയമം 2020 ജനുവരി പത്തിന് ഇന്ത്യയിലെ ബിജെപി സർക്കാർ വിജ്ഞാപനംചെയ്തു. പൗരത്വ ഭേദഗതി നിയമം (സിറ്റിസൺഷിപ്പ് അമെൻഡ്മെന്റ് ആക്ട്-സിഎഎ) എന്നാണ് അത് അറിയപ്പെട്ടത്. 2019 ഡിസംബർ 11-ന് പാർലമെന്റ് പാസാക്കുകയും 13-ന് അന്നത്തെ രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഒപ്പുവെക്കുകയും ചെയ്ത നിയമമാണു തൊട്ടടുത്ത മാസം വിജ്ഞാപനം ചെയ്യപ്പെട്ടത്. നാലുവർഷത്തിലേറെ പിന്നിട്ടശേഷം, ഈയിടെ ഈ നിയമം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ കേന്ദ്രസർക്കാർ വിജ്ഞാപനംചെയ്തു. വരുന്ന പൊതുതെരഞ്ഞെടുപ്പിൽ രാഷ്ട്രീയനേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രഭരണകക്ഷിയുടെ ഈ നീക്കമെന്നു വ്യക്തം.

പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്നുള്ള മുസ്‌ലിങ്ങൾ ഒഴികെ ആറ് മതങ്ങളിൽപ്പെട്ടവർക്ക് ഇന്ത്യൻ പൗരത്വം നൽകുന്നതിനുള്ളതാണു ചട്ടങ്ങൾ. 2019 ഡിസംബറിലാണ് മതാടിസ്ഥാനത്തിലുള്ള പൗരത്വമെന്ന വിവാദ വിഷയവുമായി കേന്ദ്രസർക്കാർ പാർലമെന്റിലെത്തിയത്. പാർലമെന്റ് പാസാക്കിയ പൗരത്വ ഭേദഗതി നിയമത്തിന് 2019 ഡിസംബർ 12-നു രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. അതിനുള്ള ചട്ടങ്ങളാണിപ്പോൾ വിജ്ഞാപനം ചെയ്തിരിക്കുന്നത്. നിയമത്തിനെതിരെ അന്നു രാജ്യവ്യാപകമായി ഉയർന്ന പ്രതിഷേധങ്ങൾ ഇപ്പോൾ വീണ്ടും ശക്തമായിരിക്കുന്നു.

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ സമയക്രമം പ്രഖ്യാപിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ, ഇപ്പോഴത്തെ വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ മുന്നോട്ടുവെക്കുന്ന സന്ദേശത്തിലാണ് ആശങ്ക. ഇത്തരത്തിൽ പൗരത്വ വ്യവസ്ഥകളുണ്ടാക്കുമെന്നത് 2019-ൽ ബിജെപിയുടെ തെരഞ്ഞെടുപ്പു വാഗ്ദാനമായിരുന്നു. എത്ര എതിർപ്പുണ്ടെങ്കിലും നിശ്ചയിച്ചതു നടപ്പാക്കുമെന്നു തന്നെയാണ് ഈ വിജ്ഞാപനത്തിലൂടെ സർക്കാർ പറയാതെ പറയുന്നത്. എന്നാൽ, ലോക്സഭാ തെരഞ്ഞെടുപ്പിൽ ധ്രുവീകരണം ലക്ഷ്യമിട്ടാണ് കേന്ദ്ര സർക്കാർ ഇപ്പോൾ നിയമം നടപ്പാക്കുന്നതെന്നാണു കോൺഗ്രസിന്റെ ആരോപണം. തെരഞ്ഞെടുപ്പിനു മുൻപുള്ള രാഷ്ട്രീയ നാടകമാണിതെന്നും ആരോപിക്കപ്പെടുന്നു.

ഭരണഘടനാതത്വങ്ങൾക്കു വിരുദ്ധമല്ല പൗരത്വ ഭേദഗതി നിയമമെന്നാണ് സുപ്രീം കോടതിയിലുൾപ്പെടെ കേന്ദ്ര സർക്കാർ വാദിച്ചത്. പൗരത്വം നൽകുന്നതിനുള്ളതാണ്, എടുത്തുകളയാനുള്ളതല്ല പുതിയ വ്യവസ്ഥകളും ചട്ടങ്ങളുമെന്നും മൂന്നു രാജ്യങ്ങളിൽ പീഡനം നേരിടുന്ന ന്യൂനപക്ഷങ്ങൾക്ക് അഭയം നൽകുകയാണു ലക്ഷ്യമെന്നും കേന്ദ്രസർക്കാർ പറയുന്നു. എന്നാൽ, മതനിരപേക്ഷ രാജ്യത്ത് മതാടിസ്ഥാനത്തിൽ പൗരത്വം നൽകുന്നുവെന്നതാണ് നിയമത്തിനെതിരെ ഉയരുന്ന പ്രധാന വിമർശനം.

ഒരു മതനിരപേക്ഷരാജ്യത്ത് മതത്തെ ആധാരമാക്കി പൗരത്വം അനുവദിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നത് ശരിയാണോ എന്നതാണ് ഈ നിയമം ഉയർത്തുന്ന ഏറ്റവും അടിസ്ഥാനപരമായ ചോദ്യം. മതനിരപേക്ഷത ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനതത്ത്വങ്ങളിലൊന്നാണെന്നു സുപ്രീം കോടതിതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രമല്ല, ഈ നിയമം ഭരണഘടനയുടെ 14-ാം വകുപ്പ് മുന്നോട്ടുവെക്കുന്ന തുല്യതയ്ക്കുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

അസമിലെയും പശ്ചിമബംഗാളിലെയും അഭയാർത്ഥി ഹിന്ദുക്കൾക്ക് പൗരത്വവും വോട്ടവകാശവും നൽകുന്നത് ഭാവിയിൽ രാഷ്ട്രീയനേട്ടമാകുമെന്ന് ബിജെപി കണക്കുകൂട്ടുന്നു. അസമിലും മറ്റു വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും തദ്ദേശീയവിഭാഗക്കാർ സിഎഎയോടു പ്രതിഷേധമുയർത്തുന്നതിനെ പാർട്ടിയും കേന്ദ്രസർക്കാരും ഗൗനിക്കാത്തത് അക്കാരണത്താലാണ്. അതേസമയം, സിഎഎയുടെ തുടർച്ചയായി, മുസ്‌ലിം അഭയാർത്ഥികളെ വിവേചനത്തോടെ സമീപിക്കുന്ന ദേശീയ പൗരത്വ രജിസ്റ്റർപോലുള്ള നീക്കങ്ങളിലേക്കു കേന്ദ്രസർക്കാർ കടക്കുമോ എന്ന ആശങ്ക പ്രബലമാണ്. ആർക്കും പൗരത്വം നിഷേധിക്കലല്ല സിഎഎയുടെ ഉദ്ദേശ്യമെന്ന കേന്ദ്രസർക്കാരിന്റെ അവകാശവാദത്തിൽ തെളിയുന്നത് നിഷ്കളങ്കതയല്ല, കാപട്യമാണ്. ആർക്കെങ്കിലും പൗരത്വം നൽകുന്നതിലല്ല, അങ്ങനെ ചെയ്യുന്നത് മതപരിഗണനയിലാകുന്നതിലാണു തകരാറെന്ന് സിഎഎയെ എതിർക്കുന്നവർ പറയുന്നതിലാണു പൊരുൾ.

പക്ഷപാതവും വിഭാഗീയവുമായ ഈ നിയമം ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഏറ്റവും നീതിയുക്തമായൊരു ഉത്തരവ് അവിടെനിന്നുണ്ടാകുമെന്നു പ്രതീക്ഷിക്കാം. പൗരത്വ ഭേദഗതി നിയമത്തിനു ഭരണഘടനാപരമായ സാധുതയുണ്ടെന്നു സുപ്രീം കോടതി വിധിക്കുന്നപക്ഷം, മതം മാത്രം മാനദണ്ഡമാകുന്ന മറ്റു പല നടപടികളും അതിനു പിന്നാലെ ഉണ്ടായേക്കാമെന്ന ആശങ്ക അതീവ ഗൗരവമുള്ളതാണ്.

# ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്: ചെലവ് ഓരോ 15 വർഷവും 10,000 കോടി

ന്യൂഡൽഹി: ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും ഒരേസമയം തെരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ പുതിയ ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ (ഇവിഎം) വാങ്ങാൻ തെരഞ്ഞെടുപ്പ് കമ്മീഷനു ഓരോ 15 വർഷവും 10,000 കോടി രൂപ വേണ്ടിവരും.

ഇവിഎമ്മുകളുടെ ആയുസ് 15 വർഷമാണ്. ഒരേസമയം തെരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ ഒരു സെറ്റ് മെഷീനുകൾ മൂന്ന് തവണ മാത്രമേ ഉപയോഗിക്കാൻ കഴിയുവെന്നാണു തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാട്. വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനായി ഇന്ത്യയിൽ 11.8 ലക്ഷം പോളിങ് സ്റ്റേഷനുകൾ വേണ്ടിവരുമെന്നാണു കണക്കാക്കിയത്.

ഒരേസമയം വോട്ടെടുപ്പ് നടത്തുമ്പോൾ, ഓരോ പോളിങ് സ്റ്റേഷനും രണ്ട് സെറ്റ് ഇവിഎമ്മുകൾ ആവശ്യമാണ്. ഒന്ന് ലോക്സഭാ സീറ്റിലേക്കും മറ്റൊന്ന് നിയമസഭാ നിയോജകമണ്ഡലത്തിലേക്കും.

മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, തെരഞ്ഞെടുപ്പ് ദിവസം ഉൾപ്പെടെ വിവിധ ഘട്ടങ്ങളിൽ തകരാറുള്ള യൂണിറ്റുകൾ മാറ്റിസ്ഥാപിക്കാൻ നിശ്ചിത ശതമാനം കൺട്രോൾ യൂണിറ്റുകൾ (സിയു), ബാലറ്റ് യൂണിറ്റുകൾ (ബിയു), വോട്ടർ വെരിഫയബിൾ പേപ്പർ ഓഡിറ്റ് ട്രയൽ (വിവിപാറ്റ്) മെഷീനുകൾ കരുതൽ ശേഖരമായി ആവശ്യമാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. കുറഞ്ഞത് ഒരു ബാലറ്റ് യൂണിറ്റ്, ഒരു കൺട്രോൾ യൂണിറ്റ്, ഒരു വിവിപാറ്റ് മെഷീൻ എന്നിവ ഒരു ഇവിഎമ്മിന് ആവശ്യമാണ്.

ഒരു ബാലറ്റ് യൂണിറ്റിന് 7,900 രൂപ, കൺട്രോൾ യൂണിറ്റിനു 9,800 രൂപ, വിവിപാറ്റിന് 16,000 രൂപ എന്നിങ്ങനെയായിരുന്നു 2023-ന്റെ തുടക്കത്തിൽ ഇവിഎമ്മിന്റെ ചെലവ്.

അധിക പോളിങ്/സുരക്ഷാ ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമാകും. ഇവിഎമ്മുകൾ സൂക്ഷിക്കാൻ കൂടുതൽ കേന്ദ്രങ്ങൾ, കൂടുതൽ വാഹനങ്ങൾ എന്നിവയും അധികച്ചെലവാകും.

ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും ഒരേസമയം തെരഞ്ഞെടുപ്പ് നടത്താൻ ഭരണഘടനയുടെ അഞ്ച് അനുച്ഛേദങ്ങളിൽ ഭേദഗതികൾ ആവശ്യമാണെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷിച്ചു.




പാർലമെന്റിന്റെ സഭകളുടെ കാലാവധിയുമായി ബന്ധപ്പെട്ട ആർട്ടിക്കിൾ 83, രാഷ്ട്രപതി ലോക്സഭ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട ആർട്ടിക്കിൾ 85, സംസ്ഥാന നിയമസഭകളുടെ കാലാവധിയുമായി ബന്ധപ്പെട്ട ആർട്ടിക്കിൾ 172, സംസ്ഥാന നിയമസഭകൾ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട ആർട്ടിക്കിൾ 174, സംസ്ഥാനങ്ങളിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ആർട്ടിക്കിൾ 356 എന്നിവയാണു ഭേദഗതി ആവശ്യമുള്ള വ്യവസ്ഥകൾ.

കൂറുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ അയോഗ്യരാക്കുന്നതുമായി ബന്ധപ്പെട്ട ഭരണഘടനയുടെ പത്താം ഷെഡ്യൂളിലും ആവശ്യമായ മാറ്റങ്ങൾ ആവശ്യമാണെന്നും കമ്മീഷൻ വ്യക്തമാക്കിയിരുന്നു.

# പ്രതീക്ഷകൾക്ക് ചിറകേകി ശബരിമല വിമാനത്താവളം

എരുമേലി: ശബരി ഗ്രീൻ ഫീൽഡ് വിമാനത്താവളം നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കലിനായി വിജ്ഞാപനവും ഇറങ്ങിയതോടെ മലയോര മേഖലയുടെ പ്രതീക്ഷകൾക്കും പുത്തനുണർവ്. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ ഉണ്ടാകാതിരുന്നാൽ മുൻ നിശ്ചയ പ്രകാരം 2027-ൽ തന്നെ മലയോര മേഖലയിൽ ആദ്യവിമാനം ഇറങ്ങിയേക്കും.

ആദ്യം ആറന്മുളയിലായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഇത് നടക്കാതെ വന്നതോടെ അടുത്ത അനുയോജ്യസ്ഥലത്തിന് അന്വേഷണമായി. കോന്നി ഉൾപ്പെടെ പല സ്ഥലങ്ങളും പരിഗണനയിൽ വന്നെങ്കിലും അവസാനം മണിമല, എരുമേലി സൗത്ത് വില്ലേജുകളിൽ ഉൾപ്പെട്ട ചെറുവള്ളി റബ്ബർ എസ്റ്റേറ്റിൽ അന്വേഷണം അവസാനിക്കുകയായിരുന്നു. സ്ഥലം ലഭ്യത, ആളുകളെ കുടിയൊഴിപ്പിക്കുന്നതിലെ കുറവ്, ശബരിമലയുടെ സാമീപ്യം എന്നിവയെല്ലാം അന്വേഷണം ചെറുവള്ളിയിൽ എത്താൻ കാരണങ്ങളായി.





കേരളത്തിൽനിന്നും ഏറ്റവും കൂടുതൽ ആളുകൾ വിദേശത്തുള്ള കോഴഞ്ചേരി, തിരുവല്ല, റാന്നി, പത്തനംതിട്ട മേഖലയിൽ ഉള്ളവർക്ക് ഏറ്റവും അടുത്ത വിമാനത്താവളം എന്നതും എരുമേലിക്ക് തുണയായി. കേരളത്തിലെ തന്നെ ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികൾ എത്തുന്ന ഇടുക്കി ജില്ലയോട് ഏറ്റവും അടുത്ത സ്ഥലം എന്ന പരിഗണന ഇവയെല്ലാം എരുമേലിക്കു തുണയായി.

നിലവിൽ ഈ സ്ഥലങ്ങളിൽനിന്ന് വിദേശത്ത് ജോലി ചെയ്യുന്നവരും തേക്കടി, മൂന്നാർ, വാഗമൺ എന്നിവിടങ്ങളിലേക്ക് എത്തുന്ന ആഭ്യന്തര-വിദേശ വിനോദ സഞ്ചാരികളും വർഷാവർഷം മലേഷ്യ, സിങ്കപ്പൂർ, ശ്രീലങ്ക (സാമ്പത്തിക പ്രശ്നങ്ങളെ തുടർന്ന് ഇത്തവണ ശ്രീലങ്കയിൽ നിന്നുള്ളവർ കുറവായിരുന്നു), വടക്കേന്ത്യൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നെല്ലാമെത്തുന്ന ആയിരക്കണക്കിന് ശബരിമല തീർത്ഥാടകർ എന്നിവരെല്ലാം ആശ്രയിക്കുന്നത് 200 കിലോമീറ്ററിലധികം ദൂരമുള്ള തിരുവനന്തപുരം, നെടുമ്പാശേരി വിമാനത്താവളങ്ങളെയാണ്.

തുടക്കത്തിൽ ആഭ്യന്തര വിമാനത്താവളമാണ് നിശ്ചയിച്ചതെങ്കിലും പിന്നീട് അന്താരാഷ്ട്ര വിമാനത്താവളം എന്ന നിലയിലേക്ക് പദ്ധതി ഉയരുകയായിരുന്നു. വിമാനത്താവളത്തിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രത്യേക പരിഗണന തുടക്കം മുതൽ ശക്തവുമായിരുന്നു. ഇതിന്റെ ഫലമായി കേരള സർക്കാർ ചെയ്യേണ്ട കാര്യങ്ങൾക്ക് വേഗത കൈവരികയും ചെയ്തു.

വ്യവഹാരങ്ങളുടെ നടത്തിപ്പ്, വിവിധ പഠനങ്ങൾ, ഉദ്യോഗസ്ഥ തലത്തിലുള്ള നിയമനങ്ങൾ - ഇവരുടെ തീരുമാനങ്ങൾ പ്രാവർത്തികമാക്കൽ എന്നിവയെല്ലാം സമയബന്ധിതമായി നടന്നു. ഇനിയുള്ളത് വിജ്ഞാപനത്തിലെ കാര്യങ്ങളുടെ നടപ്പാക്കലാണ്. ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ അവകാശികൾ അവരുടെ അവകാശം സംബന്ധിച്ച രേഖകൾ ഉറപ്പാക്കണം. എങ്കിൽ മാത്രമേ സർക്കാർ നിശ്ചയിച്ച നഷ്ടപരിഹാരം അവർക്ക് ലഭ്യമാകൂ. തുടർനടപടികളിൽ ഉണ്ടായേക്കാവുന്ന കോടതി വ്യവഹാരങ്ങൾ പദ്ധതിക്ക് താലതാമസം വരുത്താവുന്ന ഘടകമാണ്. ഇവയും മറികടക്കണം.


Ultimate Vacation Packages!
www.faithholidays.com
Limited Time Offer!
$400 OFF
Per Couple
Use Code: TRAVELNOW
CALL: 1-888-91-FAITH
June 2024
14 DAYS
10 Countries
GRAND TOUR OF
EUROPE
July 2024
09 DAYS
HIGHLIGHTS OF
COSTARICA
August 2024
14 DAYS
6 Countries
SCANDINAVIA &ICELAND
MORE TOURS COMING SOON.
November 2024
18 DAYS
Splendors of
AUSTRALIA &NEWZEALAND
FAITH HOLIDAYS
America's Finest Tour Operator
New York: 1700 Central Park, Suite E Yonkers, New York 10710 | Florida: 9710 Strling Road, Suite 109 Cooper City, FL-33024


നിങ്ങൾ ഇന്നും
പുനരുദ്ധാനത്തിൽ
വിശ്വസിക്കുന്നുവോ ?
Do you still believe in
bodily resurrection?
ഈ സുപ്രധാന ചോദ്യത്തിനു
മറുപടി നൽകുന്ന പുസ്തകം.
ഇംഗ്ലീഷ് ആമസോണിൽ
ലഭ്യമാണ്.
മലയാളം ഞങ്ങളിൽ നിന്നും
ലഭിക്കും.
വില $15.00
RETHINKING
RESURRECTION
A Closer Look at the Future
Hope of All Believers
SUNNY PHILIP
DR. SUNNY PHILIP
Pastor, author,
conference speaker
Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com


MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED
MEDICARE
Medicare coverage can be confusing and it is important
to make the best decision for you and your health.
There are four different parts of Medicare:
Part A
Hospital Insurance
Part C
$0 Premium Medicare Advantage Plans
Part B
Medical Insurance
Part D
Prescription Drug Coverage
Medicare Supplement Plans Offered by
Various Companies at competitive Rates
CALL or TEXT
RAJ SURENDRAN
Senior Medicare Specialist
Investment Advisor Representative, MBA
708-945-3985
www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com
There is no obligation,
All consultations are complimentary!

# ‘ദിവ്യപുത്രി’യായി ഷീന റാണി

ന്യൂഡൽഹി: അഗ്നി 5 ഭൂഖണ്ഡാന്തര ആണവ ബാലിസ്റ്റിക് മിസൈലിന്റെ പരിഷ്കരിച്ച പതിപ്പ് വികസിപ്പിച്ച ഡിആർഡിഒ ശാസ്ത്രജ്ഞരുടെ സംഘത്തെ നയിച്ചത് മലയാളി വനിത. പ്രതിരോധ ഗവേഷണ വികസന കേന്ദ്രത്തിലെ ശാസ്ത്രജ്ഞ തിരുവനന്തപുരം സ്വദേശി ഷീന റാണിയാണ് ‘മിഷൻ ദിവ്യാസ്ത്ര’ എന്ന പേരിലുള്ള അഭിമാന ദൗത്യം നയിച്ചത്. ഒരേസമയം പല ലക്ഷ്യങ്ങൾ തകർക്കാൻ കെൽപുള്ള സാങ്കേതികവിദ്യ സംയോജിപ്പിച്ച അഗ്നി മിസൈൽ ഈയിടെയാണ് ഇന്ത്യ വിജയകരമായി പരീക്ഷിച്ചത്. അഗ്നി മിസൈൽ സംവിധാനവുമായി ബന്ധപ്പെട്ട് 1999 മുതൽ പ്രവർത്തിക്കുന്ന ഷീന (57), നിലവിൽ ഡിആർഡിഒയുടെ ഹൈദരാബാദ് ആസ്ഥാനമായുള്ള അഡ്വാൻസ്ഡ് സിസ്റ്റംസ് ലബോറട്ടറിയിൽ ശാസ്ത്രജ്ഞയാണ്. തിരുവനന്തപുരം കോളജ് ഓഫ് എഞ്ചിനീയറിങ്ങിൽ (സിഇടി) നിന്ന് ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷനിൽ ബിരുദമെടുത്തശേഷം തിരുവനന്തപുരം വിഎസ്എസ്സിയിൽ എട്ട് വർഷം ജോലിചെയ്തു. 1998-ൽ പൊഖ്റാൻ ആണവ പരീക്ഷണത്തിന്റെ ഭാഗമായിരുന്നു. അതിനു ശേഷമാണ് ഡിആർഡിഒയിൽ ചേർന്നത്.



# കേരളം ചോദിച്ചത് 10,000 കോടി, കേന്ദ്രം സമ്മതിച്ചത് 5,000 കോടി മാത്രം

ന്യൂഡൽഹി: കർശന ഉപാധികളോടെ ഒറ്റത്തവണ ഇളവെന്ന നിലയിൽ 5000 കോടി രൂപ കൂടി കടമെടുക്കാൻ അനുവദിക്കാമെന്ന കേന്ദ്ര നിർദേശം കേരളം തള്ളി. സുപ്രീം കോടതി നിർദേശപ്രകാരമായിരുന്നു കേന്ദ്ര വാഗ്ദാനം. എന്നാൽ, 10,000 കോടി കടമെടുക്കാൻ അനുവദിക്കണമെന്നും അതിന്റെ പേരിൽ അടുത്ത സാമ്പത്തിക വർഷം കൂടുതൽ ഉപാധികൾ വെക്കരുതെന്നും കേരളം ആവശ്യപ്പെട്ടു. ഒത്തുതീർപ്പു സാധ്യതയില്ലാത്ത കേസിൽ 21-നു 10.30-ന് ഇടക്കാല ഉത്തരവു പുറപ്പെടുവിക്കുമെന്നു ജഡ്ജിമാരായ സൂര്യകാന്ത്, കെ.വി. വിശ്വനാഥ് എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

തൽക്കാലം 5000 കോടി അംഗീകരിക്കുകയും പരിധി 10,000 കോടിയാക്കാൻ കേന്ദ്രവുമായി ചർച്ച നടത്തുകയും ചെയ്തുകൂടേയെന്ന് ജസ്റ്റിസ് സൂര്യകാന്ത് ചോദിച്ചു.

എന്നാൽ, കേന്ദ്രം മുന്നോട്ടുവെച്ച കർശന ഉപാധികൾ കേരളത്തെ ചൊടിപ്പിച്ചു. സംസ്ഥാന ബജറ്റ് കേന്ദ്രം തീരുമാനിക്കുന്നതിനു തുല്യമാണതെന്ന് കേരളത്തിനുവേണ്ടി ഹാജരായ കപിൽ സിബലും സ്റ്റാൻഡിങ് കൗൺസൽ സി.കെ. ശശിയും ചൂണ്ടിക്കാട്ടി.


പരിധിയുടെ കാര്യം അന്തിമവിധിയിൽ തീരുമാനിക്കാമെന്നും തൽക്കാലം കേന്ദ്ര നിർദേശം സ്വീകരിക്കാനും കോടതി വീണ്ടും പറഞ്ഞെങ്കിലും കേരളം വഴങ്ങിയില്ല. കേന്ദ്രം ഉപാധികൾ അടിച്ചേൽപിക്കുന്നത് ഫെഡറൽ തത്വങ്ങൾക്ക് എതിരാണെന്നായിരുന്നു വാദം.

അഡീഷണൽ സോളിസിറ്റർ ജനറൽ എൻ. വെങ്കിട്ടരാമൻ കണക്കുകൾ നിരത്തി കേന്ദ്ര നിലപാട് ന്യായീകരിച്ചു. 33,597 കോടിയാണ് അടുത്ത സാമ്പത്തികവർഷം കേരളത്തിന് അനുവദനീയമായ വായ്പ.

മുൻപ് എടുത്ത 4711 കോടി കുറയ്ക്കുമ്പോൾ ഇത് 28,886 കോടിയായി കുറയും. ഇതിൽ 21,664 കോടിയാണ് (75 ശതമാനം) ആദ്യത്തെ ഒൻപത് മാസം അനുവദിക്കാനാകുക. കേരളം ഇപ്പോൾ ആവശ്യപ്പെടുന്ന തുക അനുവദിച്ചാൽ ബാക്കി അടുത്ത വർഷത്തെ ചെലവുകൾക്കു മതിയാകില്ലെന്നും അതുകൊണ്ടു തന്നെ 5000 കോടിയിലേറെ ഇളവ് പറ്റില്ലെന്നും എഎസ്ജി പറഞ്ഞു.

# ലോസാഞ്ചലസിൽ നടക്കുന്ന ഐഎസ്ഇഎഫ് ഫെയറിലേക്ക് മലയാളി വിദ്യാർഥികൾ

കോഴിക്കോട്: അമേരിക്കയിലെ ലോസാഞ്ചലസിൽ നടക്കുന്ന ഇന്റർനാഷണൽ സയൻസ് ആൻഡ് എഞ്ചിനിയറിങ് (ഐഎസ്ഇഎഫ്) ഫെസ്റ്റിലെ ടീം ഇന്ത്യയിലെ സർക്കാർ സ്കൂളിൽനിന്നുള്ള ഏക ടീം ആയി അവിടനല്ലൂർ എൻ.എൻ. കക്കാട് സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥികളായ എൻ. നീരജും യു.എസ്. ആദിത്യനും. ‘അവിടനല്ലൂർ ഗ്രാമത്തിലെ നെൽവയലുകളിൽ കീട നിയന്ത്രണത്തിന് നാടൻ മത്സ്യങ്ങൾ - ഒരു താരതമ്യ പഠനം’ എന്ന പഠനവുമായി മേയ് ആദ്യവാരം ഇവർ ലോസാഞ്ചലസിലേക്ക് പോകുമ്പോൾ ചിറകുവിരിക്കുന്നത് ഒരു കൊച്ചു ഗ്രാമത്തിന്റെ പ്രശസ്തി കൂടിയാണ്.



ഐഎസ്ഇഎഫ് ഫെയറിലെ ടീം ഇന്ത്യയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എൻ. നീരജ്, യു.എസ്. ആദിത്യൻ

മേയ് 11 മുതൽ 17 വരെ നടക്കുന്ന ഐഎസ്ഇഎഫ് ഫെസ്റ്റിലെ ടീം ഇന്ത്യയിൽ 20 പ്രോജക്ടുകളാണ് ഉള്ളത്. കഴിഞ്ഞ വർഷം ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ നീരജിന്റെയും ആദിത്യന്റെയും പ്രോജക്ടിന് രണ്ടാം സ്ഥാനം ലഭിച്ചിരുന്നു.

തുടർന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഐറിസ് മേളയിലും ഇവർ അവതരണം നടത്തി. ജനുവരിയിൽ ഡൽഹി അംബേദ്കർ ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചായിരുന്നു ഐഎസ്ഇഎഫിലേക്കുള്ള അന്തിമ തെരഞ്ഞെടുപ്പ്. സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗം രസതന്ത്രം അധ്യാപിക ടി.സി. ഷീനയാണ് ഗൈഡ്. നീരജിന്റെ മാതാപിതാക്കളായ എൻ. സിജു രാജും ടി.സി. ഷീനയും അതേ സ്കൂളിൽ ഹയർസെക്കൻഡറി അധ്യാപകരാണ്. റിട്ട. സ്പെഷൽ ബ്രാഞ്ച് എസ്ഐ കെ.എം. ഉല്ലാസിന്റെയും ദേശസേവ യുപി സ്കൂൾ അധ്യാപിക കെ. ഷിജിയുടെയും മകനാണ് ആദിത്യൻ.

# രാഷ്ട്രപതിക്കെതിരെ സുപ്രീം കോടതിയിലേക്ക്

കൊച്ചി: നിയമസഭ പാസാക്കിയതും ഗവർണർ രാഷ്ട്രപതിക്കയച്ചതുമായ ബില്ലുകൾ അംഗീകരിക്കാത്ത നടപടിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കാനൊരുങ്ങി കേരള സർക്കാർ.

മാർച്ച് 13-ന് ഡൽഹിയിലെത്തിയ അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണക്കുറുപ്പ് ഇതുസംബന്ധിച്ച് പ്രമുഖ അഭിഭാഷകരുമായി ചർച്ച നടത്തി. പൗരത്വ ഭേദഗതി നിയമവിജ്ഞാപനത്തിനെതിരെ കേരളസർക്കാർ സുപ്രീം കോടതിയെ സമീപിക്കുന്നതിനു പുറമേയാണു പുതിയ നീക്കം. ഗവർണർ രാഷ്ട്രപതിക്കയച്ച ഏഴ് ബില്ലുകളിൽ ലോകായുക്ത ബില്ലിനു മാത്രമാണ് അംഗീകാരം ലഭിച്ചത്. ചാൻസലർ സ്ഥാനത്തുനിന്നു ഗവർണറെ മാറ്റാനുള്ള ബിൽ, സർവകലാശാലാ നിയമഭേദഗതി ബിൽ, വൈസ് ചാൻസലർമാരെ നിയമിക്കാനുള്ള സെർച്ച് കമ്മിറ്റിയുടെ ഘടന മാറ്റാനുള്ള ബിൽ എന്നിവ രാഷ്ട്രപതിയുടെ ഓഫീസ് തിരിച്ചയച്ചു. മറ്റ് മൂന്ന് ബില്ലുകൾ രാഷ്ട്രപതിയുടെ പരിഗണനയിലാണ്. രാഷ്ട്രപതിയുടെ തീരുമാനത്തിന്റെ നിയമവശങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കാനാണു കേരളസർക്കാർ തീരുമാനം.

ബില്ലുകൾക്ക് അംഗീകാരം നിഷേധിക്കാൻ രാഷ്ട്രപതിക്കു പൂർണാധികാരമുണ്ടെന്നു കേന്ദ്രസർക്കാർ വൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നു. രാഷ്ട്രപതി തടഞ്ഞ ബില്ലുകൾ സ്വാഭാവികമായും റദ്ദാകും. രാഷ്ട്രപതിയുടെ തീരുമാനം കോടതിയിൽ ചോദ്യംചെയ്യാനാകുമോയെന്നതിൽ നിയമവൃത്തങ്ങളിൽ രണ്ടഭിപ്രായമുണ്ട്. ഈ സാഹചര്യത്തിലാണു ഭരണഘടനാവിദഗ്ധനായ മുതിർന്ന അഭിഭാഷകനിൽനിന്നു കേരളസർക്കാർ നിയമോപദേശം തേടിയത്.

അപൂർവം ചില സാഹചര്യങ്ങളിൽ രാഷ്ട്രപതിയുടെ തീരുമാനത്തെ സുപ്രീം കോടതിയിൽ ചോദ്യംചെയ്യാമെന്നാണ് ഒരു വാദം. കർണാടകയിൽ എസ്.ആർ. ബൊമ്മെ സർക്കാരിനെ പിരിച്ചുവിട്ട രാഷ്ട്രപതിയുടെ നടപടി സുപ്രീം കോടതി റദ്ദാക്കിയിട്ടുണ്ട്.

HEATING & AIR CONDITIONING
Honest
Reliable
Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers



24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com




We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE



George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
☎ 8473408708
avicote2@gmail.com
http://pinnacle.mortgage
“Licensed to originate Mortgage both in Illinois and Georgia”


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# 15-ാമത് കെസിസിഎൻഎ കൺവൻഷന്റെ മുഖ്യാകർഷണമായി 'മെഗാ ചെണ്ടമേളം' ഒരുങ്ങുന്നു

**ബൈജു ആലപ്പാട്ട്**

ഡാളസ്: വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കരുടെ ദേശീയ സംഘടനയായ കെസിസിഎൻഎ (KCCNA) യുടെ നേതൃത്വത്തിൽ ടെക്സാസിലെ സാൻ അന്റോണിയായിൽവെച്ച് 2024 ജൂലൈ 4, 5, 6, 7 തീയതികളിൽ നടത്തപ്പെടുന്ന 15-ാമത് കെസിസിഎൻഎ ദേശീയ ഫാമിലി കൺവൻഷന്റെ ഒരുക്കങ്ങൾ വളരെ വേഗത്തിൽ മുന്നേറുന്നതായി കെസിസിഎൻഎ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി പ്രസിഡണ്ട് ഷാജി എടാട്ടും ജനറൽ സെക്രട്ടറി അജീഷ് പോത്തൻ താമ്രത്തും അറിയിച്ചു.

ലോക പ്രശസ്തമായ സാൻ അന്റോണിയായിലെ റിവർവാക്കിനോട് ചേർന്നു സ്ഥിതിചെയ്യുന്ന ഹെൻട്രി ബി. ഗോൺസാലസ് കൺവൻഷൻ സെന്ററിലാണ് ഇത്തവണത്തെ ക്നാനായ ദേശീയ മാമാങ്കം അരങ്ങേറുന്നത്.

കെസിസിഎൻഎയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന 20 യൂണിറ്റ് സംഘടനകളിൽ നിന്നായി 1000-ൽ അധികം കുടുംബങ്ങൾ (4,000 ത്തോളം അംഗങ്ങൾ) പങ്കെടുക്കുമെന്നു പ്രതീക്ഷിക്കുന്നു. കേരളത്തിൽനിന്നും വടക്കേ അമേരിക്കയിൽ കുടിയേറിയിരിക്കുന്ന മുപ്പതിനായിരത്തിൽപരം ക്നാനായ സമുദായംഗങ്ങൾ എന്നും വളരെ ആവേശത്തോടെ ഉറ്റുനോക്കുന്ന കൺവൻഷനിൽ ക്നാനായ സമുദായത്തിന്റെയും കേരളത്തിന്റെയും പാരമ്പര്യ കലാ സാംസ്കാരിക പരിപാടികൾ അരങ്ങേറും. ഇത്തവണ കൺവൻഷനോടനുബന്ധിച്ചു കേരളീയ വാദ്യകലകളിൽ പ്രധാനവും കാണികളിൽ ഒരേസമയം ആവേശവും ദൃശ്യശ്രവണ വിസ്മയം തീർക്കുന്ന 'മെഗാ ചെണ്ടമേളം' അരങ്ങേറും.

പുരുഷന്മാരും സ്ത്രീകളും യുവജനങ്ങളും ഹൈസ്കൂൾ കുട്ടികളും ഉൾപ്പെടെ 300-ൽ അധികം ചെണ്ടമേളക്കാർ ഈ മെഗാമേളയിൽ അണിനിരക്കും. കൂടാതെ ഈ താളാത്മകമായ 'ഡ്രംമിംഗും ബ്ലാസ്റ്റിംഗും' KCCNA ഫാമിലി കൺവൻഷന്റെ പ്രധാന ഹൈലൈറ്റുകളിൽ ഒന്നായിരിക്കും! അമേരിക്കയിൽ നടന്നിട്ടുള്ള ഏറ്റവും വലിയ ചെണ്ടമേളങ്ങളിൽ ഒന്നായി ചരിത്രം കുറിക്കുവാൻ സംഘാടകർ ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

സാൻ അന്റോണിയ ഡൗൺ ടൗണിൽ അക്ഷരാർത്ഥത്തിൽ ഒരു 'മിനി തൃശൂർ പൂരം' അരങ്ങേറുമെന്നു സംഘാടകർ അവകാശപ്പെടുന്നു.

അരുൺ നെല്ലാമറ്റത്തിലിന്റെ (ചിക്കാഗോ - മുഖ്യ കോ-ഓർഡിനേറ്റർ) നേതൃത്വത്തിൽ ഏലിയാമ്മ കൈതമറ്റത്തിൽ, ജീവൻ പതിപ്പറമ്പിൽ (ഹൂസ്റ്റൺ), ആന്റണി ഇല്ലിക്കാട്ടിൽ (സാൻ ഹൊസെ), ചാക്കോ അമ്പാട്ട് (ഡാളസ്) എന്നിവർ ഈ മെഗാ ചെണ്ടമേളത്തിന്റെ ഇവന്റ് കോ-ഓർഡിനേറ്റർമാരായിരിക്കും.

ഇവരെക്കൂടാതെ ജോൺ കുസുമാലയം (ന്യൂയോർക്ക്), പ്രിൻസ് തടത്തിൽ (ന്യൂയോർക്ക്), സജി ചിറയിൽ (ഡാളസ്), ജിനോയ് കാവലക്കൽ (ചിക്കാഗോ) എന്നിവർ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിക്കും.

ചിക്കാഗോ ഏരിയയിൽ ഒരു ദശാബ്ദത്തിലേറെയായി ചെണ്ടമേളത്തിലെ പ്രമുഖനാണ് അരുൺ നെല്ലാമറ്റം. പ്രാദേശികമായും ദേശീയമായും നിരവധി പ്രധാന പരിപാടികൾ സംഘടിപ്പിക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ചെണ്ടവാദ്യ കലയിൽ ഹൂസ്റ്റൺ വനിതകളെ നയിക്കുന്നതിൽ തിളങ്ങിയ താരമാണ് ഏലിയാമ്മ കൈതമറ്റത്തിൽ. കൂടാതെ ക്നാനായ വിമൻസ് സമ്മിറ്റിൽ ചെണ്ടമേളത്തിന്റെ മുഖ്യ ശില്പിയായിരുന്നു.

ഹൂസ്റ്റൺ യുവാക്കളുടെ 'ചെണ്ട മാസ്റ്റർ' എന്നറിയപ്പെടുന്ന ജീവൻ ടോമി പതിപ്പറമ്പിൽ ഹൂസ്റ്റണിൽ സ്വന്തമായി Chenda/percussion സ്കൂൾ നടത്തിവരുന്നു. ഹൂസ്റ്റണിലെ യുവാക്കളുടെ ചെണ്ടമേള ടീമിനെ നയിക്കുന്ന അദ്ദേഹം യുവ വിദ്യാർത്ഥികളെ താളവാദ്യത്തിന്റെ മേഖലയിലേക്ക് നയിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള തീവ്രമായ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

സാൻഹൊസ്സയിൽ നിന്നുള്ള ആന്റണി ഇല്ലിക്കാട്ടിലും ഡാളസിൽനിന്നുള്ള ചാക്കോ അമ്പാട്ടും ചെണ്ട വാദ്യമേളകളിലെ മറ്റു പ്രമുഖന്മാരാണ്.

KCCNA കൺവൻഷന്റെ വിജയത്തിനായി തങ്ങളുടെ വിലപ്പെട്ട സമയവും ഊർജ്ജവും ചെലവഴിക്കുവാൻവേണ്ടി മുന്നോട്ടുവന്ന എല്ലാ കോ-ഓർഡിനേറ്റർമാർക്കും കെസിസിഎൻഎ നന്ദി അറിയിക്കുന്നതായി എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

അങ്ങനെ ഇത്തവണത്തെ കെസിസിഎൻഎ കൺവൻഷൻ കേരളീയ താളവാദ്യ മേളങ്ങളോടെ ഏറ്റവും ആസ്വാദ്യാനുഭവമാക്കുവാൻ കെസിസിഎൻഎ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ കമ്മിറ്റികൾ അക്ഷീണം പ്രവർത്തിച്ചു വരുന്നു.

## മാസപ്പടി കേസ്: കേസെടുക്കാനാവില്ലെന്ന് വിജിലൻസ്

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ, മകൾ വീണാ വിജയൻ എന്നിവർക്കെതിരെ മാത്യു കുഴൽനാടൻ എംഎൽഎ നല്കിയ ഹർജിയിൽ കേസെടുക്കാനാവില്ലെന്ന് വിജിലൻസ്. തിരുവനന്തപുരം പ്രത്യേക കോടതിയിലാണ് വിജിലൻസ് നിലപാടറിയിച്ചത്. വിശദമായ വാദം കേൾക്കാൻ ഹർജി 27-ലേക്ക് മാറ്റി.



കരിമണൽ ഖനനത്തിന് സിഎംആർഎൽ കമ്പനിക്ക് മുഖ്യമന്ത്രി വഴിവിട്ട് സഹായം നല്കുകയും ഇതിനു പ്രതിഫലമായി മുഖ്യമന്ത്രിയുടെ മകൾക്ക് മാസപ്പടി ലഭിച്ചുവെന്നുമായിരുന്നു ആരോപണം. ഇക്കാര്യങ്ങൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടാണ് കുഴൽനാടൻ ഹർജി നല്കിയത്.

അഴിമതിനിരോധന നിയമപരിധിയിൽപ്പെടുത്തി അന്വേഷിക്കാവുന്ന ആരോപണങ്ങൾ ഹർജിയിൽ ഇല്ലെന്ന് വിജിലൻസ് കോടതിയെ അറിയിച്ചു. ഹർജിയിൽ കോടതി വിജിലൻസിനോട് വിശദീകരണം ചോദിച്ചിരുന്നു.

## കേരളത്തിന്റെ പ്ലാൻ ബി: വ്യക്തത തേടി കേന്ദ്രവും

തിരുവനന്തപുരം: കേരള സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച പ്ലാൻ ബിയുടെ വിവരങ്ങൾ തേടി കേന്ദ്ര സർക്കാരും. എന്നാൽ, മന്ത്രി കെ.എൻ. ബാലഗോപാലിന്റെ മനസ്സിലെ പ്ലാൻ എന്താണെന്ന് ധനവകുപ്പിൽ ആർക്കും അറിയില്ല. ബജറ്റ് അവതരണ ദിവസം നടത്തിയ വാർത്താസമ്മേളനത്തിൽ പ്ലാൻ ബി എന്താണെന്ന് ആവർത്തിച്ചു ചോദിച്ചപ്പോൾ അത് ഇനി ആലോചിച്ചു തയാറാക്കണം എന്നായിരുന്നു മന്ത്രിയുടെ മറുപടി. ഫലത്തിൽ, ബദൽ വരുമാന സാഹചര്യം മന്ത്രിപോലും പ്രതീക്ഷിക്കാത്ത വേഗത്തിലാണ് ആവശ്യമായി വരുന്നത്.

കേന്ദ്ര വിഹിതം അടുത്ത വർഷവും ഇതുപോലെയാണെങ്കിൽ സർക്കാരിനു ബദൽ വരുമാന മാർഗമായി പ്ലാൻ ബി ആവിഷ്കരിക്കേണ്ടി വരും.

കേരളത്തിന് അധിക കടമെടുപ്പിന് അനുമതി നൽകണമെങ്കിൽ പാലിക്കേണ്ട വ്യവസ്ഥകളുടെ കൂട്ടത്തിലാണ് ബജറ്റിൽ പ്രഖ്യാപിച്ച പ്ലാൻ ബി എന്തെന്നു വെളിപ്പെടുത്തണമെന്ന നിർദേശം മാർച്ച് 13-ന് കേന്ദ്രം സുപ്രീംകോടതിക്കു മുന്നിൽ വെച്ചത്.

എന്നാൽ, വ്യവസ്ഥ വെച്ചുള്ള അധിക കടമെടുപ്പ് വാഗ്ദാനം കേരളം തള്ളുകയായിരുന്നു. ഇത്തവണത്തെപ്പോലെ അടുത്ത വർഷവും കേരളം കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലായാൽ പ്ലാൻ ബി നടപ്പാക്കുമെന്നായിരുന്നു മന്ത്രിയുടെ ബജറ്റ് പ്രഖ്യാപനം. കേന്ദ്രത്തിന്റെ നിസ്സഹകരണം മറികടക്കാൻ കേരള സർക്കാർ സ്വന്തം നിലയ്ക്കു വരുമാനം വർധിപ്പിക്കാനും ചെലവുകൾ വെട്ടിച്ചുരുക്കാനുമാണ് പ്ലാൻ ബിയിലൂടെ ശ്രമിക്കുക. അത് എന്തൊക്കെ നടപടികളായിരിക്കും എന്നതിലാണ് ആശയക്കുഴപ്പം.

കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ 44,528 കോടിയാണ് അടുത്ത വർഷം കേരള സർക്കാർ കടമെടുക്കാൻ ഉദ്ദേശിക്കുന്ന തുക. ഈ തുകയും നികുതി, നികുതി ഇതര വരുമാനങ്ങളും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും അടക്കം ആകെ പ്രതീക്ഷിക്കുന്ന വരുമാനം 1,84,327 കോടി രൂപയാണ്. ഇതിൽ 15,000 കോടി രൂപയിലേറെ കിഫ്ബിയുടെയും മറ്റും കടമെടുപ്പിന്റെ പേരിൽ അടുത്ത വർഷത്തെ കടമെടുപ്പു പരിധിയിൽനിന്നു വെട്ടിക്കുറയ്ക്കാനാണു സാധ്യത. ഈ 15,000 കോടിയുടെ കുറവും മറ്റു വെട്ടിക്കുറവുകളും സൃഷ്ടിക്കുന്ന, വരവും ചെലവും തമ്മിലെ വിടവു നികത്തുന്നതിനാണ് സർക്കാർ പ്ലാൻ ബി പ്രഖ്യാപിച്ചത്. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർധിപ്പിക്കുകയാണ് ഒറ്റയടിക്കു ചെലവു കുറയ്ക്കാനുള്ള സർക്കാരിനു മുന്നിലെ മുഖ്യവഴി. പെൻഷൻ പ്രായം 56-ൽനിന്നു 57 ആക്കിയാൽ ആ വർഷം ഒറ്റയടിക്ക് 4,000 കോടി ലാഭിക്കാൻ കഴിയുമെന്നാണ് ശമ്പള പരിഷ്കരണ കമ്മിഷൻ അവതരിപ്പിച്ച കണക്ക്.

അനാവശ്യ തസ്തികകൾ വ്യാപകമായി വെട്ടിക്കുറയ്ക്കുക, കാലഹരണപ്പെട്ട സർക്കാർ സ്ഥാപനങ്ങൾ അടച്ചുപൂട്ടുക തുടങ്ങിയ ശിപാർശകൾ കാലങ്ങളായി സർക്കാരിന്റെ മുന്നിലുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിനു ശേഷം പ്ലാൻ ബിയെക്കുറിച്ചു വിശദമായ ചർച്ചയ്ക്കാണു സർക്കാർ ഒരുങ്ങുന്നത്.

## സാറാമ്മ സ്കറിയ അന്തരിച്ചു



അറ്റ്ലാന്റ: മൂവാറ്റുപുഴ കീഴുമുറി വള്ളിക്കോലിൽ പരേതനായ മത്തായി സ്കറിയയുടെ ഭാര്യ സാറാമ്മ സ്കറിയ (94) അറ്റ്ലാന്റയിൽ അന്തരിച്ചു. മക്കൾ: ഓമന ബേബി, മാത്യു സ്കറിയ (ഇരുവരും അറ്റ്ലാന്റ). മരുമക്കൾ: ബേബിച്ചൻ, ഷേർളി. സംസ്കാരം മാർച്ച് 25-ന് തിങ്കളാഴ്ച അറ്റ്ലാന്റയിൽവെച്ച് നടത്തപ്പെടും.

**വാർത്ത: നിബു വെള്ളവന്താനം**






# കണ്ണൂരിൽ മൂന്നു മുന്നണികളും ശക്തം

കണ്ണൂർ: കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഈറ്റില്ലമെന്നു വിശേഷിപ്പിക്കപ്പെടുമ്പോഴും ലോക്സഭാ തെരഞ്ഞെടുപ്പുകളിൽ കണ്ണൂർ വ്യത്യസ്തമാണ്. നിയമസഭാ മണ്ഡലങ്ങൾ തൂത്തുവാരുന്ന ഇടതുപക്ഷത്തെ ലോക്സഭയിലേക്ക് അയയ്ക്കാൻ കണ്ണൂരുകാർക്കു മടിയാണ്. മണ്ഡലം രൂപീകരണത്തിനുശേഷം നടന്ന 12 തെരഞ്ഞെടുപ്പുകളിൽ എട്ടുതവണയും കോൺഗ്രസിന് അനുകൂലമായാണ് കണ്ണൂർ വിധിയെഴുതിയത്. തുടക്കത്തിലേ സ്ഥാനാർത്ഥിയെ നിശ്ചയിച്ച് കളത്തിൽ സജീവമാണ് എൽഡിഎഫ്. സിപിഎം ജില്ലാ സെക്രട്ടറി എം.വി. ജയരാജനാണ് എൽഡിഎഫ് സ്ഥാനാർത്ഥി എന്നതിനാൽ പരിചയപ്പെടുത്തലിന്റെ ആവശ്യമില്ല. സ്ഥാനാർത്ഥിത്വം പ്രഖ്യാപിക്കപ്പെട്ടതു മുതൽ മണ്ഡലപര്യടനത്തിൽ സജീവമാണ് എം.വി. ജയരാജൻ.

സിറ്റിംഗ് എംപിയും കെപിസിസി അധ്യക്ഷനുമായ കെ. സുധാകരൻ തന്നെയാണ് ഇത്തവണയും യുഡിഎഫ് സ്ഥാനാർത്ഥി. ഡിസിസി മുൻ ജനറൽ സെക്രട്ടറി സി. രഘുനാഥിനെയാണു ബിജെപി ഇത്തവണ കണ്ണൂരിൽ ഇറക്കിയത്. യുഡിഎഫ് വോട്ടിൽ വിള്ളൽ വീഴ്ത്താമോ എന്നതിലാണു ബിജെപിയുടെ നോട്ടം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ധർമടം മണ്ഡലത്തിൽ പിണറായി വിജയനെ നേരിടാൻ കോൺഗ്രസ് നിയോഗിച്ചത് രഘുനാഥിനെയായിരുന്നു.


ഇടത്തോട്ടും വലത്തോട്ടും ചായാറുണ്ടെങ്കിലും കണ്ണൂർ മണ്ഡലത്തിൽ എൽഡിഎഫിനു കനത്ത പ്രഹരമേറ്റത് 2019-ൽ ആയിരുന്നു. ഒരു ലക്ഷത്തിനടുത്ത് ഭൂരിപക്ഷത്തിനാണു കെ. സുധാകരൻ പി.കെ. ശ്രീമതിയെ തോൽപിച്ചത്. കേരളമൊന്നാകെ ആഞ്ഞുവീശിയ രാഹുൽതരംഗം കണ്ണൂരിലും പ്രതിഫലിച്ചു എന്ന് സമാശ്വസിക്കാമെങ്കിലും ഇടതുകോട്ടകളെ കടപുഴക്കിക്കൊണ്ടായിരുന്നു കണ്ണൂരിലെ യുഡിഎഫ് മുന്നേറ്റം.

1952-ലെ പൊതുതെരഞ്ഞെടുപ്പിൽ എകെജിയെ പാർലമെന്റിലേക്കയച്ച മണ്ഡലമാണ് കണ്ണൂർ. പുനർനിർണയത്തിൽ തലശേരിയായി. 1977-ൽ വീണ്ടും കണ്ണൂരായി. അന്ന് കോൺഗ്രസ് മുന്നണിയിലായിരുന്ന സിപിഐയിലെ സി.കെ. ചന്ദ്രപ്പൻ സിപിഎമ്മിലെ ഒ. ഭരതനെ തോല്പിച്ചു. 1980-ൽ ഇടതു പിന്തുണയിൽ കോൺഗ്രസ് (യു) വിലെ കെ. കുഞ്ഞമ്പു. 1984 മുതൽ 98 വരെ അഞ്ചുതവണ കോൺഗ്രസിലെ



കെ. സുധാകരൻ

മുല്ലപ്പള്ളി രാമചന്ദ്രൻ. കോൺഗ്രസിന്റെ വിലാസമായി കണ്ണൂർ മാറിയതും അങ്ങനെ. 1999-ൽ മുല്ലപ്പള്ളിയെ പരാജയപ്പെടുത്തി എ.പി. അബ്ദുള്ളക്കുട്ടിയിലൂടെ സിപിഎം മണ്ഡലം പിടിച്ചു. 2004-ലും അബ്ദുള്ളക്കുട്ടി മണ്ഡലം നിലനിർത്തി. 2009-ൽ കെ. സുധാകരനിലൂടെ മണ്ഡലം വീണ്ടും കോൺഗ്രസിന്. 2014-ൽ പി.കെ. ശ്രീമതിയിലൂടെ മണ്ഡലം സിപിഎമ്മിനൊപ്പം. 2019-ൽ കെ. സുധാകരനിലൂടെ വീണ്ടും കോ



എം.വി. ജയരാജൻ

ൺഗ്രസിന്.

കെ. സുധാകരൻ വെറുമൊരു കോൺഗ്രസ് സ്ഥാനാർത്ഥിയല്ല സിപിഎമ്മിന്. മുഖ്യമന്ത്രി മുതൽ സാധാരണ പാർട്ടിയംഗം വരെ ഒരുപോലെ മുഖ്യശത്രുവായി കുറിച്ചിട്ടയാൾ. യുഡിഎഫിലെ കരുത്തനെ നേരിടാൻ യോഗ്യനെന്ന നിലയ്ക്കാണ് ജില്ലാ സെക്രട്ടറിയെത്തന്നെ സിപിഎം ഗോദയിലിറക്കിയത്. ജില്ലാ സെക്രട്ടറിയായതിനാൽ ജയം പാർട്ടിക്ക് അഭിമാനപ്രശ്നം.



സി. രഘുനാഥ്

മുഖ്യമന്ത്രി പിണറായി വിജയൻ മണ്ഡലത്തിലെത്തി തെരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു പോയി. സുധാകരനുനേരെയാണ് അസ്ത്രമഴിച്ചു വിട്ടത്. മുഖ്യമന്ത്രിയുടെ കുടുംബമാണ് സുധാകരൻ ലക്ഷ്യമിടുന്നത്.

പതിനൊന്ന് നിയമസഭാ മണ്ഡലങ്ങളാണ് കണ്ണൂർ ജില്ലയിലുള്ളത്.

അതിൽ മട്ടന്നൂർ, തളിപ്പറമ്പ്, അഴീക്കോട്, കണ്ണൂർ, ഇരിക്കൂർ, പേരാവൂർ, ധർമടം മണ്ഡലങ്ങളാണ് കണ്ണൂർ ലോക്സഭാ മണ്ഡലത്തിലുള്ളത്. ബാക്കിയുള്ള നാലെണ്ണത്തിൽ തലശേരിയും കൂത്തുപറമ്പും വടകരയിലും, കല്യാശേരിയും പയ്യന്നൂരും കാസർഗോഡ് ലോക്സഭാ മണ്ഡലത്തിലുമാണ്. മട്ടന്നൂർ, ധർമടം, തളിപ്പറമ്പ് നിയമസഭാ മണ്ഡലങ്ങൾ പൊതുവേ എൽഡിഎഫ് അനുകൂലമാണ്.

ഇരിക്കൂറും പേരാവൂരും യുഡിഎഫിനു മുൻതൂക്കമുള്ള മണ്ഡലങ്ങളാണ്. അഴീക്കോട്ട് എൽഡിഎഫിന് മുൻതൂക്കമുണ്ടെങ്കിലും കഴിഞ്ഞ രണ്ടു തവണയും മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികളെയാണ് ഒപ്പം നിർത്തിയത്. അതുപോലെ യുഡിഎഫിനെ എന്നും ചേർത്തുനിർത്തിയ മണ്ഡലമായിരുന്നു കണ്ണൂർ. കഴിഞ്ഞ രണ്ട് നിയമസഭാ തെരഞ്ഞെടുപ്പിലും കോൺഗ്രസ് എസിലെ രാമചന്ദ്രൻ കടന്നപ്പള്ളിയെ ഇറക്കി എൽഡിഎഫ് മണ്ഡലം സ്വന്തമാക്കി.

# ഇന്ത്യയിൽ ബിജെപി നാനൂറിലധികം സീറ്റുകൾ നേടും: മോദി

പത്തനംതിട്ട: ബിജെപി കേരളത്തിൽ രണ്ടക്ക സീറ്റും ഇന്ത്യയിൽ നാനൂറിലധികം സീറ്റും നേടുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആവർത്തിച്ചു. കേരളത്തിൽ താമര വിരിയുമെന്നാണ് പത്തനംതിട്ടയിലെ അന്തരീക്ഷം പറയുന്നതെന്നും എൻഡിഎ പ്രചാരണ യോഗത്തിൽ അദ്ദേഹം പറഞ്ഞു. അനിൽ ആന്റണിയെപ്പോലെയുള്ള യുവ നേതാക്കളാണ് കേരളത്തിന് ആവശ്യം. നിങ്ങളെ സേവിക്കാൻ എംപിമാർ വഴി അവസരം ലഭിച്ചാൽ കേരളത്തിന്റെ വികസനത്തിനായി വിട്ടുവീഴ്ചയില്ലാതെ പരിശ്രമിക്കുമെന്ന് ഉറപ്പു നൽകുന്നുവെന്നും പറഞ്ഞു.



കേരള ഭരണത്തെയും ഇരുമുന്നണികളെയും രൂക്ഷമായി വിമർശിക്കുന്നതായിരുന്നു മോദിയുടെ പ്രസംഗം. കേരളത്തിലെ കഴിവുകെട്ട ഭരണത്തിന്റെ തിക്തഫലമാണ് ജനങ്ങൾ അനുഭവിക്കുന്നത്. കോളജുകൾ കമ്യൂണിസ്റ്റ് ഗുണ്ടകളുടെ താവളങ്ങളായി മാറി. റബർ കർഷകർ ദുരിതത്തിലാണ്. ഇതിൽനിന്നു മോചനം ലഭിക്കണമെങ്കിൽ മാറിമാറിയുള്ള എൽഡിഎഫ്-യുഡിഎഫ് ഭരണം ഇല്ലാതാകണമെന്നും അദ്ദേഹം പറഞ്ഞു.

ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രൻ അധ്യക്ഷനായിരുന്നു. കോൺഗ്രസ് വിട്ടു ബിജെപിയിലെത്തിയ പത്മജ വേണുഗോപാലിന്റെ സാന്നിധ്യം ശ്രദ്ധേയമായി. സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ബിഡിജെഎസ് അധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളിയെ കോട്ടയത്തെ എൻഡിഎ സ്ഥാനാർത്ഥിയെന്നാണു സുരേന്ദ്രൻ വിശേഷിപ്പിച്ചത്. കുമ്മനം രാജശേഖരൻ, എൻഡിഎ സ്ഥാനാർത്ഥികളായ അനിൽ കെ. ആന്റണി (പത്തനംതിട്ട), വി. മുരളീധരൻ (ആറ്റിങ്ങൽ), ശോഭാ സുരേന്ദ്രൻ (ആലപ്പുഴ), ബൈജു കലാശാല (മാവേലിക്കര) തുടങ്ങിയവർ പ്രസംഗിച്ചു.

പത്തനംതിട്ടയിലെ റാലിക്കുശേഷം ഹെലികോപ്റ്ററിൽ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലെത്തിയ പ്രധാനമന്ത്രി പ്രത്യേക വിമാനത്തിൽ വിശാഖപട്ടണത്തേക്കു പോയി.



# ക്നാനായ റീജിയൻ പ്രതിനിധി യോഗം നടന്നു

ചിക്കാഗോ: ക്നാനായ കാത്തലിക് റീജിയണിലെ എല്ലാ പ്രതിനിധികളുടെയും സംയുക്തയോഗം ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയ ഹാളിൽ വെച്ച് നടത്തപ്പെട്ടു. യോഗം ക്നാനായ റീജിയൻ വികാരി ജനറൽ ഫാ. തോമസ് മുളവനാൽ ഉദ്ഘാടനം ചെ

**ലിൻസ് താന്നിച്ചുവട്ടിൽ**

യ്തു. കാനഡ റീജിയൻ വികാരി ജനറൽ ഫാ. പത്രോസ് ചമ്പക്കര, ഫൊറോനാ വികാരിമാർ, ഇടവക വികാരിമാർ, സന്യസ്തർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാരുടെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ



പങ്കെടുത്തു. മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത യോഗത്തിന്റെ സമാപനസന്ദേശം നല്കി. ക്നാനായ റീജിയൻ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരും നാളുകളിലേക്ക് വേണ്ട നിലപാടുകളും കർമ്മപരിപാടികളും ആവിഷ്കരിക്കുകയുമായിരുന്നു യോഗം ലക്ഷ്യമിട്ടത്.

## ഷാജൻ ആനിത്തോട്ടം ലയൺസ് വൈസ് ഡിസ്ട്രിക്റ്റ് ഗവർണർ

(ഒന്നാം പേജിൽ നിന്നും)

ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന), ഇല്ലിനോയി മലയാളി അസോസിയേഷൻ (ഐ.എം.എ.) എന്നിവയുടെ പ്രസിഡന്റായിരുന്നു. 2009-ൽ നടന്ന മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ സ്കോക്കി-മോർട്ടൺ ഗ്രോവ് എഡ്യുക്കേഷൻ ഡിസ്ട്രിക്റ്റ് 69 സ്കൂൾ ബോർഡ് മെമ്പറായി വൻ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു.




2010 മുതൽ സ്കോക്കി വില്ലേജ് ഫാമിലി സർവ്വീസ് കമ്മീഷണറായി സേവനം ചെയ്യുന്നു. നിലവിൽ കമ്മീഷൻ വൈസ് ചെയർമാൻ സ്ഥാനം കൂടി വഹിക്കുന്നു.

പകർന്നാട്ടം (നോവൽ), ഒറ്റപ്പയറ്റ് (ലേഖനങ്ങൾ), പൊലിക്കറ്റ ( കവിതാസമാഹാരം), ഹിച്ച്ഹൈക്കർ (ചെറുകഥാസമാഹാരം) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എം.എ. (പാലാ സെന്റ് തോമസ് കോളജ്), എം.ഫിൽ. (പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി), ബി.എഡ്. (മാന്നാനം സെന്റ് ജോസഫ് ട്രെയിനിംഗ് കോളജ്), എം.എസ്.ഡബ്ല്യു. (യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയി, ചിക്കാഗോ) ബിരുദധാരിയാണ്. ഇപ്പോൾ കോൺകോർഡിയ യൂണിവേഴ്സിറ്റി (ചിക്കാഗോ)യിൽ പി.എച്ച്.ഡി. പഠനം നടത്തുന്നു.

ഇന്ത്യാ ഗവൺമെന്റ് സർവ്വീസിൽ അഞ്ച് വർഷത്തെ അദ്ധ്യാപകസേവനത്തിനു ശേഷം 1998-ൽ അമേരിക്കയിലേക്ക് കുടിയേറി. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തോളമായി ഇല്ലിനോയി ഗവൺമെന്റ് സർവ്വീസിൽ മാനേജരായി ജോലി ചെയ്യുന്നു. ഭാര്യ: ബിനു. മക്കൾ: അൻഷിൽ & ആൽവിൻ.

## ജോൺ പോൾ പാപ്പാ പുരസ്കാരം ഗവർണർ പി.എസ്. ശ്രീധരൻ പിള്ളയ്ക്കും കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്കും

കോട്ടയം: കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ 18-ാമത് ജോൺ പോൾ പാപ്പാ പുരസ്കാരം ഗോവ ഗവർണർ പി.എസ്. ശ്രീധരൻ പിള്ളയ്ക്കും കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്കും. 200-ലധികം ഗ്രന്ഥങ്ങൾ രചിച്ച് സാംസ്കാരിക ലോകത്തിനു സമ്മാനിച്ച പി.എസ്. ശ്രീധരൻ പിള്ളയുടെ അര നൂറ്റാണ്ടിന്റെ എഴുത്തുസപര്യക്കും, പതിറ്റാണ്ടിലേറെ സഭയ്ക്കും സമൂഹത്തിനും നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്കും പുരസ്കാരം നൽകും. പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന അവാർഡ് കോട്ടയത്തു നടക്കുന്ന ചടങ്ങിൽ സമ്മാനിക്കുമെന്ന് കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ ഡയറക്ടറും ചങ്ങനാശേരി അതിരൂപത ആർച്ച് പ്രീസ്റ്റുമായ റവ. ഡോ. മാണി പുതിയിടം അറിയിച്ചു.





## വിഴിഞ്ഞം സമരം: 157 കേസുകൾ പിൻവലിച്ചു

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണത്തിനെതിരെ 2022-ൽ നടന്ന സമരത്തിൽ രജിസ്റ്റർ ചെയ്ത കേസുകൾ സർക്കാർ പിൻവലിച്ചു. 199 കേസുകളാണ് ആകെ രജിസ്റ്റർ ചെയ്തിരുന്നത്.

ഇതിൽ ഗുരുതര സ്വഭാവമില്ലാത്ത 157 എണ്ണമാണ് പിൻവലിക്കാൻ തീരുമാനിച്ചത്. ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോയുടെ പേരിലുള്ള എല്ലാ കേസുകളും പിൻവലിച്ചിട്ടുണ്ട്.

ജാമ്യമില്ലാത്തതും പൊതുമുതൽ നശിപ്പിച്ചതും അടക്കമുള്ള നാൽപതോളം കേസുകളാണ് ഇനി ബാക്കിയുള്ളത്. ഇതിൽ പോലീസ് സ്റ്റേഷൻ ആക്രമിച്ചതും പോലീസുകാരെ ആക്രമിച്ചതും അടക്കമുള്ള കേസുകളുണ്ട്. ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പിനെ കൂടാതെ മുതിർന്ന പുരോഹിതരെയടക്കം വിവിധ കേസുകളിൽ പോലീസ് പ്രതിയാക്കിയിരുന്നു. മത്സ്യത്തൊഴിലാളി നേതാക്കളടക്കം മൂവായിരത്തോളം പേരും കേസുകളിൽ പ്രതികളായുണ്ട്.

ഇതിൽ ലത്തീൻ അതിരൂപതയ്ക്ക് ശക്തമായ പ്രതിഷേധമുണ്ടായിരുന്നു. തെരഞ്ഞെടുപ്പിൽ ഇത് ബാധിക്കാനുള്ള സാധ്യത മുന്നിൽക്കണ്ടാണ് അപ്രധാനമായ കേസുകൾ പിൻവലിക്കാൻ സർക്കാർ തയ്യാറായത്.

**FAMILY DENTAL Practice**

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood



Office: (847) 581-1418,
Fax: (847) 581-1445

**GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS**

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

**ACHIEVE REAL ESTATE GROUP, INC.**

Achieve Real Estate

*For All Your Real Estate Needs Please Call ...*

**THOMAS KURUVILLA KARIKULAM**

Real Estate Broker

**1-847-219-6050**

834 Rand Rd Mount Prospect IL 60056




**FULL TIME REALTOR**

# ആർച്ച് ബിഷപ് മാർ ഇവാനിയോസ് ധന്യപദവിയിൽ

തിരുവനന്തപുരം: മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ സ്ഥാപകനും തിരുവനന്തപുരം അതിരൂപതയുടെ പ്രഥമ മെത്രാപ്പൊലീത്തയും ബഥനി ആശ്രമത്തിന്റെയും മഠത്തിന്റെയും സ്ഥാപകനുമായ ദൈവദാസൻ ആർച്ച് ബിഷപ് മാർ ഇവാനിയോസ് മെത്രാപ്പൊലീത്തയെ ധന്യൻ പദവിയിലേക്ക് ഫ്രാൻസിസ് മാർപാപ്പ ഉയർത്തി.

വിശുദ്ധരുടെ നാമകരണ നടപടിക്കായുള്ള കാര്യാലയത്തിന്റെ പ്രിഫെക്ട് കർദിനാൾ മർച്ചേലോ സെമേറാനോ ഇതു സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് ഫ്രാൻസിസ് മാർപാപ്പയ്ക്കു നൽകിയിരുന്നു. മറ്റ് അഞ്ച് പേർക്കൊപ്പമാണ് മാർ ഇവാനിയോസിനെ ധന്യ പദവിയിലേക്ക് ഉയർത്തിയത്.

മലങ്കര കത്തോലിക്കാ സഭയുടെ



നേതൃത്വത്തിലുള്ള കൃതജ്ഞതാ ബലിയും അനുസ്മരണ ശുശ്രൂഷയും മാർച്ച് 15-ന് നാലിന് പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രലിൽ കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ നടന്നു.

മാർ ഇവാനിയോസിന്റെ നാമകരണ നടപടി ആരംഭിച്ചത് 1998 ഫെബ്രുവരി 25-ന് ആണ്. 2007 ജൂലൈ 14-ന് ദൈവദാസനായി പ്രഖ്യാപിച്ചു.

നാമകരണ നടപടികളുടെ ഭാഗമായി 2014 ജൂൺ 23-ന് കബറിടം തുറന്ന് പരിശോധിച്ചിരുന്നു. തുടർന്ന് ഒരു ലക്ഷം പേജ് വരുന്ന റിപ്പോർട്ട് റോമിലേക്ക് അയച്ചു. നാമകരണ നടപടിയിൽ ഇനി പൂർത്തിയാകാനുള്ളത് വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ എന്നീ പദവികളാണ്. ധന്യൻ മാർ ഇവാനിയോസിന്റെ മധ്യസ്ഥതയിൽ അത്ഭുതങ്ങൾ സ്ഥിരീകരിക്കുമ്പോഴാണ് ഈ പ്രഖ്യാപനങ്ങൾ നടക്കുക.

# സിഎംഎ വിമൻസ്ഫോറം കലാമത്സര വിജയികൾ

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ചിക്കാഗോ മലയാളി അസോസിയേഷന്റെ വിമൻസ്ഫോറം നടത്തിയ കലാമത്സരങ്ങളുടെ വിജയികളെ പ്രഖ്യാപിച്ചു.



പ്രിയ ഷിനോജ്



ടെസ്സി പുത്തൻവീട്ടിൽ



ലൈസാമ്മ കല്ലിടുക്കിൽ



സൂസൻ ഇടമല

ചെറുകഥാ മത്സരത്തിൽ പ്രിയ ഷിനോജിന്റെ നേർക്കാഴ്ചകൾ എന്ന കഥ ഒന്നാം സമ്മാനം നേടി. ലിജി തോമസിന്റെ എന്റെ ഹൃദയത്തിന്റെ കൂട് രണ്ടാം സ്ഥാനവും ലിറ്റി സിറിയക്കിന്റെ തിരിച്ചറിവുകൾ എന്ന കഥ മൂന്നാം സ്ഥാനവും നേടി. എല്ലാ കഥകളും നല്ല നിലവാരം പുലർത്തിയിരുന്നുവെന്ന് വിധികർത്താക്കൾ അഭിപ്രായപ്പെട്ടു.

വെജിറ്റബിൾ കാർവിങ് മത്സരത്തിൽ ടെസ്സി പുത്തൻവീട്ടിൽ ഒന്നാം സ്ഥാനവും ലൈസാമ്മ കല്ലിടുക്കിൽ രണ്ടാം സ്ഥാനവും അലീന ഡാനിയേൽ മൂന്നാം സ്ഥാനവും നേടി.

ഫ്ളവർ അറേഞ്ച്മെന്റിൽ ലൈസാമ്മ കല്ലിടുക്കിലും നീതു തമ്പിയും വിജയികളായി. സാരി ഉടുക്കൽ മത്സരത്തിൽ സൂസൻ ഇടമല, നിഷാ സിറിയക്, തനുജ പ്രേമി ടെജി എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മത്സരങ്ങളുടെ വിധികർത്താക്കളായി എബി സുരേഷ്, ലിൻസ് ജോസഫ്, ലെജി പട്ടരുമഠത്തിൽ, സജി കളരിത്തറ, ബീന ജോർജ്, ബീന കണ്ണൂക്കാടൻ, ലീന ഡാനിയേൽ, ഡെന്നി പുല്ലപ്പള്ളിൽ, അനീറ്റ്മോൾ ലൈജു എന്നിവർ പ്രവർത്തിച്ചു.

# കർണാടക ഡെപ്യൂട്ടി മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ ഫോമാ കൺവൻഷനിലേക്ക്

ന്യൂയോർക്ക്: കർണാടക ഡെപ്യൂട്ടി മുഖ്യമന്ത്രിയും ഇന്ത്യൻ രാഷ്ട്രീയത്തിലെ കരുത്തരായ നേതാക്കളിൽ ഒരാളുമായ ഡി.കെ. ശിവകുമാർ ഫോമാ സമ്മേളനത്തിലേക്ക്. ഫോമാ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ് ബംഗ്ളൂരിൽ നേരിട്ടെത്തിയാണ് പി.സി.സി പ്രസിഡണ്ട് കൂടിയായ അദ്ദേഹത്തെ ക്ഷണിച്ചത്. "വരാമെന്നാണ് അദ്ദേഹം പറഞ്ഞത്. ഓഗസ്റ്റിൽ കൺവൻഷൻ ആകുമ്പോഴേയ്ക്കും ലോക്സഭാ ഇലക്ഷൻ കഴിഞ്ഞിരിക്കുമെന്നും അതിനാൽ കൺവൻഷന് വരാൻ മറ്റു തടസ്സങ്ങളൊന്നും ഇല്ലെന്നുമാണ് അറിയിച്ചത്. തന്നെ ക്ഷണിച്ചതിൽ ഫോമായോടുള്ള പ്രത്യേക നന്ദിയും അദ്ദേഹം അറിയിച്ചു." ഡോ. ജേക്കബ് തോമസ് പറഞ്ഞു.

മലയാളികളുടെ വലിയ സാന്നിദ്ധ്യവും ഐടി മേഖലയുടെ കേന്ദ്രവുമായ ബംഗ്ളൂരിൽ കോൺഗ്രസ് ഭരണം തിരിച്ചു പിടിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചത് ശിവകുമാറായിരുന്നു. മറ്റു സ്റ്റേറ്റുകളിലും പാർട്ടി മന്ത്രിസഭകളും മറ്റും പ്രതിസന്ധി നേരിടുമ്പോൾ ട്രബിൾ ഷൂട്ടറായി പോകുന്നതും അദ്ദേഹമാണ്. അങ്ങനെയൊരാളെ കൺവൻഷനിൽ പങ്കെടുപ്പിച്ചാൽ നന്നായിരിക്കുമെന്ന് പലരും അഭ്യർത്ഥിച്ചതനുസരിച്ചാണ് അദ്ദേഹത്തെ പോയി കണ്ടതെന്ന് ജേക്കബ് തോമസ് പറഞ്ഞു.

കേരളീയരുമായി നല്ല ബന്ധം പുലർത്തുന്ന അദ്ദേഹം ഏറെ താല്പര്യത്തോടെയാണ് ക്ഷണം സ്വീകരിച്ചത്. അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ അവസ്ഥയും ഫോമായുടെ പ്രവർത്തനങ്ങളും അദ്ദേഹം ചോദിച്ചറിഞ്ഞു.

ഓഗസ്റ്റ് 8 മുതൽ 11 വരെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ ലോകപ്രശസ്തമായ പുന്റ കാനയിലെ ബാർസലോ ബവാരോ പാലസ് റിസോർട്ടിൽ നടക്കുന്ന കൺവൻഷനിൽ കേരളത്തിൽ നിന്നുള്ള ഒരു മന്ത്രിയും എംഎൽഎമാരും രാഷ്ട്രീയ നേതാക്കളും പങ്കെടുക്കുന്നു.

കൺവൻഷന്റെ രജിസ്ട്രേഷൻ ഓൺലൈനിൽ മുന്നേറുന്നു. വിമാന ടിക്കറ്റ് നേരത്തെ എടുക്കുന്നതായിരിക്കും കുറഞ്ഞനിരക്കിൽ കിട്ടുന്നതിന് നല്ലതെന്നും അദ്ദേഹം പറഞ്ഞു.

ഏഴു തവണ നിയമസഭാംഗം, നാല് തവണ സംസ്ഥാന കാബിനറ്റ് വകുപ്പ് മന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ച ശിവകുമാർ നിലവിൽ സംസ്ഥാന ഉപമുഖ്യമന്ത്രിയും കർണാടക പി.സി.സി പ്രസിഡണ്ടുമാണ്.

ദൊദ്ദലഹള്ളി കെമ്പഗൗഡ ശിവകുമാർ അഥവാ ഡി.കെ.എസ് എന്ന റിയപ്പെടുന്ന ഡി.കെ. ശിവകുമാർ (62) ഇന്ത്യയിലെ ഏറ്റവും വലിയ ധനികനായ നിയമസഭാംഗം എന്ന നിലയിലാണ് ശിവകുമാർ അറിയപ്പെടുന്നത്. 2018-ലെ നിയമസഭാ തെരഞ്ഞെടുപ്പിലെ സ്വത്ത് വിവരമനുസരിച്ച് ഏകദേശം 840 കോടി രൂപയുടെ ആസ്തിയാണ് ശിവകുമാറിനുള്ളത്.

കഴിഞ്ഞ തവണ കാങ്കുനിൽ കൺവൻഷൻ നടത്തിയപ്പോൾ മുൻ കേന്ദ്രമന്ത്രി തമിഴ്നാട്ടുകാരനായ നെപ്പോളിയൻ പങ്കെടുത്തിരുന്നു.

ദേവാസുരം സിനിമയിൽ മുണ്ടക്കൽ ശേഖരനെ അവതരിപ്പിച്ചു മലയാളികൾക്കിടയിലും അദ്ദേഹം ശ്രദ്ധേയനായിരുന്നു.







Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts


# വായനയുടെ നവ്യാനുഭവവുമായി രാജു തരകന്റെ 'ഇടയകന്യക' പ്രസിദ്ധീകരിച്ചു

തോമസ് മുല്ലയ്ക്കൽ

അമേരിക്കൻ മലയാളികൾക്കിടയിൽ ക്രൈസ്തവ സാഹിത്യരംഗത്ത് പത്രാധിപർ, ലേഖകൻ, കോളമിസ്റ്റ്, ഗ്രന്ഥകാരൻ, സംഘാടകൻ എന്നീ നിലകളിൽ പ്രസിദ്ധനായ രാജു തരകൻ രചിച്ച ഏറ്റവും പുതിയ പുസ്തകമാണ് 'ഇടയകന്യക.' ജ്ഞാനിയായ ശലോമോൻ രാജാവിന്റെ ഏറ്റവും ഉദാത്തമായ പുസ്തകങ്ങളിലൊന്നാണ് ഉത്തമഗീതം. വളരെയധികം വ്യാഖ്യാനങ്ങളോ കൃതികളോ ഒന്നും ഉത്തമഗീതത്തിലെ ഇടയകന്യകയെയും ഇടയച്ചെറുക്കനെയുംപറ്റി പുറത്തുവന്നിട്ടില്ല. മഹാകവി കെ.വി. സൈമൺ സാറിനെപ്പോലെയുള്ള ക്രിസ്തീയ സംഗീത രചയിതാക്കളുടെ ഗാനങ്ങളിൽ ഉത്തമഗീതത്തിലെ കഥാപാത്രങ്ങൾ ഏറെ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിലും പൊതുവെ പ്രസംഗകരും വേദപഠിതാക്കളും പവിത്രസ്നേഹത്തിന്റെ സുന്ദര കാവ്യം ഉൾപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തെ അവഗണിക്കുന്നത് എന്തുകൊണ്ടാണെന്നറിയില്ല. ഒരുപക്ഷേ അതിലെ വരികളിൽ പ്രതിപാദിച്ചിരിക്കുന്ന പ്രേമാതുരമായ വാക്കുകളാകാം. എന്നാൽ, യഹൂദന്മാർ എക്കാലത്തും അവരുടെ പരമപ്രധാനമായ ഉത്സവങ്ങളിലൊന്നായ പെസഹാപെരുന്നാളിന്റെ സമയത്ത് ആവർത്തിച്ചു പാടുന്നത് ഉത്തമഗീതത്തിലെ വരികളാണെന്നത് എത്രപേർക്കറിയാം.

'ഇടകകന്യക' എന്ന ഈ പുസ്തകത്തിലെ ആദ്യത്തെ അദ്ധ്യായം ആരംഭിക്കുന്നതു തന്നെ ചുംബനത്തോടുകൂടിയാണ്. കാന്തനും കാന്തയും തമ്മിലുള്ള വിവാഹജീവിതത്തിലെ ചുംബനം മുതൽ ചതി പിന്നിലൊളിപ്പിച്ച യൂദായുടെ ചുംബനം വരെ സരസമായി രചിച്ചിരിക്കുന്നത് ഒരു പുതിയ വായനാനുഭവം നല്കുന്നു. ഈ ഗ്രന്ഥത്തിലെ നാല് അദ്ധ്യായങ്ങളിലായി ഉത്തമഗീതത്തിലെ എട്ട് അദ്ധ്യായങ്ങൾ വ്യക്തമായി വ്യാഖാനിച്ചിരിക്കുന്നു. കൊട്ടാരത്തിലെ ഇടയകന്യകയും പ്രാവിന്റെ കണ്ണുകൾപോലെ സുന്ദരമായ ശൂലേമിയുടെ കണ്ണുകളും, ഒടുവിൽ ആ കണ്ണുകളുയർത്തി പ്രിയനായി കാത്തിരിക്കുന്ന കന്യകയുമൊക്കെ സഭയുടെ കാന്തനായ പതിനായിരങ്ങളിൽ സുന്ദരനായ യേശുക്രിസ്തുവിലേക്ക് വായനക്കാരെ നയിക്കും എന്നതിന് സംശയമില്ല. ബൈബിൾ പഠിതാക്കൾക്കും പ്രസംഗകർക്കും ഈ വ്യാഖ്യാനഭാഗം ചിന്തയുടെ ഒരു പുതിയ തലത്തിലേക്ക് കൊണ്ടുപോകും എന്നതിന് സംശയമില്ല.

തുടർന്നു കാണുന്ന അമ്പത്തിയൊന്ന് അദ്ധ്യായങ്ങളിലായി ഉൾപ്പെടുത്തിയിരിക്കുന്നത് പല സന്ദർഭങ്ങളിലായി രാജു തരകൻ രചിച്ച ലേഖനങ്ങളുടെ സമാഹാരമാണ്. അതിൽ ശലോമോന്റെ രചനകൾപോലെ ചെറുതും വലുതുമായ അനേകം സംഗതികൾ ലളിതസുന്ദരമായി അവതരിപ്പിച്ചിട്ടുണ്ട്. സൂര്യനു താഴെ കാണുന്ന എന്തിനെക്കുറിച്ചും പഠിക്കുകയും എഴുതുകയും ചെയ്തിരുന്ന യിസ്രായേൽ രാജാവായിരുന്നല്ലോ ശലോമോൻ. ഇവിടെ ഗ്രന്ഥകർത്താവ് മലയാളികളുടെ ഇടയിലുള്ള പ്രത്യേകാൽ മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ സഭയിലും സമൂഹത്തിലുമുള്ള വിവിധ കാര്യങ്ങളെക്കുറിച്ച് നന്നായി വീക്ഷിച്ചിരിക്കുന്നതായി കാണാം. അപ്പോൾത്തന്നെ സാമൂഹിക ജീവിതത്തിലെ പുഴുക്കുത്തുകളും നന്മകളും നല്ല ഉദാഹരണങ്ങളിലൂടെ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിട്ടുണ്ട്.




'എല്ലാവരും ഒരുപോലെയല്ല, എല്ലാവരും നല്ലവരല്ല' എന്ന അദ്ധ്യായത്തോടെയാണ് ലേഖനസമാഹാരം തുടങ്ങുന്നത്. ഈ വാചകം ഏബ്രഹാം ലിങ്കൺ മകനുവേണ്ടി എഴുതിയ കത്തിലെ വാക്കുകളാണ്. അനേക പരാജയങ്ങൾ ഏറ്റുവാങ്ങിയെങ്കിലും ഒടുവിൽ അമേരിക്കയുടെ പ്രസിഡണ്ട് പദവിയിൽ വരെ എത്തിയ അദ്ദേഹം പറഞ്ഞ മറ്റൊരു വാക്കും ഇവിടെ ശ്രദ്ധേയമാണ്. "ഞാൻ നടക്കുന്നത് സാവധാനമായിരിക്കാം. പക്ഷേ, ഞാൻ ഒരിക്കലും പുറകിലേക്ക് സഞ്ചരിക്കാറില്ല." മുമ്പോട്ടുള്ള അദ്ധ്യായങ്ങളിൽ ക്രിസ്മസും യുദ്ധഭൂമിയിലെ നിലവിളികളും പ്രവാസത്തിൽ നിന്നും മടങ്ങിയെത്തിയ വിധവയും സ്ത്രീധനവുമൊക്കെ ചിന്താവിഷയങ്ങളാകുന്നു. ജീവിതത്തിലെ പ്രതിസന്ധികളെ നേരിടാൻ സഹായിക്കുന്ന നിലയിലുള്ള പല ജീവിത പാഠങ്ങളും രാജു തരകൻ ഇതിൽ കുറിക്കുന്നുണ്ട്.

സഭകളിലെ ആത്മീയ ശോഷണവും സഭാശുശ്രൂഷകന്മാരുടെ ആത്മീയനിലവാരവുമൊക്കെ പല അദ്ധ്യായങ്ങളിലും പരാമർശിക്കുന്നുണ്ട്. ഒരു ഉദാഹരണമാണ്-ആരാധനയ്ക്കിടയിൽ പാസ്റ്റർക്ക് ജോലിയിൽ നിന്നും ഫോൺ, ഉടൻ ജോലിയിൽ പ്രവേശിക്കുക എന്ന അദ്ധ്യായം. കുറ്റപ്പെടുത്തലുകൾക്കപ്പുറം സാന്ത്വനത്തിന്റെ പ്രകാശരശ്മികൾ നമുക്ക് ഓരോ ലേഖനത്തിലും കാണാം. ദൈവവചനത്തിന്റെ അന്തഃസത്ത ഒട്ടും ചോർത്തിക്കളയാതെ അതു വേണ്ടയിടത്ത് നന്നായി ചേർക്കുവാനും ലേഖകൻ ശ്രമിച്ചിട്ടുണ്ട്. പെന്തെക്കോസ്ത് കോൺഫറൻസുകളും സഭകളിലെ തെരഞ്ഞെടുപ്പ് സംവിധാനവുമൊക്കെ വിശദമായ ചർച്ചയ്ക്ക് ഇതിൽ വിധേയമാക്കപ്പെടുന്നുണ്ട്. ദുരുപദേശങ്ങൾ കൊണ്ട് സഭയിൽ സംഭവിക്കുന്ന കുഴപ്പങ്ങളും തന്മയത്വത്തോടെ ചില അദ്ധ്യായങ്ങളിലും പ്രതിപാദിക്കുന്നുണ്ട്.

ഏറ്റവും ഒടുവിലായി വിജ്ഞാനത്തിന്റെ ലോകത്തിലേക്കുള്ള ഓരോ ചുവടുവെപ്പുകളും സൂക്ഷ്മതയോടെ വേണം എന്ന ലേഖനം ഈ കാലഘട്ടത്തിൽ അത്യാവശ്യമായി നല്കേണ്ട മുന്നറിയിപ്പാണ്. മാധ്യമപ്രവർത്തന രംഗത്ത് അര നൂറ്റാണ്ട് പിന്നിടുന്ന രാജു തരകന്റെ ഹൃദയത്തിൽ തൊടുന്ന കുറിപ്പുകൾ ഓരോ മലയാളിക്കും പ്രത്യേകാൽ പ്രവാസി മലയാളികൾക്ക് ഒരു പാഠപുസ്തകമാണ്. ഹൈസ്കൂളിൽ പഠിക്കുമ്പോൾ മലയാള മനോരമയിൽ ക്രിസ്മസിനെക്കുറിച്ചെഴുതിയ പ്രതികരണമാണ് ആദ്യമായി പ്രസിദ്ധീകരിച്ച തന്റെ രചന. മഹാരാഷ്ട്രയിൽ ഇലക്ട്രോണിക്സ് സ്ഥാപനത്തിൽ സർവീസ് എഞ്ചിനീയറായി ഔദ്യോഗിക ജീവിതം ആരംഭിച്ച തരകൻ വിവിധ വാർത്താ മാധ്യമങ്ങളിൽ ഫ്രീലാൻസ് റിപ്പോർട്ടറായി സേവനം ചെയ്തിട്ടുണ്ട്. പൂനെയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'മലയാള ശബ്ദ'ത്തിന്റെ എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്.

അമേരിക്കയിലെ പ്രവാസജീവിതത്തിന്റെ ഭാഗമായി സാഹിത്യരചനയിൽ മാത്രമല്ല സംഘാടനമേഖലയിലും ലേഖകൻ സജീവമാണ്. മലയാളി പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറത്തിന്റെയും ഇന്തോ-അമേരിക്കൻ പ്രസ്ക്ലബിന്റെയും ഔദ്യോഗിക പദവികൾ വഹിച്ചിട്ടുള്ള രാജു തരകൻ, ഡോ. ജോർജ് തരകന്റെയും തങ്കമ്മ ജോർജിന്റെയും മക്കളിലൊരാളാണ്.

ഇപ്പോൾ ഡാളസിൽ താമസിച്ചുകൊണ്ട് പൂർണ്ണസമയം പത്രപ്രവർത്തനവും സാഹിത്യരചനകളും പ്രേഷിത പ്രവർത്തനങ്ങളും നടത്തുന്ന രാജു തരകൻ 'എക്സ്പ്രസ് ഹെറാൾഡ്' എന്ന ഓൺലൈൻ പത്രത്തിന്റെ ചീഫ് എഡിറ്റർ കൂടിയാണ്.

# മങ്ക വിമൻസ് ക്ലബിന് ഉജ്വല തുടക്കം

ബിന്ദു ടിജി

സാൻഫ്രാൻസിസ്കോ: മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ (മങ്ക)യുടെ ഭാഗമായി രൂപീകരിച്ച വിമൻസ് ക്ലബിന്റെ ഔദ്യോഗിക ഉദ്ഘാടനം പ്രൗഢഗംഭീരമായി നടന്നു. അന്തർദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് മാർച്ച് ഒൻപതിന് യൂണിയൻ സിറ്റി ഹോളി കമ്യൂണിറ്റി സെന്ററിൽ വെച്ചായിരുന്നു ഉദ്ഘാടന സമ്മേളനം നടന്നത്. നൂറ്റിഅറുപതോളം വനിതകൾ പങ്കെടുത്ത ചടങ്ങിൽ യുഎസ്എ വിമൻസ് നാഷണൽ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ സിന്ധു ശ്രീഹർഷ മുഖ്യാതിഥി ആയിരുന്നു. ഫ്രീമോണ്ട് സിറ്റി കൗൺസിൽ അംഗങ്ങളായ തെരേസ കോക്സ്, മങ്ക ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ ഗീത ജോർജ് എന്നിവരും അതിഥികളായി എത്തി. ബേ ഏരിയയിലെ കലാകാരികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ചടങ്ങിനു നിറപ്പകിട്ടേകി. തുടർന്നു നടന്ന മിസ് എലഗൻസ് മത്സരം കാണികളുടെ ശ്രദ്ധ പിടിച്ചുപറ്റി. ഏകദേശം ഇരുപത്തിയഞ്ച് വനിതകൾ പങ്കെടുത്ത മത്സരം ബിജി പോൾ ആണ് നിയന്ത്രിച്ചത്. ഡിംപിൾ ജോസഫ് മിസ് എലഗൻസ് ആയി കിരീടം ചൂടി. ഉഷ ഡോൺ രണ്ടാം സ്ഥാനവും ഷീജ രാജീവ് മൂന്നാം സ്ഥാനവും നേടിയ. മങ്ക വിമൻസ് ക്ലബിന്റെ ന്യൂസ് ലെറ്റർ 'തൂലിക' മങ്ക പ്രസിഡണ്ട് സുനിൽ വർഗീസ് പ്രകാശനം ചെയ്തു. തൂലികയുടെ ആദ്യ പതിപ്പ് സിന്ധു ശ്രീഹർഷയ്ക്ക് നല്കിയാണ് പ്രകാശനകർമ്മം നിർവഹിച്ചത്. പരിപാടികൾക്കൊടുവിൽ നർത്തകി സേതുവിന്റെ നേതൃത്വത്തിൽ പ്രേക്ഷകർ ആവേശപൂർവം ഹാളിൽ നൃത്തം ചെയ്തു. വിമൻസ് ക്ലബ് കോ-ഓർഡിനേറ്റേഴ്സായ ജാസ്മിൻ പരോൾ, കവിതാ പ്രമോദ് എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു. വിമൻസ് ക്ലബിലെ മറ്റു ഭാരവാഹികളായ ലിസി ജോൺ, റെനി പൗലോസ്, പദ്മപ്രിയ പാലോട്ട്, സ്മിത രാമചന്ദ്രൻ തുടങ്ങിയവർ ചേർന്നാണ് മുഴുവൻ പരിപാടികളും ക്രമീകരിച്ചത്. മങ്ക ട്രഷറർ മേരിദാസൻ ജോസഫ്, ബോർഡ് ഓഫ് ഡയറക്ടേഴ്സ് ജോൺ പോൾ, ഹരി പുതുശ്ശേരി, ജോബി പൗലോസ്, ജിതേഷ് ചന്ദ്രൻ, ജോൺ പുലിക്കോട്ടിൽ, സിജോ പാറപ്പള്ളിൽ എന്നിവരും പരിപാടിയിൽ സന്നിഹിതരായിരുന്നു. ബേ ഏരിയ വനിതാ ശാക്തീകരണത്തിനുള്ള വിവിധ പരിപാടികളുമായി വിമൻസ് ക്ലബ് മുന്നോട്ടു വരുമെന്ന് ഭാരവാഹികൾ അറിയിച്ചു.





# ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പ്രവർത്തനോദ്ഘാടനം വർണ്ണശബളമായി

**സിറിൾ ജോസ് തൈപ്പറമ്പിൽ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെയും പോഷകസംഘടനകളായ കിഡ്സ് ക്ലബ്, കെസിജെഎൽ, കെസിവൈഎൽ, യുവജനവേദി, വിമൻസ്ഫോറം, ബെസ്റ്റ് ഈയേഴ്സ് ഓഫ് ലൈഫ് എന്നിവയുടെയും 2024 - ലെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 10 - ന് കെ.സി.എസ് കമ്മ്യൂണിറ്റി സെന്ററിലെ നിറഞ്ഞുകവിഞ്ഞ സദസ്സിനെ സാക്ഷിനിർത്തി വിജയകരമായി നടത്തപ്പെട്ടു.

ഇന്ത്യൻ കോൺസുലേറ്റിലെ സീനിയർ കോൺസുൽ സന്ദീപ് ചൗധരി മുഖ്യാതിഥിയായിരുന്നു. സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളി വികാരി






ഫാ. അബ്രാഹം മുത്തോലത്ത്, മിസ്സൂറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് എന്നിവരും അതിഥികളായിരുന്നു. സംഘടനയുടെ ഈ വർഷത്തെ പ്രസിഡണ്ട് സിറിൾ ജോസ് തൈപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. നിലവിളക്കു കൊളുത്തി ഉദ്ഘാടനകർമ്മം നിർവഹിച്ച ചടങ്ങിൽ ബിൽഡിങ് ബോർഡ് ഭാരവാഹികളായ റെജി പരുമണത്തേട്ട്, ബോബി കണ്ടത്തിൽ, ലെയ്സൺ ബോർഡ് അംഗങ്ങളായ റോബർട്ട് പറത്താത്ത്, റീജോ മുണ്ടക്കൽപറമ്പിൽ, സാബു മാന്തുരുത്തിൽ, കെസിസിഎൻഎ ആർവിപി അനൂപ് മ്യാൽക്കരപ്പുറത്ത്, മറ്റ് നാഷ




ണൽ കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ചെണ്ടമേളത്തിന്റെ അകമ്പടിയോടു കൂടി സംഘടനയുടെയും പോഷകസംഘടനകളുടെയും ഭാരവാഹികളും ഫൊറോനാ നേതാക്കന്മാരും പങ്കെടുത്ത ഘോഷയാത്രയ്ക്ക് ഷിജോ പഴേമ്പള്ളി കമന്ററി നല്കി. കിഡ്സ് ക്ലബ്, കെസിജെഎൽ, കെസിവൈഎൽ, യുവജനവേദി, വിമൻസ്ഫോറം, ബിവൈഒഎൽ തുടങ്ങിയവർ അവതരിപ്പിച്ച കലാവിരുന്ന് വർണ്ണശബളമായി. ഫൊറോനാ നേതാക്കളും നാഷണൽ കൗൺസിൽ അംഗങ്ങളും വിരുന്നൊരുക്കാൻ മുന്നിൽ അണിനിരന്നു.

പരിപാടികൾക്ക് കെസിഎസ് എക്സിക്യൂട്ടീവ് അംഗങ്ങളായ സിറിൽ ജോസ് തൈപ്പറമ്പിൽ (പ്രസിഡണ്ട്), സ്മിത കടവിൽ (വൈസ് പ്രസിഡണ്ട്), വിനീത് എറണിക്കൽ (സെക്രട്ടറി), ജോ നെടുമാക്കൽ (ജോയിന്റ് സെക്രട്ടറി), വിശാൽ കക്കാട്ടിൽ (ട്രഷറർ), സ്മിത തൈക്കാട്ട് (സോഷ്യൽ എക്സിക്യൂട്ടീവ്), ഡോ. നവീൻ പതിയിൽ (സർവീസ് എക്സിക്യൂട്ടീവ്) തുടങ്ങിയവർ നേതൃത്വം നല്കി. സിദ്ധാർത്ഥ് എറണിക്കൽ, നിഖിത ചേരിയിൽ എന്നിവർ എംസിമാരായിരുന്നു.
















# ചിക്കാഗോ സേക്രഡ് ഹാർട്ട് ഫൊറോനാ ദേവാലയത്തിന്റെ പുനർ കൂദാശാ കർമ്മങ്ങളിലൂടെ...

ഫോട്ടോ ഫീച്ചർ

## ചിക്കാഗോ സേക്രഡ് ഹാർട്ട് ഫൊറോനാ ദേവാലയ പുനർ കൂദാശ നവ്യാനുഭവമായി

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ക്നാനായ കത്തോലിക്കരുടെ നോർത്ത് അമേരിക്കയിലെ ആദ്യ ദേവാലയമായ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയം ചിക്കാഗോയിലെ ബെൻസൻ വില്ലിൽ പുനർകൂദാശാ കർമങ്ങളിലൂടെ ഇന്നുമുതൽ ശുശ്രൂഷാസജ്ജമായി. ക്നാനായ സമുദായത്തിന്റെ വലിയ ഇടയൻ ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട്, ചിക്കാഗോ സെന്റ് തോമസ് രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട്, ബിഷപ് എമിരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത്, ജൂലിയറ്റ് രൂപതാദ്ധ്യക്ഷൻ ബിഷപ് റൊണാൾഡ് ഹിക്സ് എന്നിവർ പുനർകൂദാശാ കർമങ്ങൾക്ക് കാർമികത്വം വഹിച്ചു. രൂപതാ ചാൻസലർ ഫാ. ജോർജ് ദാനവേലിൽ ഡിക്രി വായിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ സ്വാഗതം ആശംസിച്ചു. വിശ്വാസജീവിതത്തെയും സമുദായ പാരമ്പര്യങ്ങളെയും പരിരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായിരിക്കണമെന്നും പൂർവികരുടെ ത്യാഗപൂർണമായ സമർപ്പണങ്ങൾ മറക്കരുതെന്നും ദൈവകേന്ദ്രിതമായ ഒരു സമൂഹമാണ് നമ്മളെന്ന ഓർമയെ പ്രോജ്ജ്വലിപ്പിക്കാൻ ഇത്തരം അവസരങ്ങൾ സഹായിക്കട്ടെയെന്നും മാർ മാത്യു മൂലക്കാട്ട് മെത്രാപ്പൊലീത്ത ഉദ്ഘാടനപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. നാമോരോരുത്തരും സജീവശിലകളാൽ നിർമിതങ്ങളായ ആലയങ്ങളാണെന്നും ഹൃദയങ്ങളിൽ പണിയപ്പെടുന്ന ദേവാലയങ്ങളെയാണ് ദൈവം കൂടുതൽ മാനിക്കുന്നതെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ മാർ ജോയ് ആലപ്പാട്ട് ഉദ്ബോധിപ്പിച്ചു. ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും ഒപ്പം വിശ്വാസത്തിലുറച്ച ഒരു സമൂഹമായി വളരാൻ പുതിയ ദേവാലയം ഉപയുക്തമാകട്ടെയെന്ന് ജൂലിയറ്റ് രൂപതാദ്ധ്യക്ഷൻ ബിഷപ് ഹിക്സ് വചനസന്ദേശത്തിൽ ആഹ്വാനം ചെയ്തു. പുതിയ ദേവാലയത്തിന്റെ പുതിയ ലോഗോ ബിഷപ് എമിരിറ്റസ് മാർ. ജേക്കബ് അങ്ങാടിയത്ത് പ്രകാശനം ചെയ്തു. ഇടവകാംഗമായ മനീഷ് ഇല്ലിമൂട്ടിലാണ് ലോഗോ രൂപകല്പന ചെയ്തത്. മുൻവികാരിമാരായ ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. സജി പിണർക്കയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രോഗ്രാം കമ്മിറ്റി കൺവീനർ റ്റീന നെടുവാമ്പുഴ കൃതജ്ഞത പറഞ്ഞു.

ചിക്കാഗോയിലും സമീപപ്രദേശങ്ങളിലുമുള്ള ക്നാനായ സമുദായാംഗങ്ങളും ക്നാനായ റീജിയണിലെ ഇതര വൈദികരും അല്മായ പ്രതിനിധികളും സമീപത്തുള്ള മറ്റ് ക്രൈസ്തവ സഭാംഗങ്ങളും സന്യസ്തരും ആത്മീയനേതൃത്വവും ഈ ശുശ്രൂഷകളിൽ പങ്കെടുത്തപ്പോൾ ആത്മീയചൈതന്യത്താൽ എല്ലാവരും നവീകരിക്കപ്പെടുകയായിരുന്നു.

ഇന്ത്യയ്ക്ക് വെളിയിൽ ക്നാനായക്കാർക്കായി സ്ഥാപിച്ച ആദ്യ ദൈവാലയമായ മെയ് വുഡ് സേക്രഡ് ഹാർട്ട് ദൈവാലയമാണ് സൗകര്യപ്രദമായ ബെൻസൻവില്ലിലേക്ക് മാറ്റിയത്.

വികാരി റവ. ഫാ. തോമസ് മുളവനാൽ, അസി. വികാരി റവ. ഫാ. ബിൻസ് ചേത്തലിൽ, ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ എന്നിവരുടെയും വിവിധ കമ്മിറ്റികളിൽ സമർപ്പണബുദ്ധിയോടെ പ്രവർത്തിച്ച അനേകരുടെയും നേതൃത്വമാണ് ഈ പരിപാടികളെ ദൈവാനുഗ്രഹപ്രദമാക്കിയത്. ജൂലിയറ്റ് രൂപതയുടെ അജപാലനപരിധിയിൽ ഉണ്ടായിരുന്ന ബെൻസൻവിൽ സെന്റ് ചാൾസ് ബൊറോമിയോ ദൈവാലയമാണ് ചിക്കാഗോയിലെ ക്നാനായ കത്തോലിക്കാ സമൂഹം തങ്ങളുടെ പുതിയ ദൈവാലയമായി വാങ്ങിയത്. ഒട്ടേറെപ്പേരുടെ ത്യാഗപൂർണ്ണമായ സംഭാവനകളിലൂടെയാണ് ഈ ദേവാലയം വാങ്ങാൻ ഇടയാക്കിയത്.

ഫോട്ടോ:– അലൻ കൊറ്റംകൊമ്പിൽ



















# ചിക്കാഗോ സേക്രഡ് ഹാർട്ട് ഫൊറോനാ ദേവാലയത്തിന്റെ പുനർ കൂദാശാ കർമ്മങ്ങളിലൂടെ...

ഫോട്ടോ ഫീച്ചർ






























ഫോട്ടോ:– അലൻ കൊറ്റംകൊമ്പിൽ

# വേർതിരിവുകൾ ഇല്ലാതെ ജീവിക്കാൻ സാധിക്കുന്നത് എപ്പോഴാണ്




നിഷ ജൂഡ്, ന്യൂയോർക്ക്

മഞ്ഞുമ്മൽ ബോയ്സ് ലോകസിനിമകളിലോ മലയാളത്തിലോ പോലും അതൊരു ഗംഭീര സിനിമയാണ് എന്നൊന്നും തിയറ്ററിൽ പോയി കണ്ട ഒരുവിധം ആർക്കും തോന്നില്ല, പക്ഷേ ആ മനുഷ്യരുടെ യഥാർത്ഥ ജീവിതത്തിൽ നടന്നത് അങ്ങനെ തന്നെ പകർത്തി വച്ചത്, അതിനു പിന്നിലെ മനുഷ്യരുടെ ഡെഡിക്കേഷൻ, എല്ലാറ്റിനും ഉപരി അവരുടെ സുഹൃത് ബന്ധം, അത് തന്നെയാണ് അതിനെ മനുഷ്യർ നെഞ്ചിലേറ്റാനുള്ള കാരണം എന്നാണ് ഞാനും വിശ്വസിക്കുന്നത്. ഒറിജിനൽ മഞ്ഞുമ്മൽ ബോയ്സിന്റെ, അവരുടെ ഇന്റർവ്യൂകൾ, സിനിമ കണ്ടു കഴിഞ്ഞാണ്, ഒരുപാട് എണ്ണം കണ്ടത്. അതിൽ മനസ്സിൽ തങ്ങി നിന്ന ഒന്ന് 2006 ഇൽ ചെയ്ത അവരുടെ ഡോക്യൂമെന്ററിയും പെടുന്നു.

പത്തു ഇരുപതു വർഷം മുമ്പ് കോളേജീന്ന് എവിടെ ങ്കിലും ടൂർ പോയ കുറേ ഫോട്ടോയും വീഡിയോയും കണ്മണി പാട്ടും ചേർത്ത് റീൽ ഉണ്ടാക്കലാണ് ഇപ്പോ ഴത്തെ ട്രെൻഡ് എന്ന ട്രോള് കണ്ട് ചിരിച്ചിരിക്കുമ്പോ ഴാണ്, 1998-99-ൽ കോളേജിലെ വേറെ ബാച്ചിലെ 19/20 വയസ്സുള്ള കുറേ പിള്ളേര് ഗുണാ കേവ്, കൊടൈക്കനാൽ വിനോദയാത്രയ്ക്ക് പോയ റീൽ ഉണ്ടാക്കിയത് സുഹൃത്ത് വാട്സ് ആപ്പിൽ കൊണ്ട് തന്നത്, ചിരി മാറി സന്തോഷം കൊണ്ട് കണ്ണു നിറഞ്ഞു എന്റെ മകന്റെ പ്രായം ആണ് അന്ന് അതിലെ കോളേജ് മേറ്റ്സ് ചെക്കന്മാർക്കും പെൺപിള്ളേർക്കും. സുഹൃത്തിനെ കയ്യോടെ വിളിച്ചു അവരുടെ പഴയ കാല ടൂർ വിശേഷങ്ങൾ കേട്ടു. കൂട്ടത്തിൽ 'ഷിബു' (പേരൊന്നു മാറ്റി അല്ലെങ്കിൽ ഇടി ഉറപ്പല്ലേ) പിള്ളേര് സിനിമയിൽ ഓടി ചാടിയതുപോലെ ഇതൊക്കെ നിസ്സാരം എന്ന് പറഞ്ഞു ഗുണാ കേവിൽ ചുമ്മാ ഓടിച്ചാടി നടക്കുന്നത് കണ്ട് സൈക്കോളജി പഠിപ്പിക്കുന്ന 'സുധാകരൻ സാർ' (വീണ്ടും പേര് മാറ്റി) 'ഷിബു ഇങ്ങു വരൂ...'! അടുത്ത് വന്ന ഷിബുവിന് പട്ടച്ചാരായത്തിന്റെ സ്മെൽ!

'എല്ലാവരും അങ്ങോട്ട് മാറി നിൽക്ക്, ഷിബു ഇവിടെ വാ....'

പാറയുടെ അപ്പുറത്തേക്ക് മാറ്റി നിർത്തി വെഞ്ഞാറമൂടിനെ പോലെ, 'ഇങ്ങനെയാണെങ്കി ഈ കളിയ്ക്ക് ഞാൻ ഇല്ല, ഒരു തുള്ളി എനിക്ക് തന്നില്ലല്ലോടെ...'

'സോറി സാർ ഇത്രേം പേരില്ലേ സാധനം തീർന്നുപോയി...!'

'എങ്ങനെ തോന്നിയെടാ...' ഒരു കരച്ചിൽ

വെൽ, ഈ കഥയൊക്കെ 25 വർഷം കഴിഞ്ഞു കേട്ടത് കൊണ്ട് കൊള്ളാം, അല്ലെങ്കിൽ ഇവന്മാർക്കൊക്കെ റെക്കോർഡും പോസ്റ്ററും ഒക്കെ എഴുതി സഹായിക്കുന്ന കാര്യം രണ്ടാമത് ഒന്ന് ആലോചിച്ചേനെ! ആൽക്കഹോളിക്...

പിന്നേ, ചിലപ്പോ എല്ലാവർക്കും അറിയില്ലായിരിക്കും,

ഇവിടെ തമ്മിൽ പരിചയം ഇല്ലാത്ത ചില അമേരിക്കൻ ക്രിസ്ത്യാനി മലയാളികൾ, അതായത് വിസിബിൾ ക്രിസ്ത്യൻ പേര് ഉള്ളവർ പരസ്പരം പരിചയപ്പെ ടുമ്പോൾ, താൻ ആരാണ് എന്നു വെളിപ്പെടുത്തുന്നതും മറ്റേയാൾ ആരാണ് എന്ന് ചോദിച്ചറിയുന്നതും അവരുടെ പള്ളി ഏതാണ് എന്ന് ചോദിച്ചും പറഞ്ഞും ആണ്.

വ്യക്തിപരമായി അതില് അത്ര മോശം ഒന്നും ഞാൻ കാണാറില്ല, ഒരു സാധാരണ നിരുപദ്രവ ചോദ്യം,

'ഞങ്ങൾ അങ്ങനെ പള്ളിയിൽ ഒന്നും പോകാറില്ല..' എന്നോ, 'ഞായറാഴ്ച ഇംഗ്ലീഷ് പള്ളിയിൽ പോയി ഒരു കുർബ്ബാന കൂടും , അത്രേയുള്ളൂ, അല്ലാതെ ഇന്ന പള്ളി എന്നൊന്നും ഇല്ല!', എന്നത് മുതൽ, 'ഞങ്ങൾ ബെത് പേജിലെ സീറോ മലബാർ പള്ളീൽ ആണ് പോകുന്നത് 'ഇവിടെ എൽമണ്ടിലെ മലങ്കര പള്ളീല്', 'ഞങ്ങള് ഓർത്തഡോക്സുകാരുടെ പള്ളി കുറച്ചു ദൂരെയാ, അങ്ങ് ലിംബ്റൂക് വരേ പോണം', 'ഇവിടടുത്തു ഒരു മാർത്തോമാ പള്ളിയുണ്ട്', 'ഞങ്ങൾ ഒരു പെന്തെകോസ്ത് ചർച്ചിൽ', 'ഞങ്ങള് ക്നാനായ കാരുടെ പുതിയ പള്ളിയിൽ', 'സി. എസ്. ഐ പള്ളിയിൽ...' വരേയുള്ള നിരുപദ്രവ മറുപടികൾ!

മനസ്സിലുള്ള കോംപ്ലെക്സ് മുഴുവൻ പുറത്തേക്ക് അറിയാതെ വരുന്ന ചില വിശദീകരണങ്ങൾ ഉണ്ട് ! അതിൽ ഒന്ന് ഈയിടെ കേട്ടു, 'ഞങ്ങൾ സമയം കി ട്ടാത്തത് കൊണ്ട് ഇവിടെ ജസ്റ്റ് കുർബ്ബാനയ്ക്ക് വരുന്നു എന്നേ ഉള്ളൂ, ഞങ്ങള് ലാറ്റിനൊന്നും അല്ല..!'

സർക്കാരിന്റെ ഒബിസി / എസ്ഇബിസി ലിസ്റ്റിൽ വരുന്ന ലത്തീൻസമുദായം ആണ് എന്ന് പറയുന്നത് അഭിമാനക്കുറവ് ഉള്ള ഈ ടൈപ്പ് മനുഷ്യരുടെ ഈ വക കഥപറച്ചിൽ ഞാൻ കേട്ട് നിൽക്കാറുണ്ട്, 'എന്റെ അമ്മ ലാറ്റിൻ അല്ല, പപ്പ ലാറ്റിൻ ആയതുകൊണ്ട് പിന്നെ സ് കൂളിൽ സർട്ടിഫിക്കറ്റിൽ ഞാൻ ലാറ്റിൻ എന്ന് ആയിപ്പോയി, പക്ഷേ ഞാൻ കല്യാണം കഴിച്ചിരിക്കുന്നത് ലാറ്റിനിൽ നിന്നല്ല, പിള്ളാരെ അതുകൊണ്ട് സിറിയൻ പള്ളീൽ ആണ് വേദപാഠത്തിന് വിടുന്നത്! 'ഇതൊക്കെ പറയാതെ, 'അയ്യേ ഞങ്ങൾ നിങ്ങളെ പോലെ ലാറ്റിൻ ഒന്നും അല്ല, ഞങ്ങൾ ഒക്കെ തോമാശ്ലീഹ നേരിട്ട് മാമോദീസ മുക്കിയ ടീമാണ്!' എന്ന് 'തമാശ' പറയുന്നവരും ഒട്ടും കുറവല്ല!

അൾട്ടിമേറ്റ്ലി പള്ളിയും പട്ടക്കാരനും ഒക്കെ അടിസ്ഥാനപരമായി മനുഷ്യസമൂഹത്തിലെ ഒരു

കേരളാ എക്സ്പ്രസ് KERALA EXPRESS
31st Year of Service 2023
Weekly Newspaper National Edition from Chicago
Price $1.00
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

ബിസിനസ്സ് മാത്രമാണ് എന്ന അടിസ്ഥാന തത്വം പോലും ഉൾക്കൊള്ളാതെ, ഈ സ്ഥാപനങ്ങൾ ഒക്കെ മനുഷ്യർക്ക് ഇടയിൽ വേർതിരിവുകൾ ഇല്ലാതെ നന്മയും പരസ്പര സ്നേഹവും കരുണയും സഹായവും വളർത്താനും ആണ് നിലനിൽക്കേണ്ടതും ഉപയോഗിക്കേണ്ടതും എന്നും പോലും മനസ്സിലാകാത്ത ഇങ്ങനെ കുറേ പാഴുകളുടെ മറ്റൊരു സ്ഥിരം ചോദ്യം,

'നിങ്ങൾക്ക് സ്വന്തം ആയി പള്ളി ഇല്ലല്ലേ?'

ലോക്കൽ മലയാളി പള്ളിക്കമ്മിറ്റി എന്നുപറഞ്ഞാൽ അമേരിക്കൻ സെനറ്റിലേക്കാളും മുകളിൽ ആണെന്ന് ധരിച്ചു, ഞാൻ മറ്റേ 'സ്വന്തം പള്ളിയിലെ' ഭയങ്കര കൊണാണ്ടർ ആണെന്ന് സ്വയം വിശ്വസിച്ചു, അച്ചന്മാർ ഞായർ കുർബ്ബാന പ്രസംഗത്തില് പള്ളിവാങ്ങാനുള്ള പിരിവിനെപ്പറ്റി, കുടിശ്ശിക അടക്കാത്തവരുടെ വീട്ടുപേര് വിളിച്ചുപറഞ്ഞു കുത്തിപ്പിടിച്ചു വാങ്ങിയ മില്യൺസ് കൊണ്ട് സ്വന്തം പള്ളി കെട്ടിടവും കമ്മറ്റിയും അഭിമാന ലേബൽ ഉണ്ടാക്കുന്ന ഭോഷന്മാർക്കും ഭോഷത്തിക ൾക്കും എന്ത് വകതിരിവ്?

ന്യൂയോർക്കിലെ മുക്കിലും മൂലയിലും റോമൻ കാത്തലിക് സഭയ്ക്ക് കീഴിൽ ഇംഗ്ലീഷ് കുർബ്ബാന ചൊല്ലുന്ന, വലുതും ചെറുതുമായ ആയിരക്കണക്കിന് പള്ളികൾ ഉണ്ട്. വിശ്വാസികൾക്കും അല്ലാത്തവർക്കും സ്വസ്ഥമായി പ്രാർത്ഥിക്കാനും കുർബ്ബാന കൂടാനും ചെറിയ ഒരു തുക ഓരോ ഉപയോഗത്തിനും നേർച്ചയിട്ടാലും ഇല്ലെങ്കിലും (ഒരു ഫീസ് അല്ലെങ്കിൽ ടിക്കറ്റ് ഇല്ലാതെ ഒരു സർവീസും ഇല്ലാത്ത കാലത്തും) ആരും കാശു കൊടുക്കാതെ പ്രാർത്ഥിക്കാൻ ചെല്ലുന്നു എന്ന് പറഞ്ഞു പുറത്താക്കാത്ത, മൈക്കിൽ വിളിച്ചുപറഞ്ഞു നാണം കെടുത്താത്ത പള്ളികൾ.

ഏക്കർ കണക്കിന് വരുന്ന പള്ളിയും പാർക്കിങ് ലോട്ടും വേദപാഠം പഠിപ്പിക്കുന്ന കെട്ടിടങ്ങളും ഒക്കെ മില്യൻസ് ആൻഡ് ബില്യൺസ് ഡോളർ കാശു പിരിച്ചു വാങ്ങി, സ്വന്തം പള്ളിയിൽ അഭിമാനിക്കുന്ന ഈ മനുഷ്യർക്ക് 'ഇംഗ്ലീഷ്കാരുടെ' പള്ളിയിൽ പോയി മലയാളം കുർബ്ബാന കൂടുന്ന ഇത്തിരി 'താഴ്ന്ന' ലത്തീൻകത്തോലിക്കരെ പുച്ഛം ആണ്.

സീറോമലബാർ, മലങ്കര, ലത്തീൻ എന്നീ മൂന്ന് തരം കുർബ്ബാന ക്രമം, അതെല്ലാം മാർപ്പാപ്പയുടെ കീഴിൽ ഉള്ള റോമൻ കത്തോലിക്കർ എന്ന വിഭാഗം ആണ് എന്ന് അറിയാഞ്ഞിട്ടല്ല. അങ്ങനെ ഒ.ബി.സിക്കാരായ ലത്തീൻകാർ 'സ്വന്തമായിട്ട്' എന്നൊന്നും പറയണ്ട, അത് ഞങ്ങള് അതി പുരാതന സുറിയാനി ക്രിസ്ത്യാനികളുടെ അഭിമാനപ്രശനമാണ് എന്ന് ഉറക്കെ ചിന്തിക്കുന്ന, അമേരിക്കയിൽ എത്തിയാലും നടുക്കടലിലെ സ്വഭാവം പുറത്തെടുക്കുന്ന മനുഷ്യർ!

'ഞങ്ങൾ ലാറ്റിൻ അല്ല, അത് ഞങ്ങളെ കണ്ടാൽ മനസ്സിലാകില്ലേ?'

എന്ന് പച്ചയ്ക്ക് ഉളുപ്പില്ലാതെ ചോദിച്ച 'വെളുത്ത' ചെറുപ്പക്കാരനും' കുടുംബവും കഴിഞ്ഞ ദിവസം വഴിയിൽ വച്ച് തടഞ്ഞു നിർത്തി ഒരു ചോദ്യം കൂടി ചോദിച്ചു:

'നിഷചേച്ചി മഞ്ഞുമ്മൽക്കാരി ആയിരുന്നല്ലേ ? അത് ലാറ്റിൻപള്ളിയല്ലേ? ഞാൻ ചെറുപ്പത്തില് പെരുന്നാളിന് വന്നിട്ടുണ്ട്, മഞ്ഞുമ്മൽ ബോയ്സ് കഥ ശരിക്കും നടന്നതാണ് അല്ലേ? സിനിമ കൊള്ളാം, പക്ഷേ അവസാനം ആ കാണിക്കുന്ന റിയൽ മഞ്ഞുമ്മൽ ബോയ്സിന്റെ ഫോട്ടോ കണ്ടിട്ട് മലയാളികൾ ആണെന്ന് പോലും തോന്നണില്ലല്ലാ, മഞ്ഞുമ്മൽക്കാര് എന്ന് പറഞ്ഞിട്ട് എല്ലാർക്കും ഒരു തമിഴൻ ലുക്ക്! 'കറുത്ത നിറമുള്ളവരെ തമിഴൻ പാണ്ടി എന്ന് ഒക്കെ ചെറിയ പ്രായത്തിൽ കൊച്ചുങ്ങള് വിളിക്കുമ്പോ മുതിർന്നവർ തിരുത്തിക്കൊടുക്കുന്നത് കേട്ടിട്ടുണ്ട്, അങ്ങനെ ആരെയും കളിയാക്കരുത് എന്ന്. രണ്ടു മക്കളുടെ അച്ഛനായ ഈ 'വെളുത്തചെറുപ്പക്കാരനെ' ഇനി ഞാൻ തിരുത്തിക്കൊടുക്കട്ടെ.

ഏകദേശം ലെവൽ ഇതൊക്കെ തന്നെ!

# ഫാമിലി വേറിട്ട ഒരു അനുഭവം

സിനിമ റിവ്യൂ



രാജീവ് പഴുവിൽ
ന്യൂ ജേഴ്സി




**ഈ**യടുത്തു നടന്ന ഒന്നിലധികം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലുകളിൽ വളരെ നല്ല അഭിപ്രായം നേടിയ ചിത്രമായ ഫാമിലി കേരളത്തിൽ റിലീസ് ആയി.

കുറച്ചു ചിത്രങ്ങൾ കൊണ്ട് ശ്രദ്ധേയനായ ഡോൺ പാലത്തറ എന്ന സംവിധായകനും, സമൂഹനന്മയ്ക്കുതകുന്ന വിഷയങ്ങൾ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സിനിമാ നിർമ്മാണരംഗത്ത് വന്ന ആന്റോ ചിറ്റിലപ്പിള്ളിയുടെ ന്യൂട്ടൺ സിനിമയും കൈകോർത്തൊരുക്കിയ ചിത്രം.

ലൈംഗികപീഡനവും ഇരയും വേട്ടക്കാരനും സമീപകാലത്ത് വീണ്ടും സുപരിചിതമായ വിഷയങ്ങൾ ആണെന്ന് പറയേണ്ടതില്ലല്ലോ. നാമടങ്ങുന്ന പരിഷ്കൃതസമൂഹവും, നിയമവ്യവസ്ഥയുമൊക്കെ തെറ്റായ രീതിയിൽ ആണ് അവയെ സമീപിക്കുന്നത് എന്നതിന് പല ദൃഷ്ടാന്തങ്ങളും നമ്മുടെ മുന്നിലുണ്ട്.

എമാശഹ്യ എന്ന ചിത്രം വിമർശനബുദ്ധ്യാ ഉറ്റുനോക്കുന്നത് ഈയൊരു സാമൂഹിക വിഷയത്തിലേക്കാണ്.

പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച ഇടുക്കിയിലെ ഒരു മലയോര ഗ്രാമത്തിൽ അടുത്തിടപഴകി കഴിയുന്ന കുറച്ചു ക്രിസ്തീയ കുടുംബങ്ങൾ. അവരുടെ ജീവിതം പള്ളിയെയും, കൃഷിയെയും ചുറ്റിപ്പറ്റി നിൽക്കുന്നു. അവിടെ നടക്കുന്ന ചെറിയ ചെറിയ കാര്യങ്ങൾ പോലും എല്ലാവരും പരസ്പരം അറിയുന്നുണ്ട്. നല്ലവനും, പരോപകാരിയും, സർവ്വസമ്മതനുമായ ചെറുപ്പക്കാരനായ സോണിയും (വിനയ് ഫോർട്ട്) അവരുടെ കുടുംബത്തിലെ തന്നെ അടുത്ത ബന്ധുവായ റാണി (ദീപപ്രഭ) യുമാണ് പ്രധാന കഥാപാത്രങ്ങൾ. കുടുംബത്തിലെ കുട്ടികളും, മറ്റ് അംഗങ്ങളും, അയൽക്കാരും സുഹൃത്തുക്കളും ഒക്കെ യഥാസമയത്ത് രംഗത്ത് വരുന്നുണ്ട്.

എല്ലാവരെയും സഹായിക്കാൻ സദാ സന്നദ്ധനാണ് സോണി. കുട്ടികൾക്ക് കാശു വാങ്ങാതെ ട്യൂഷൻ എടുത്തു സഹായിക്കുന്നതിനും, അടുത്തുപുറത്തെ കിണറ്റിൽ വീണ ഒരു പശുവിനെ പൊക്കിയെടുക്കുന്നതിനും, മകൾ പ്രേമബന്ധത്തിൽപ്പെട്ട് ഒളിച്ചോടിപ്പോയി തിരിച്ചു വന്നപ്പോൾ അപമാനഭാരത്താൽ പിതാവ് ആത്മഹത്യ ചെയ്ക മൂലം അനാഥമായ കുടുംബത്തിനെ സഹായിക്കാനും സ്നേഹിയ്ക്കാനുമൊക്കെ തയ്യാറാവുന്ന, ഹൃദയാലുവായ നല്ല മനുഷ്യൻ.

ഗ്രാമത്തിൽ, കാട്ടിൽ നിന്നും ഒരു പുലി ഇറങ്ങിയിട്ടുണ്ട്. രാത്രിയുടെ മറവിൽ അവൻ ഇടയ്ക്കിടയ്ക്ക് വളർത്തു മൃഗങ്ങളെ ആക്രമിച്ചു കൊല്ലുന്നുണ്ട്. നാട്ടുകാർ അവനെപ്പറ്റി വളരെയധികം ജാഗരൂകരാണ്. എന്നാൽ തങ്ങൾക്കിടയിൽ തന്നെ മനുഷ്യരൂപം പൂണ്ട കൗശലക്കാരനും ക്രൂരനുമായ മറ്റൊരു പുലി (ആട്ടിൻതോലണിഞ്ഞ ചെന്നായ് എന്നതായിരിക്കും കൂടുതൽ ശരി) ഉണ്ടെന്നും, തങ്ങളുടെ പല പ്രായക്കാരായ കുട്ടികളിൽ - ആൺ പെൺ ഭേദമെന്യേ - ചിലർ പലപ്പോഴായി അവന്റെ ഇരകളായി കൊണ്ടിരിക്കുകയാണെന്നും അവർക്ക് അറിയാൻ കഴിയുന്നില്ല.

വ്യത്യസ്തമായ അവതരണരീതിയാണ് കഥാകൃത്തും സംവിധായകനും ചിത്രത്തിൽ അവലംബിച്ചിരിക്കുന്നത്.

വേറിട്ട ഒരനുഭവം തരുന്ന നല്ലൊരു ചിത്രം സമ്മാനിച്ചതിനു ഡയറക്ടർ ഡോൺ പാലത്തറ & ടീമിനും, സുഹൃത്ത് ആന്റോ സാരഥിയായ ന്യൂട്ടൺ സിനിമയ്ക്കും, അഭിനന്ദനങ്ങൾ.

# ന്യൂ ഇയർ റെസൊല്യൂഷൻ

ലേഖനം



രമ്യ മനോജ്,
നോർത്ത് കരോലിന

**ജീ**വിതത്തിൽ ആദ്യമായി ഒരു ന്യൂ ഇയർ റെസൊല്യൂഷൻ ഞാൻ നടപ്പിലാക്കിയിരിക്കുന്നു. എല്ലാ വർഷവും ഡിസംബർ ആകുമ്പോൾ വേസ്റ്റ് ആക്കി കളഞ്ഞ ഒരു വർഷത്തെ ആലോചിച്ചു രണ്ടു തുള്ളി കണ്ണീർ വീഴ്ത്തും. ഒന്നാം തീയതി മുതൽ ഞാൻ അങ്ങനെ ചെയ്യും, ഇങ്ങനെ ചെയ്യും നന്നാകും എന്നൊക്കെ ആലോചിക്കാറുണ്ടെകിലും ജനുവരി ആയാൽ, കലണ്ടർ മാറിയല്ലേയുള്ളൂ നമ്മൾ മാറിയില്ലല്ലോ എന്നൊക്കെ ആലോചിച്ചു നെടുവീർപ്പിട്ടു വീണ്ടും ചങ്കരൻ തെങ്ങേൽ തന്നെ ഇരിക്കും.

എന്നാൽ ഇത്തവണ അങ്ങ് തീരുമാനം എടുത്തു, അങ്ങ് നടപ്പാക്കി. തീരുമാനത്തിൽ നിന്ന് വ്യതിചലിക്കാൻ സമ്മർദ്ദങ്ങൾ ഒരുപാടു ഉണ്ടായിരുന്നു എങ്കിലും വിട്ടുകൊടുത്തില്ല.

എന്താ സംഭവം എന്നല്ലേ! പഞ്ചാര കട്ട് ചെയ്തു.

ചായയിൽ പഞ്ചസാര വാരിക്കോരി ഇട്ടിരുന്ന, രാവിലെ എണീറ്റാൽ നല്ല അടിപൊളി ചായ ഊതി ഊതി കുടിക്കണം എന്ന് നിർബന്ധമുണ്ടായിരുന്ന ആളാണ് ഞാൻ.

അത് നിർത്താൻ കഴിയുമെന്ന് ഒരിക്കലും കരുതിയില്ല. ഒരു മാസത്തിലധികമായി ഇപ്പൊ നോ ഷുഗർ, നോ മധുരമുള്ള ഐറ്റംസ്. ആദ്യ രണ്ടു ആഴ്ച മധുരം കിട്ടാതെ വളരെയധികം ബുദ്ധിമുട്ട് തോന്നിയിരുന്നു. കഴിക്കാൻ ശക്തമായ ആഗ്രഹം തോന്നിയിരുന്നു. മദ്യപാനികൾക്ക് മദ്യം കിട്ടാതെ വരുമ്പോൾ ഉള്ള വിഷമം ഈയവസരത്തിൽ എന്താകും എന്ന് മനസ്സിലായി. വിത്ഡ്രോവൽ സിൻഡ്രോം ഉണ്ടായിരുന്നു ആ സമയത്ത് ഒന്ന് പിടിച്ചു നിക്കാൻ പറ്റിയാൽ പിന്നെ നമ്മൾ കടന്നു പോരും.

ഷുഗർ കട്ട് ചെയ്താൽ കുറെ ഗുണങ്ങൾ ഉണ്ടെന്നാണ് പറയുന്നത്. പ്രധാനമായും യങ്ങ് ആയി തോന്നും. (നമുക്കു അതുപോരെ)! വെയ്റ്റ് കുറയും( ഞാൻ ഒരു മാസം കൊണ്ട് രണ്ടു കിലോ




കുറഞ്ഞു) ഡയബറ്റിക് ഭാവിയിൽ വരാൻ ചാൻസ് ഉണ്ടെങ്കിൽ ഒരു മുൻ കരുതൽ.

ഇതുപോലെ ഒരു 7,8 കൊല്ലം മുൻപ് ഒരു സുപ്രഭാതത്തിൽ വെളിപാട് കിട്ടി എണ്ണയിൽ വറുത്തതും പൊരിച്ചതും ആയ ഭക്ഷണങ്ങൾ ഉപേക്ഷിച്ചിരുന്നു. അതുകൊണ്ടു തന്നെ കുറെ കാലം ആയി വെയിറ്റ് കൂടാതെ പിടിച്ചു നിർത്താൻ കഴിഞ്ഞിരുന്നു.

ജീവിതശൈലി രോഗം എന്നാണ് ഡയബെറ്റിക്കിനെ പറയുന്നത്. അതുകൊണ്ടു ജീവിതശൈലി ഒന്ന് നന്നാക്കിയാൽ അതിനെ തടയാം.

ഇതൊക്കെ വിശദമായി പറഞ്ഞു തരാൻ ഇവിടെ തന്നെ കുറെ ഡോക്ടർമാർ ഉണ്ടെങ്കിലും എന്റെ വക കുറച്ചു മോട്ടിവേഷൻ ആർക്കെങ്കിലും ഉപകാരം ആകുമെങ്കിൽ ആകട്ടെ അല്ലേ.!

# അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ പ്രമോഷണൽ മീറ്റിംഗുകൾ

ജോയി തുമ്പമൺ




ഹൂസ്റ്റൺ: ജൂലൈ 4 മുതൽ 7 വരെ നടക്കുന്ന മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ പ്രമോഷണൽ മീറ്റിംഗുകൾ അമേരിക്കയിലെ പ്രമുഖ പട്ടണങ്ങളിൽ വെച്ചു നടക്കുന്നു.

മാർച്ച് 16-ന് ന്യൂജേഴ്സിയിലെ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയിൽ വെച്ചും 17-ന് ഫിലാഡൽഫിയായിലുള്ള എബനേസർ ചർച്ച് ഓഫ് ഗോഡിൽ വെച്ചും 22-ാം തീയതി ഒക്കലഹോമയിലും 23-ന് തുൾസാ ഒക്കലഹോമായിലും 30-ാം തീയതി ഹൂസ്റ്റണിലുള്ള ഐ.പി.സി ഹെബ്രോനിൽ വെച്ചും 31-ാം തീയതി ഡാളസ് അഗപ്പേ ചർച്ചിൽ വെച്ചും ഈ മീറ്റിംഗുകൾ നടക്കുന്നതാണ്.

ദേശീയ നേതാക്കളോടൊപ്പം വിവിധ സഭകളുടെ പാസ്റ്റർമാരും പ്രതിനിധികളും സംബന്ധിക്കും. നാഷണൽ കൺവീനറായി പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, നാഷണൽ സെക്രട്ടറി രാജു പൊന്നോലിൽ, നാഷണൽ ട്രഷറർ ബിജു തോമസ്, യൂത്ത് കോ-ഓർഡിനേറ്റർ റോബിൻ രാജു, ലേഡീസ് കോ-ഓർഡിനേറ്റർ ആൻസി സന്തോഷും പ്രവർത്തിക്കുന്നു.

ലോകോത്തര സൗകര്യങ്ങളുള്ള ഹൂസ്റ്റണിലെ ജോർജ്ജ് ആർ. ബ്രൗൺ കൺവൻഷൻ സെന്റർ വേദിയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ലോകപ്രസിദ്ധമായ നിരവധി കൺവൻഷൻ പ്രഭാഷകർ കടന്നുവരുന്നു. യുവജനങ്ങൾക്കും കുട്ടികൾക്കും സഹോദരിമാരുടെ മീറ്റിംഗുകളോടൊപ്പം ഇംഗ്ലീഷിലും മലയാളത്തിലും മീറ്റിംഗുകൾ ക്രമീകരിച്ചിരിക്കുന്നു.

ഈ മാസം വിവിധ പട്ടണങ്ങളിൽ നടക്കുന്ന പ്രമോഷണൽ മീറ്റിംഗുകളെ സംഗീതസാന്ദ്രമാക്കുവാനായി പ്രമുഖ ക്രൈസ്തവ ഗായകൻ ഇമ്മാനുവേൽ ഹെൻറി കടന്നുവരുന്നു. ഈ സംഗീതസന്ധ്യകൾ മീറ്റിംഗുകൾക്ക് മികവ് കൂട്ടും. ഈ സംഗീത സായാഹ്നങ്ങൾ തികച്ചും സൗജന്യമായിരിക്കും.

## വാഷിങ്ടൺ സെ. തോമസ് ഇടവക ഡയമണ്ട് ജൂബിലി നിറവിൽ

രാജൻ വാഴപ്പള്ളിൽ



വാഷിങ്ടൺ ഡിസി: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ആദ്യകാല ഇടവകയിൽ ഒന്നായ വാഷിങ്ടൺ സെ. തോമസ് ഇടവകയുടെ ഡയമണ്ട് ജൂബിലി ഉദ്ഘാടനവും ഇടവകയുടെ മുൻ വികാരിയും സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തയുമായ തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയ്ക്ക് സ്വീകരണവും നല്കുന്നു.

ഏപ്രിൽ ഇരുപത്തിയെട്ടിന് കൂടുന്ന സമ്മേളനത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനത്തിന്റെ ഉദ്ഘാടനവും ഡയമണ്ട് ജൂബിലി ലോഗോപ്രകാശനവും നടത്തപ്പെടുന്നു.

മർത്തമറിയം സമാജം, മെൻസ് ഫോറം, എം.ജി.ഒ.സി.സം, ബാലസമാജം എന്നീ ആത്മീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾ വാഷിങ്ടൺ, മേരിലാൻഡ് ഏരിയകളിൽ നടത്തപ്പെടുന്നു.

ആദ്യപടിയായി ഭവനരഹിതരായ ഒരു വ്യക്തിക്ക് ജൂബിലിയുടെ പേരിൽ കേരളത്തിൽ ഭവനം നിർമ്മിച്ചു നല്കുന്നു.

ഇടവക വികാരി ഫാ. കെ.ഒ. ചാക്കോയുടെ നേതൃത്വത്തിൽ ട്രസ്റ്റി സൂസൻ തോമസ്, സെക്രട്ടറി ആസിൻ ജോൺ എന്നിവരെ കൂടാതെ ഐസക്ക് ജോൺ ജനറൽ കൺവീനറായും നിർമ്മല തോമസ് ജോയിന്റ് കൺവീനർ, രാജൻ യോഹന്നാൻ സുവനീർ എഡിറ്റർ, അലക്സ് ജോൺ അസി. സുവനീർ എഡിറ്റർ, മത്തായി ചാക്കോ, മറിയ ചാക്കോ, മിനി ജോൺ, രാജൻ വർഗീസ്, ഈപ്പൻ വർഗീസ്, ജോർജ് പി. തോമസ് എന്നിവർ കമ്മിറ്റി അംഗങ്ങളായും പ്രവർത്തനങ്ങൾ ആരംഭിച്ചു.

## മലങ്കര ഓർത്തഡോക്സ് സഭ ഡയോസിസ് ഓഫ് സൗത്ത് വെസ്റ്റ് അമേരിക്ക
# മിഡ്‌വെസ്റ്റ് ചിക്കാഗോ റീജിയൻ ഫാമിലി കോൺഫറൻസിന് തുടക്കമായി

ഏലിയാമ്മ പുന്നൂസ്

ചിക്കാഗോ: മലങ്കര ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിൻ കീഴിലുള്ള മിഡ്‌വെസ്റ്റ് ചിക്കാഗോ റീജിയൻ ഫാമിലി കോൺഫറൻസ് മിഷിഗൺ സെന്റ് ലൂയിസ് കാൻസസ് സിറ്റി ഇടവകകളും ചിക്കാഗോയിലുള്ള നാല് ഇടവകകളും ഒന്നിച്ചു ചേർന്ന് 2024 ജൂൺ 14, 15 തീയതികളിൽ Elmhurst സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു.



എട്ടാം തീയതി വെള്ളിയാഴ്ച ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ ഈവാനിയോസ് സന്ധ്യാനമസ്കാരത്തോടു കൂടി ആദ്യ രജിസ്ട്രേഷൻ പൂർത്തീകരിച്ച് കോൺഫറൻസിന് തുടക്കം കുറിച്ചു.

ഈ കോൺഫറൻസിൽ മെരിലിൻ കൊച്ചമ്മ (മിസ്സസ് മെർലിൻ ടി. മാത്യു (Navigating Modernity with Anicent Wisdom) Centered proverbs Chapter 3 എന്ന വിഷയത്തെ ആസ്പദമാക്കി മുഖ്യ വചനപ്രഘോഷണം നടത്തുന്നതായിരിക്കും.

കോൺഫറൻസിന്റെ നടത്തിപ്പിനായി റവ.ഫാ. ജോർജ് റ്റി. ഡേവിഡ് ചെയർമാനായും മിസ്സസ് ജിജി കെ. സൈമൺ കൺവീനറായും എല്ലാ ഇടവകകളിലും ഉള്ള വൈദികരുടെ നേതൃത്വത്തിലും വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

## പൗരത്വ ഭേദഗതി നിയമം വിവേചനപരം; ആശങ്ക പ്രകടിപ്പിച്ച് യുഎന്നും യുഎസും

ന്യൂയോർക്ക്: ഇന്ത്യയുടെ പൗരത്വ ഭേദഗതി നിയമത്തിൽ ആശങ്ക പ്രകടിപ്പിച്ച് ഐക്യരാഷ്ട്ര സംഘടനയും യു.എസ്. സർക്കാരും. ബിൽ വിവേചന സ്വഭാവമുള്ളതാണെന്നു യുഎന്നും യുഎസും വിമർശിച്ചു.

പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്ന് മതപീഡനത്തെത്തുടർന്ന് പലായനം ചെയ്ത ഹിന്ദുക്കൾ, ക്രൈസ്തവർ, ബുദ്ധമതക്കാർ, ജൈനർ, പാഴ്സികൾ, സിഖുകാർ എന്നിവർക്കു പൗരത്വം നൽകുന്നതുമായി ബന്ധപ്പെട്ടതാണു പൗരത്വ ഭേദഗതി നിയമം (സിഎഎ).


“ഷിയാ, അഹമ്മദിയ വിഭാഗങ്ങളടക്കം നിരവധി മുസ്ലിം സമുദായങ്ങൾ ഈ രാജ്യങ്ങളിൽ മതപരമായി പീഡിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ മുസ്ലിംങ്ങളെ നിയമത്തിൽനിന്ന് ഒഴിവാക്കുന്നതു വിവേചനപരമാണ്. ലോകത്തിൽ ഏറ്റവും പീഡിപ്പിക്കപ്പെടുന്ന ന്യൂനപക്ഷമായ മ്യാൻമറിൽ നിന്നുള്ള രോഹിങ്ക്യൻ മുസ്‌ലിംകളെയും നിയമം ഒഴിവാക്കുന്നു. ശ്രീലങ്കയിൽ നിന്നുള്ള തമിഴ് സമൂഹവും അവിടെ വംശീയവും മതപരവുമായ ന്യൂനപക്ഷമാണ്.

ഞങ്ങൾ 2019-ൽ പറഞ്ഞതുപോലെ, ഇന്ത്യയുടെ പൗരത്വ (ഭേദഗതി) നിയമം 2019 അടിസ്ഥാനപരമായി വിവേചനപരവും ഇന്ത്യയുടെ അന്താരാഷ്ട്ര മനുഷ്യാവകാശ ബാധ്യതകളുടെ ലംഘനവുമാണ്.” - യുഎൻ മനുഷ്യാവകാശ ഹൈക്കമ്മീഷണറുടെ ഓഫീസ് വക്താവ് പറഞ്ഞു. സിഎഎയുടെ നടപ്പാക്കൽ ചട്ടങ്ങൾ രാജ്യാന്തര മനുഷ്യാവകാശ നിയമത്തിന് വിരുദ്ധമാണോ എന്ന് പഠിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

പൗരത്വ ഭേദഗതി നിയമത്തിൽ യുഎസും ആശങ്ക പ്രകടിപ്പിച്ചു. “നിയമം എങ്ങനെ നടപ്പാക്കുമെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്. മതസ്വാതന്ത്ര്യത്തോടുള്ള ആദരം, നിയമപ്രകാരം എല്ലാ സമുദായങ്ങൾക്കും തുല്യ പരിഗണന എന്നിവ അടിസ്ഥാന ജനാധിപത്യ തത്വങ്ങളാണ്.” - യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് പറഞ്ഞു.

# എം.റ്റി. സെമിനാരി ഹൈസ്കൂൾ പൂർവ്വകാല വിദ്യാർത്ഥി സംഗമം ഏപ്രിൽ 20-ന് ശനിയാഴ്ച

കോട്ടയം: എം.റ്റി. സെമിനാരി ഹൈസ്കൂളിൽ നിന്നും 1974-ൽ എസ്.എസ്.എൽ.സിക്ക് പഠിച്ചവർ 2024-ൽ 50 വർഷം തികയ്ക്കുകയാണ്. അമ്പത് മഹത്തായ വർഷങ്ങൾ എന്ന നാഴികക്കല്ലിനെ സമീപിക്കുമ്പോൾ ഏറെ സംവൃതി നിറയുന്ന ഒരു ഗൃഹാതുരത്വവും ആത്മനിർവൃതിയും ഉണരുകയാണ്. എം.റ്റി സ്കൂൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിന്റെ അടിത്തറയിട്ടു എന്നതിന് ഒരു സംശയവുമില്ല. ജീവിതത്തിന്റെ തിരയോട്ടത്തിനൊടുവിൽ ഒരു തിരിഞ്ഞുനോട്ടം എപ്പോഴും ഏറെ പ്രിയങ്കരമായ അനുഭവമാണ്. പഴയ നാളുകളിലെ സ്കൂൾ ദിനങ്ങളുടെ തുടക്കം കുറിച്ചിരുന്ന 'ലീഡ് കൈൻഡ്‌ലി ലൈറ്റ്' എന്ന പ്രാർത്ഥനാഗാനത്തിന്റെ ആഖ്യാനംപോലെ നന്നായി ജീവിച്ചു, ലോകമെമ്പാടും ചിതറിക്കിടക്കുന്ന ഒരു തലമുറയുടെ സുവർണ്ണ വാർഷികമാണിത്.


ഏബ്രഹാം ജോസഫ്

ഈ കൂടിച്ചേരൽ ആവേശഭരിതമായിരിക്കും എന്നതിനു സംശയമില്ല. 2024 ഏപ്രിൽ 20-ന് ശനിയാഴ്ച സ്കൂൾ സന്ദർശിക്കുവാനും പഴയ ഓർമ്മകൾ പുതുക്കുവാനുമുള്ള ഒരു അവസരമാണ്. അതിനു വേണ്ടിയുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. നമ്മുടെ പഴയ സ്കൂളിലേക്ക് നമ്മളെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്യുവാൻ ഹെഡ്മിസ്ട്രസും ഉണ്ടാവുമവിടെ.

സ്കൂൾ കാമ്പസിൽ അല്പനേരം ഒത്തുകൂടുകയും തുടർന്ന് കോട്ടയം ക്ലബ് ഹൗസിൽ ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്യുവാനാണ് പദ്ധതി. 1974 എസ്എസ്എൽസി ബാച്ചിലെ ഓരോ അംഗവും ഈ സന്ദേശം വ്യക്തിപരമായ ക്ഷണമായി പരിഗണിക്കും എന്നു വിശ്വസിക്കുന്നു. പഴയകാല സുഹൃത്തുക്കൾ വീണ്ടും കണ്ടുമുട്ടാൻ കാത്തിരിക്കുന്നു.

സ്നേഹപൂർവം: ഏബ്രഹാം ജോസഫ് (അബുജി) 10-ബി, 1974.

Abraham Joseph (Abuji), Reunion 1974 Overseas Co-ordinator,
Chicago, 1.847 302 1350. abuji 2001@yahoo.com



# ലോങ് ഐലൻഡ് സെ. സ്റ്റീഫൻസിൽ ഫാമിലി/യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

ലോങ്ഐലൻഡ്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ കിക്കോഫ് മീറ്റിങ്ങിന് ലോങ് ഐലൻഡ് സെ. സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവക മാർച്ച് 10-ന് വേദിയായി. ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ സംഗമമാണ് ഫാമിലി/യൂത്ത് കോൺഫറൻസ്. ഭക്തിപ്രഭാഷണങ്ങൾ, ബൈബിൾ പഠനം, വിശ്വാസം, പാരമ്പര്യങ്ങൾ, സമകാലിക വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള സംവേദനാത്മക സെഷനുകൾ എന്നിവ ഉൾപ്പെടുന്ന ഈ ആത്മീയ സമ്മേളനത്തിൽ നോർത്ത് ഈസ്റ്റ് അമേരിക്കയിലെയും കാനഡയിലെയും ഇടവകകളിൽ നിന്നുള്ള വിശ്വാസികൾ പങ്കെടുക്കും.

വിശുദ്ധ കുർബാനയ്ക്ക് ശേഷം നടന്ന പൊതുസമ്മേളനത്തിൽ വികാരി റവ.ഡോ. സി.കെ. രാജൻ കോൺഫറൻസ് ടീമിനെ സ്വാഗതം ചെയ്തു. മാത്യു ജോഷ (കോൺഫറൻസ് ട്രഷറർ) ജോൺ താമരവേലിൽ (കോൺഫറൻസ് ഫൈനാൻസ് മാനേജർ), മാത്യു വർഗീസ് (റാഫിൾ കോ-ഓർഡിനേറ്റർ), ഷീല ജോസഫ്, പ്രേംസി ജോൺ, സേറ മത്തായി, ജോനാഥൻ മത്തായി, ഷെറിൻ കുര്യൻ, ക്രിസ്റ്റൽ ഷാജോൺ (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു സംഘത്തിൽ. മാത്യു ജോൺ (ഇടവക സെക്രട്ടറി), ബിനു അലക്സ് (ട്രസ്റ്റി), ജേക്കബ് വർഗീസ് (ഭദ്രാസന അസംബ്ലി അംഗം) എന്നിവരും വേദിയിൽ ചേർന്നു.

ജോൺ താമരവേലിൽ കോൺഫറൻസിന്റെ തീയതി, സ്ഥലം, തീം, പ്രസംഗകർ എന്നിവയുൾപ്പെടെയുള്ള പൊതുവായ വിവരങ്ങൾ പങ്കിട്ടു. ഷെറിൻ കുര്യൻ രജിസ്ട്രേഷൻ നടപടികൾ വിശദീകരിച്ചു. മാത്യു വർഗീസ് റാഫിളിനെക്കുറിച്ചും സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചും സംസാരിച്ചു. സമ്മേളനത്തിന്റെ അനുസ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചുള്ള വിവരങ്ങൾ ജോനാഥൻ മത്തായി നല്കി. ക്രിസ്റ്റൽ ഷാജോൺ വിനോദ സായാഹ്നത്തെക്കുറിച്ചും പങ്കെടുക്കുവാനുള്ള അവസരങ്ങളെക്കുറിച്ചും ഓർമ്മിപ്പിച്ചു. സമ്പന്നമായ ഒരു അനുഭവത്തിനായി കോൺഫറൻസിൽ പങ്കെടുക്കുവാൻ എല്ലാ അംഗങ്ങളെയും മാത്യു ജോഷ ക്ഷണിച്ചു.



ഇടവകയെ പ്രതിനിധികരിച്ച് സെക്രട്ടറിയും ട്രസ്റ്റിയും സുവനീറിന്റെ സംഭാവന നല്കി. നിരവധി അംഗങ്ങൾ സമ്മേളനത്തിൽ പിന്തുണ വാഗ്ദാനം ചെയ്തു. ഡയമണ്ട് സ്പോൺസർ എന്ന നിലയിൽ ഗീവർഗീസ് മത്തായി തന്റെ പിന്തുണ വാഗ്ദാനം ചെയ്തു. മാത്യു ജോഷയും മനച്ചൻ മത്തായി/തോമസ് മത്തായി എന്നിവർ ഗോൾഡ് സ്പോൺസർമാരായി തങ്ങളുടെ പിന്തുണ അറിയിച്ചു. കോൺഫറൻസിൽ പങ്കെടുക്കാൻ ഏഴ് അംഗങ്ങൾ രജിസ്റ്റർ ചെയ്തു. 41 അംഗങ്ങൾ റാഫിൾ ടിക്കറ്റുകൾ വാങ്ങിയോ സുവനീറിൽ പരസ്യങ്ങൾ ചേർത്തോ പിന്തുണ വാഗ്ദാനം ചെയ്തു. ആത്മാർത്ഥമായി സഹകരിച്ച വികാരി, ഭാരവാഹികൾ, ഇടവക അംഗങ്ങൾ എന്നിവർക്ക് ഫാമിലി കോൺഫറൻസ് കമ്മിറ്റി നന്ദി അറിയിച്ചു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മൂദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊളൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

Registration link: http://tinyurl.com/FYC2024.

കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ കോൺഫറൻസ് കോ-ഓർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ കോൺഫറൻസ് സെക്രട്ടറി (516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

## ബിരുദ സർട്ടിഫിക്കറ്റ്:
# അമ്മയുടെ പേര് നിർബന്ധം

ന്യൂഡൽഹി: വിദ്യാർത്ഥികളുടെ ബിരുദ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകളിൽ അമ്മയുടെ പേരും ഉൾപ്പെടുത്തണമെന്നു ഡൽഹി ഹൈക്കോടതി നിർദേശിച്ചു. ഇതു നിർബന്ധമാണെന്നും ഹൈക്കോടതി ജഡ്ജി സി. ഹരിശങ്കർ വ്യക്തമാക്കി.

തന്റെ ബിരുദ സർട്ടിഫിക്കറ്റിൽ അമ്മയുടെ പേരില്ലെന്നും പിതാവിന്റെ പേരു മാത്രമേ ഉള്ളൂവെന്നും കാട്ടി നിയമ ബിരുദധാരിയായ റിതിക പ്രസാദ് നൽകിയ ഹർജിയിലാണ് കോടതി വിധി.

അമ്മയുടെ പേര് ഉൾപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകാൻ ഡൽഹിയിലെ ഗുരു ഗോബിന്ദ് സിങ് ഇന്ദ്രപ്രസ്ഥ യൂണിവേഴ്സിറ്റി (ജിജിഎസ്ഐപിയു) അധികൃതരോടു നിർദേശിച്ചു. കുട്ടികൾക്കു മാതാവും പിതാവും തുല്യരാണെന്നു കോടതി വിലയിരുത്തി.ഡൽഹി അമിറ്റി ലോ സ്കൂളിൽ നിന്നാണു പഞ്ചവത്സര ബിഎ എൽഎൽബി കോഴ്സ് റിതിക പൂർത്തിയാക്കിയത്. അന്ന് ഇന്ദ്രപ്രസ്ഥ യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്നു കോളജ്.

വിദ്യാർത്ഥികളുടെ എല്ലാ രേഖകളിലും അമ്മയുടെ പേരും ഉൾപ്പെടുത്തണമെന്ന് 2014-ലെ യുജിസി നിർദേശമുണ്ട്.

# വാർദ്ധക്യം സുഗമമാക്കുക

എൽസി ബേബി

വാർദ്ധക്യം പൂർവ്വാധികം പ്രശ്നങ്ങളും പ്രയാസങ്ങളും നിറഞ്ഞതായിക്കൊണ്ടിരിക്കുകയാണല്ലോ. തങ്ങളുടെ മക്കൾ ഏറ്റവും ഉന്നതവിദ്യാഭ്യാസം ലഭിച്ചവരും ഉന്നത ഉദ്യോഗസ്ഥരും വിവാഹിതരായി നല്ല കുടുംബങ്ങളായി ജീവിക്കുന്നതു കാണുവാനുള്ള ആഗ്രഹത്തോടു കൂടെ തങ്ങളുടെ ആരോഗ്യവും സമയവും ധനവും സമ്പത്തുമെല്ലാം മക്കൾക്കുവേണ്ടി നീക്കിവെച്ച് ആവോളം അദ്ധ്വാനിച്ച് തങ്ങളുടെ യൗവ്വനം മുഴുവൻ മക്കൾക്കു വേണ്ടി മാത്രം ചെലവാക്കി വാർദ്ധക്യത്തിലേക്ക് പ്രവേശിക്കുമ്പോൾ മിക്കവാറും രോഗികളായി, ക്ഷീണിതരായി തളർന്നു കിടക്കേണ്ട അവസ്ഥ! ഇതിനകം മക്കൾ പ്രതീക്ഷിച്ചതുപോലെ തന്നെ വളർന്ന് പഠിപ്പുള്ളവരായി വിവാഹിതരായി കുടുംബസ്ഥരായി ഒന്നുകിൽ വിദേശരാജ്യങ്ങളിലോ സ്വരാജ്യത്തോ സുഖമായി കഴിയുന്നു.

മാതാപിതാക്കൾ സ്നേഹിച്ചും കരുതിയും പ്രയത്നിച്ചും വളർത്തി വലുതാക്കിയ ത്യാഗസമ്പൂർണ്ണമായ ജീവിതം നയിച്ച് വാർദ്ധക്യസഹജമായ ക്ഷീണാവസ്ഥയിൽ കഴിയുകയാണ്. മക്കളിൽ നിന്നും അല്പമെങ്കിലും സ്നേഹം, കരുതൽ, പ്രതിഫലം പ്രതീക്ഷിക്കുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിയാത്ത മക്കളുടെ ജീവിതം കാണുമ്പോൾ ഹൃദയം തകർന്നു കഴിയേണ്ട അവസ്ഥ പല മക്കളും വൃദ്ധ മാതാപിതാക്കളെ അങ്ങേയറ്റം അവഗണിച്ചും വെറുത്തും ഒരു അധികപ്പറ്റായി കരുതുന്നു എന്നത് എത്രമാത്രം ഹൃദയഭേദകമായ അവസ്ഥയാകുന്നു.

ഇത്തരുണത്തിൽ യുവജനങ്ങളോട് ചില കരുതലുള്ളവരായി ജീവിക്കാനുള്ള ഉപദേശം നല്കുക എന്നതാണ് ഈ ലേഖനോദ്ദേശ്യം. ഇന്നു ഭവനങ്ങളിലും വൃദ്ധസദനങ്ങളിലും മറ്റും പലവിധ ശാരീരികവും മാനസികവുമായി കഠിനദുഃഖത്തിൽ കൂടി കടന്നുപോകുന്നവരുടെ അവസ്ഥ വരാതിരിപ്പാൻ സൂക്ഷിക്കുക. നിങ്ങൾക്ക് എത്ര വലിയ വിദ്യാഭ്യാസ യോഗ്യതകളുണ്ടായാലും ഉന്നത വേതനം ലഭിക്കുന്ന ഉദ്യോഗസ്ഥനായാലും എത്ര വലിയവീടും കാറും ബാങ്ക് ബാലൻസുണ്ടായാലും എത്ര മക്കളുണ്ടായാലും നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങൾ മക്കളോടൊപ്പം താമസിക്കേണ്ടിവന്നാൽ അഥവാ മക്കളുടെ മേൽനോട്ടത്തിൽ ജീവിക്കേണ്ടി വരും എന്നോർക്കുക. നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങൾ പ്രതീക്ഷിക്കുന്നതു പോലെയുള്ള ബഹുമാനമോ കരുതലോ മാതാപിതാക്കൾ എന്ന പദവി പോലും ലഭിക്കുമെന്നു പ്രതീക്ഷിക്കേണ്ട. നിങ്ങളുടെ പക്കൽ ജീവിക്കാനാവശ്യമായ പണവും സ്വത്തുക്കളും ഉണ്ടെങ്കിൽ നിങ്ങൾക്ക് തലയുയർത്തി ജീവിക്കാം. മക്കളുടെ പുകഴ്ചയിലോ വശീകരണ വാക്കുകളിലോ ഭയപ്പെടുത്തലുകളിലോ മയങ്ങി മക്കൾ നോക്കിക്കോളും എന്ന പ്രതീക്ഷയിൽ ഉള്ളതെല്ലാം മക്കൾക്കു വീതിച്ചുകൊടുത്ത് അബദ്ധം കാണിക്കരുത്. നിങ്ങളുടെ കാലശേഷം നിങ്ങൾക്ക് ഇഷ്ടംപോലെ ആർക്കു വേണമെങ്കിലും എടുക്കാം എന്ന മരണവിധി എഴുതി സൂക്ഷിക്കുക.


ലേഖിക

ബാല്യകാലം മുതലേ മക്കളെ അവരുടെ സ്വന്തം കാലിൽ നില്ക്കാൻ അഭ്യസിപ്പിക്കുക. വാർദ്ധക്യത്തിൽ നിങ്ങളുടെ അറിവോ ജീവിതാനുഭവങ്ങളോ കേൾക്കാൻ മക്കൾക്ക് ഇഷ്ടം കാണുകയില്ല. ഇവർ നിങ്ങളെക്കാളൊക്കെ അറിവും ബുദ്ധിയും കഴിവുമുള്ളവരായിരിക്കും. മൗനമായി ഇതൊക്കെ അംഗീകരിച്ചുകൊടുത്തേക്കുക. നിങ്ങൾക്ക് ആരോഗ്യമുള്ളപ്പോൾ ഭാര്യയുമായി യാത്ര ചെയ്തോ ആഗ്രഹങ്ങളൊക്കെ നിറവേറ്റി നല്ല ഭക്ഷണം, വസ്ത്രം സുഖസൗകര്യങ്ങളൊക്കെ അനുഭവിച്ച് സംതൃപ്തരായി ജീവിക്കുക. മക്കൾ നിങ്ങൾ ആഗ്രഹിക്കുന്നതു പോലെയോ നിങ്ങളുടെ ഭരണത്തിൽ കീഴിലോ നിന്നെന്നു വരുകയില്ല. മക്കളുടെ ഇഷ്ടം എന്തെന്നറിഞ്ഞും അനുസരിച്ചും അവരെ വെറുപ്പിക്കാതെ ജീവിക്കാൻ നോക്കുക. നിങ്ങൾ കടന്നുപോന്ന ജീവിതസാഹചര്യങ്ങളൊന്നും മക്കളോട് പറഞ്ഞിട്ടു കാര്യമില്ല. അവർക്ക് അതൊക്കെ പുതുമയായിരിക്കും. അധികം സംസാരിക്കുന്നതിനേക്കാൾ മൗനം പാലിക്കുന്നതായിരിക്കും ബുദ്ധി. മക്കളുടെ തെറ്റുകളെ ചൂണ്ടിക്കാണിച്ച് തിരുത്താനോ, മക്കളെ പ്രശംസിക്കുന്നതു പോലും അവർക്കിഷ്ടമായി എന്നു വരികയില്ല. മക്കളുടെ കുടുംബജീവിതത്തിലോ ഭാര്യ-ഭർത്തൃബന്ധത്തിലോ അവരുടെ മക്കളോടുള്ള ബന്ധത്തിലോ ഒരു അഭിപ്രായോ ഉപദേശങ്ങളോ നല്കാതിരിക്കാൻ ശ്രദ്ധിക്കുക. അവരുടെ ഒരു കാര്യത്തിലും ഗുണമായോ ദോഷമായോ തലയിടാതിരിക്കുന്നതായിരിക്കും ഭേദം. അവരുടെ മുമ്പിൽ ദുഃഖം കാണിച്ചിട്ടോ പരാതി പറഞ്ഞിട്ടോ അവരുടെ പെരുമാറ്റത്തിൽ ഖേദം പ്രകടിപ്പിച്ചിട്ടോ കോപിച്ചിട്ടോ ഒരു കാര്യവുമില്ല. പലതും കണ്ടില്ല, കേട്ടില്ല എന്ന ഭാവമായിരിക്കും ഉത്തമം.

മക്കൾക്കു നല്കേണ്ട ബഹുമാനം നല്കുക, അവരിൽനിന്ന് ബഹുമാനം പ്രതീക്ഷിക്കേണ്ട. നിങ്ങൾക്ക് ആഗ്രഹമുള്ള ആഹാരം നിങ്ങൾ തന്നെ ഉണ്ടാക്കി കഴിക്കുകയോ പുറത്തുനിന്ന് കഴിക്കുകയോ ചെയ്യുക. അവർ തരുന്ന ആഹാരം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഭക്ഷിക്കുക. അല്ലെങ്കിൽ ഇപ്പോൾ വേണ്ട എന്നു പറഞ്ഞു മാറ്റിവെക്കുക. കുറ്റം പറയരുത്. ആരുടെയും കുറ്റം അവരോട് പറയരുത്. ഭാര്യയുടെ കുറ്റം ഭർത്താവിനോടോ ഭർത്താവിന്റെ കുറ്റം ഭാര്യയോടോ മക്കളുടെ കുറ്റം മാതാപിതാക്കളോടോ പറയരുത്. അവർ മക്കളെ വളർത്തുന്നത് ശരിയായാലും തെറ്റായാലും ഒരു അഭിപ്രായവും പറയാതിരിക്കുകയാണ് ഭേദം. കഴിയുമെങ്കിൽ ഒരു ലൗവിംഗ് വിൽ എഴുതി സൂക്ഷിക്കുക നിങ്ങൾക്കുള്ളതിൽ തൃപ്തിപ്പെടുക മക്കളിൽ നിന്നും എന്തെങ്കിലും കിട്ടുമെന്നു പ്രതീക്ഷിക്കേണ്ട. മക്കൾക്ക് നിങ്ങളിൽ ഇഷ്ടക്കേടുണ്ടെന്നു തോന്നിയാൽ നല്ല ഒരു വൃദ്ധസദനത്തിലേക്ക് സ്വയം മാറുന്നതായിരിക്കും ഉത്തമം. അവിടെ നിങ്ങളേപ്പോലുള്ള കൂട്ടുകാരെ കിട്ടും. സമാധാനമായി ജീവിക്കാം. വൃദ്ധസദനത്തിൽ പോകുന്നത് നാണക്കേടായി വിചാരിക്കരുത്. നല്ല നല്ല വൃദ്ധസദനങ്ങളുണ്ടല്ലോ. കഴിയുന്നതും വാർദ്ധക്യം സുഗമമാക്കുവാൻ യൗവ്വനത്തിൽ തന്നേ ഒരുങ്ങുക. നിങ്ങളുടെ മാതാപിതാക്കളെ അവരുടെ വാർദ്ധക്യത്തിൽ അങ്ങേയറ്റം സന്തുഷ്ടരാക്കാൻ ശ്രമിക്കുക. നിങ്ങൾ വിതയ്ക്കുന്നത് സന്തോഷത്തോടെ കൊയ്തെടുക്കാം. ഒരിക്കലും വാർദ്ധക്യം നിരാശയിലും ദുഃഖത്തിലും കഴിയേണ്ടതില്ല. അതും ജീവിതത്തിന്റെ ഭാഗമായി കരുതുക.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 82.92 |
| യൂറോ | 90.37 |
| സ്റ്റെർലിംഗ്പൗണ്ട് | 105.62 |
| സ്വിസ് ഫ്രാങ്ക് | 93.80 |
| സിംഗപ്പൂർ ഡോളർ | 61.98 |
| കനേഡിയൻ ഡോളർ | 61.25 |
| ഒമാൻ റിയാൽ | 215.42 |
| ബഹ്റൈൻ ദിനാർ | 220.01 |
| സൗദി റിയാൽ | 22.11 |
| യു.എ.ഇ. ദിർഹം | 22.58 |
| കുവൈത്ത് ദിനാർ | 269.83 |

# യു.എസ്. ലോ സ്കോളർഷിപ്പ് നേടിയ സുപ്രീംകോടതിയിലെ പാചകക്കാരന്റെ മകളെ ആദരിച്ച് ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: നിയമപഠനത്തിൽ അമേരിക്കയിൽനിന്നു സ്കോളർഷിപ്പ് നേടിയ സുപ്രീംകോടതി കാന്റീനിലെ പാചകക്കാരന്റെ മകളെ ആദരിച്ച് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡും ജഡ്ജിമാരും. പാചകക്കാരനായ അജയ്കുമാർ സാമാലിന്റെ മകൾ പ്രഗ്യയെയാണ് മാർച്ച് 13-ന് രാവിലെ കോടതി നടപടികൾ ആരംഭിക്കുന്നതിനു മുമ്പ് ജഡ്ജസ് ലോഞ്ചിൽ നടന്ന ചടങ്ങിൽ ആദരിച്ചത്. കാലിഫോർണിയ യൂണിവേഴ്സിറ്റിയിലോ മിഷിഗൺ യൂണിവേഴ്സിറ്റിയിലോ നിയമത്തിൽ മാസ്റ്റേഴ്സിനു പഠിക്കാനാണു പ്രഗ്യയ്ക്കു സ്കോളർഷിപ്പ് ലഭിച്ചത്. ചീഫ് ജസ്റ്റിസും ജഡ്ജിമാരും ഒപ്പിട്ട ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള വിവിധ ഗ്രന്ഥങ്ങൾ പ്രഗ്യയ്ക്ക് സമ്മാനിച്ചു. സ്വന്തം നിലയ്ക്കാണു പ്രഗ്യ ഈ നേട്ടം കരസ്ഥമാക്കിയിരിക്കുന്നതെന്നും അവൾ ആഗ്രഹിക്കുന്നതെല്ലാം നൽകുന്നുവെന്ന കാര്യം ഉറപ്പുവരുത്തുമെന്നും ഇന്ത്യയെ സേവിക്കാൻ അവൾ തിരിച്ചുവരണമെന്നാണ് ആഗ്രഹമെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് പറഞ്ഞു. പ്രഗ്യയുടെ മാതാപിതാക്കളെ ചീഫ് ജസ്റ്റിസ് ഷാളണിയിച്ച് ആദരിക്കുകയും ചെയ്തു. തനിക്ക് എല്ലാം മാതാപിതാക്കളാണെന്നും അവരാണ് തന്റെ ഉയർച്ചയ്ക്ക് പിന്നിലെന്നും പറഞ്ഞ പ്രഗ്യ, നിയമപഠനരംഗത്തേക്ക് കടന്നുവരാൻ തനിക്കു പ്രേരണയായത് ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡാണെന്നും പറഞ്ഞു.


നിയമപഠനത്തിന് അമേരിക്കയിൽനിന്നു സ്കോളർഷിപ്പ് നേടിയ പ്രഗ്യയെ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് ആദരിച്ചപ്പോൾ



KERALA EXPRESS | പ്രവാസി താളുകൾ

# കേരളാ അസോസിയേഷൻ ഓഫ് നാഷ്‌വിൽ വിമൻസ് ഫോറത്തിന് പ്രൗഢഗംഭീരമായ തുടക്കം

നാഷ്‌വിൽ: നാഷ്‌വിൽ മലയാളികളുടെ കൂട്ടായ്മയായ കേരളാ അസോസിയേഷൻ ഓഫ് നാഷ്‌വിൽ (KAN) ന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് എട്ടിന് KAN വിമൻസ് ഫോറം ഉദ്ഘാടനം ചെയ്തു. യു.എൻ. വനിതാദിന സന്ദേശമായ “Invest in Women, Accelerate Progress”-നോട് പൂർണമായും യോജിച്ചുകൊണ്ട് സംഘടനയിലെ സ്ത്രീകൾക്ക് അന്യോന്യം പരിചയപ്പെടുന്നതിനും ഒരുമിച്ചു നിന്നുകൊണ്ട് നാഷ്‌വിൽ മലയാളികളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനും ഒരു വേദി ഒരുക്കുക എന്ന KAN വിമെൻസ് ഫോറത്തിന്റെ പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി അന്താരാഷ്ട്ര വനിതാദിനം ആചരിക്കുകയും ചെയ്തു.

സ്ത്രീകൾക്ക് മാത്രമായി ഒരു കൂട്ടായ്മ എന്നത് വെറും തമാശയായി മാത്രം ചിത്രീകരിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും സ്ത്രീകളുടെ സന്തോഷവും ഒത്തുകൂടലും അവരുടെ ജീവിതത്തിന്റെ ഭാഗമാണെന്നു തിരിച്ചറിയപ്പെടുന്ന ഒരു കാലത്തിലേക്ക് വന്ന മാറ്റം നല്ലതാണെന്നും ഓരോ ഘട്ടത്തിലും ശക്തമായ പിന്തുണയുമായി വിമൻസ് ഫോറം ഉണ്ടാകുമെന്നും ഫോറം ചെയർ സുമ ശിവപ്രസാദ് ആമുഖ പ്രസംഗത്തിൽ പറഞ്ഞു.

പതിനഞ്ചാം വാർഷികം ആഘോഷിക്കുന്ന KAN ന്റെ ആദ്യത്തെ കമ്മിറ്റിയിൽ ഉണ്ടായിരുന്ന സ്ത്രീകളെ പ്രതിനിധീകരിച്ചുകൊണ്ട് ഡോ. ലതാ ജോർജും ശ്രീമതി ഇന്ദിരാ മോഹനും ഉദ്ഘാടനകർമ്മം നിർവഹിച്ചു. സമൂഹത്തിലായാലും കുടുംബത്തിൽ ആയാലും സ്ത്രീകൾക്ക് പഴയ കാലത്തുണ്ടായിരുന്നതിനേക്കാൾ മികച്ച പിന്തുണ ലഭിച്ചു തുടങ്ങിയത് വളരെ നല്ല ഒരു മാറ്റമായി തന്നെ കാണുന്നു എന്ന് മുഖ്യാതിഥിയായി വന്ന ഡോ. ലതാ ജോർജ് അഭിപ്രായപ്പെട്ടു. വനിതാദിനം എന്ന ആശയം മുന്നോട്ടുവെക്കുന്ന ഓരോ പ്രധാന കാര്യങ്ങളും എടുത്തുപറഞ്ഞശേഷം അതെങ്ങനെ നമ്മൾ ഓരോരുത്തരുടെയും ജീവിതത്തിൽ മാറ്റങ്ങൾക്ക് സഹായകരം ആകുമെന്ന് വളരെ ലളിതമായി സ്വന്തം അനുഭവങ്ങൾ എടുത്തുപറഞ്ഞ് അവർ വിവരിച്ചത് വളരെ മികച്ച രീതിയിലാണ് സ്വീകരിക്കപ്പെട്ടത്.






വളരെ കുറച്ചു മലയാളി കുടുംബങ്ങളുമായി തുടങ്ങിയ ഈ കൂട്ടായ്മ പതിനഞ്ചുവർഷം പിന്നിടുമ്പോൾ 200-ൽ കൂടുതൽ കുടുംബങ്ങൾക്ക് ഒത്തുകൂടാൻ ഒരു വേദിയായി വളർന്നതിൽ പ്രധാന പങ്കുവഹിച്ച എല്ലാവർക്കും അവർ ആശംസകൾ അറിയിച്ചു.

പ്രശസ്ത സിനിമാതാരവും നർത്തകിയുമായ ദിവ്യ ഉണ്ണി വീഡിയോ സന്ദേശത്തിലൂടെ KAN വിമെൻസ് ഫോറത്തിന്റെ ഉദ്ഘാടനത്തിന് ആശംസകൾ നേർന്നു. സ്ത്രീകളുടെ കൂട്ടായ്മ എന്നതിനപ്പുറം പുതിയ കാര്യങ്ങൾ പഠിക്കുന്നതിനും അതുപോലെതന്നെ സാമൂഹിക സാംസ്കാരിക കാര്യങ്ങളിലുള്ള ആശയസംവാദങ്ങൾക്കും ഇത് ഒരു വേദിയാകട്ടെയെന്നും ദിവ്യ ഉണ്ണി അഭിപ്രായപ്പെട്ടു.

ഓരോ പുരുഷന്റെയും വിജയത്തിനു പിന്നിലും ഒരു സ്ത്രീയുണ്ടെന്നു പറയുന്നതുപോലെ തന്നെ ഓരോ സ്ത്രീയുടെ വിജയത്തിനു പിന്നിലും പുരുഷനുമുണ്ടെന്ന തുല്യതാസന്ദേശമാണ് KAN പ്രസിഡണ്ട് ഷിബു പിള്ള ആശംസാപ്രസംഗത്തിൽ പറഞ്ഞത്. വിമൻസ് ഫോറത്തിന്റെ മുന്നോട്ടുള്ള എല്ലാ പരിപാടികളും വളരെ മികച്ചതാകട്ടെ എന്ന് ആശംസിക്കുകയും അതിന്റെ KAN-ന്റെ പൂർണ്ണ പിന്തുണ എപ്പോഴുമുണ്ടാകുമെന്നും അദ്ദേഹം അറിയിക്കുകയും ചെയ്തു.


മികച്ച രീതിയിൽ വനിതാ ദിനാഘോഷം സംഘടിപ്പിച്ച വിമെൻസ് ഫോറം ചെയർ സുമ ശിവപ്രസാദിനെയും ടീം അംഗങ്ങളായ മോന വിനു, നിനു സാജൻ, പ്രസീദാ രാജു, സൂര്യ സിബി എന്നിവരെ പ്രത്യേകമായി അനുമോദിക്കുകയും ചെയ്തു.

KAN മുൻ പ്രസിഡണ്ട് അശോകൻ വട്ടക്കാട്ടിൽ, ജനറൽ സെക്രട്ടറി സുശീല സോമരാജൻ, ജോ. സെക്രട്ടറി അനിൽ പത്യാരി, ട്രഷറർ അനന്ത ലക്ഷ്മണൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ സുജിത് പിള്ള, മനീഷ് രവികുമാർ, ജോമി ജോസ് എന്നിവരും ഉദ്ഘാടനത്തിൽ സംബന്ധിച്ചു.

KAN യൂത്ത്ഫോറം ചെയർ ഷാഹിന കോഴിശ്ശേരിൽ കൃതജ്ഞതാ സന്ദേശം പറഞ്ഞു. തുടർന്ന് ഡിന്നറും വനിതകൾക്കായുള്ള രസകരമായ ഗെയിമുകളും ആകർഷകമായ നൃത്തപരിപാടികളുമായി വനിതാദിനാഘോഷം സമാപിച്ചു.

ഗദ്യകവിത

## പ്രഭാതചിന്തകൾ



ജോൺ വേറ്റം

അതിരും മൂലയുമില്ലാത്ത ആകാശത്തിന്നന്ത്യമില്ലെന്നാധുനികശാസ്ത്രം.
അതിവേഗം മാറുന്നത്, ജീവിതശൈലിയല്ല, മനുഷ്യസംസ്കാരമാണ്.
അധർമ്മകർമ്മങ്ങളും അവിഹിതസിദ്ധാന്തങ്ങളും തിന്മകളത്രേ.
അനീതിയെ നീതിയായ്കാണും കണ്ണുകൾ വിശ്വാസങ്ങൾക്കുമുണ്ടല്ലോ.
അനുഭവത്തിന്റെ ശക്തി യുക്തിസഹമായ അറിവിന്റെ പിന്നിലാകുന്നു.
അന്തർദ്ദേശീയഐക്യം അംഗീകാരത്തിന്റെ ആർജ്ജിതഫലമാകുന്നു.
അഭിപ്രായസ്വാതന്ത്ര്യത്തിന്റെ, അർത്ഥമല്ല, അതിര് നിശ്ചയിക്കപ്പെടും.
ആത്മനിന്ദയുടെയിരകൾ, വ്യഭിചാരിണികളല്ല, പീഡകരത്രേ.
ആശയധാരകളുടെ ഉറവകൾ, സാംസ്കാരിക പ്രതിഭകളത്രേ.
കവചിത ആയുധമേധാവിത്വം, സുരക്ഷയല്ല, ശത്രുതവളർത്തും.
കുറ്റം ചെയ്യാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്നത്, വിശപ്പല്ല, പ്രണയമാണ്!
കുറ്റാരോപണവും കോപവും, വിചാരത്തിലല്ല, കുറ്റബോധത്തിലുണ്ടാകും.
ഗ്രഹണശക്തിയേറും നിർമ്മിതബുദ്ധിയും വിശ്വാസങ്ങളെ വിച്ഛേദിക്കും..
ചെകുത്താൻ, അദൃശ്യനും അരൂപിയുമല്ല, അപരാധിമനുഷ്യനാണ്.
തത്വചിന്തയും യുക്തിയുടെ പ്രവചനങ്ങളും വിജ്ഞാനഫലങ്ങളത്രേ.
തറവാടിത്തം, മിഥ്യയല്ല, അഭിമാനമുണർത്തും ആഭിജാത്യമത്രേ.
ധാർമ്മിക നീതിയുടെ ഘടകങ്ങൾ, സമത്വവും സ്വാതന്ത്ര്യവുമത്രേ.
ധാർമ്മിക സംസ്കാരത്തിന്റെ ശില്പിയും മതമല്ല, മാനവികതയാണ്.
നാഗരികതയുടെ ഇരട്ടകൾ ചതിവും കൊലപാതകവുമാണ്.
നിത്യജീവനിലുള്ള വിശ്വാസം, ബലഹീനതയല്ല, ആത്മബലമാണ്.
നിരീശ്വരവാദവും സംശയവാദവും യുക്തിവാദത്തിന്റെ വശങ്ങൾ
നിരുക്തി പരവർഗ്ഗവിവേചനം സഹൃദയത്തിലുരുവാകുകില്ല.
പക്ഷപാതത്വമില്ലാത്ത, ഏകലക്ഷ്യസ്ഥാനം
സ്വാഭാവികമരണമത്രേ.
പ്രായോഗിക പരിജ്ഞാനം സാങ്കല്പിക
വിശ്വാസങ്ങളെയും മറികടക്കും.
പ്രാർത്ഥന, വിശ്വാസത്തിനല്ല,
നിസ്സഹായതയിൽ നിന്നുരുവാകുന്നു.
ഭാവിലോകത്ത്, ഏകലോകഭാഷയും
പുതിയ മനുഷ്യനും പൊന്തിവരും.
മതമൊരു മനുഷ്യസ്നേഹിയല്ല, രക്തദാഹിയുടെയവതാരമാണ്.
മനസ്സുകളെ മലിനമാക്കുന്നത് ചിന്തകളല്ല, വികാരങ്ങളാണ്.
മനുഷ്യവിപ്ലവം നേടിയ മതേതരത്വം, സാഹോദരസ്നേഹമാകുന്നു.
മരണാനന്തര ജീവിതത്തിന്റെ ആത്യന്തികസ്ഥാനം ശൂന്യതയിലത്രേ.
മാനസാന്തരം, മുങ്ങലും മുഴുകലുമല്ല, ആത്മസമർപ്പണമത്രേ.
മാധ്യമവാർത്തകളിലെ വിവേചനം യാദൃശ്ചികമല്ല, സൃഷ്ടിയാണ്
ലോകത്തിന്റെ അനിയന്ത്രിതശക്തി, അന്തർദ്ദേശീയ ഭീകരതയാണ്.
ലോകസമാധാനത്തിന്റെ അനിവാര്യത, വൈവിദ്ധ്യമല്ല, ഏകത്വമാണ്.
ലോകാവസാനം പ്രവചനമല്ല, ഒരു വിശ്വാസത്തിന്റെ ആത്മാവാകുന്നു.
ശാപം സത്യത്തിന്റെ വേഷം ധരിച്ച ഭൗതികസാത്താന്റെ ആയുധമാകുന്നു.
സത്യവിശ്വാസികളുടെ ആത്മികഐക്യം സഹിഷ്ണുതയിലാരംഭിക്കുന്നു.
സാർവ്വത്രിക പുരോഗതിക്കാവശ്യം ധനമല്ല, നവീകരണമാണ്.
സൂചിക്കുഴയൊരു തുളയല്ല, സ്വീകാര്യതയുടെ തുറക്കുംവാതിലത്രേ.
സ്ത്രീസമത്വ സിദ്ധാന്തങ്ങൾ മതാചാരങ്ങളെ മാറ്റുന്നില്ല, തിരുത്തുന്നു!

# ഫോമാ സെൻട്രൽ റീജിയൻ വനിതാദിന ആഘോഷം ഗംഭീരമായി

**ജൂബി വള്ളിക്കളം**

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ സംഘടനകളുടെ സംഘടനയായ ഫോമായുടെ സെൻട്രൽ റീജിയൻ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വനിതാദിനം ആഘോഷിച്ചു.



ആർ.വി.പി. ടോമി എടത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കുക്ക് കൗണ്ടി സർക്യൂട്ട് കോർട്ട് ജഡ്ജ് ഐറിസ് മാർട്ടീനസ് തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. വിമൻസ് ഫോറം നാഷണൽ ചെയർപേഴ്സൺ സുജ ഔസോയും സെൻട്രൽ റീജിയൻ ചെയർപേഴ്സൺ ആശ മാത്യുവും സംസാരിച്ചു.

തുടർന്ന് “Empower Her: A Celebration of Style and Inclusion” എന്ന പേരിൽ നടത്തിയ മെഗാ ഫാഷൻഷോ കാണികളുടെ പ്രത്യേക കൈയ്യടി വാങ്ങി.

അഞ്ച് വ്യത്യസ്ത റൗണ്ടുകളിലായി അൻപത്തിഅഞ്ച് ആൾക്കാർ പങ്കെടുത്ത ഈ ഫാഷൻഷോ മികച്ച ഫാഷൻഷോകളോടു കിടപിടിക്കും രീതിയിലായിരുന്നു.

വ്യത്യസ്ത പ്രായത്തിലുള്ളവർ മികച്ച ഡിസൈനിംഗിലും സ്റ്റൈലിലുമുള്ള വസ്ത്രധാരണത്തിൽ ആത്മവിശ്വാസത്തോടെ റാംപ് വാക്ക് നടത്തിയത് ഏവരിലും അഭിമാനവും സന്തോഷവുമുളവാക്കി.

ആഷാ മാത്യു, ജൂബി വള്ളിക്കളം, റോസ് വടകര, ശ്രീജ നിഷാന്ത്, ശ്രീദേവി പണ്ടാല, ലിന്റാ ജോളിസ്, ജിനു ടോം, ലിസി ഇണ്ടിക്കുഴി, ജോർളി തരിയത്ത്, ഡയാന സ്കറിയ എന്നിവർ വനിതാദിന പരിപാടികൾക്ക് നേതൃത്വം നൽകി.

## തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു

(ഒന്നാം പേജിൽ നിന്നും)

രാജസ്ഥാൻ, മണിപ്പൂർ, ത്രിപുര സംസ്ഥാനങ്ങളിൽ രണ്ടു ഘട്ടമായും ഛത്തീസ്ഗഡിലും അസമിലും മൂന്നു ഘട്ടമായും മധ്യപ്രദേശിലും ഒഡീഷയിലും ജാർഖണ്ഡിലും നാലു ഘട്ടമായും മഹാരാഷ്ട്രയിലും ജമ്മു-കാശ്മീരിലും അഞ്ചു ഘട്ടമായും യുപി, ബീഹാർ, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിൽ ഏഴ് ഘട്ടമായുമാണ് വോട്ടെടുപ്പ്.

തമിഴ്നാട് അടക്കമുള്ള 21 സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ഏപ്രിൽ 19-നു നടക്കുന്ന ആദ്യ ഘട്ട തെരഞ്ഞെടുപ്പ്. രണ്ടാം ഘട്ടമായി ഏപ്രിൽ 26-ന് കേരളം ഉൾപ്പെടെ 13 സംസ്ഥാനങ്ങളിലെ 89 മണ്ഡലങ്ങളിൽ വോട്ടെടുപ്പു നടത്തും. മേയ് ഏഴിന് മൂന്നാം ഘട്ടത്തിൽ 94, മേയ് 13-ന് നാലാം ഘട്ടത്തിൽ 96, മേയ് 20-ന് അഞ്ചാം ഘട്ടത്തിൽ 49, മേയ് 25-ന് ആറാം ഘട്ടത്തിൽ 57, ജൂൺ ഒന്നിന് ഏഴാം ഘട്ടത്തിൽ 57 മണ്ഡലങ്ങൾ വീതമാണു വോട്ടെടുപ്പ്.

ജൂൺ നാലിനാണു വോട്ടെണ്ണൽ. ജൂൺ ആറിന് തെരഞ്ഞെടുപ്പു നടപടിക്രമം പൂർത്തിയാക്കുമെന്നും മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ അറിയിച്ചു.

# എംഎൽഎമാർ തമ്മിൽ നേരിട്ട് മത്സരിക്കുന്ന വടകര

കോഴിക്കോട്: ലോക്സഭാ തെരഞ്ഞെടുപ്പിൽ സിറ്റിങ് എംഎൽഎമാർ മുഖാമുഖം മത്സരിക്കുന്നത് കേരള ചരിത്രത്തിൽ ആദ്യം. എൽഡിഎഫ് സ്ഥാനാർത്ഥി മട്ടന്നൂർ എംഎൽഎയായി കെ.കെ. ശൈലജ വിജയിച്ചാലും യുഡിഎഫ് സ്ഥാനാർത്ഥി പാലക്കാട് എംഎൽഎ ഷാഫി പറമ്പിൽ വിജയിച്ചാലും നിയമസഭയിലേക്ക് ഉപതെരഞ്ഞെടുപ്പ് ഉറപ്പ്.



കെ.കെ. ശൈലജ



ഷാഫി പറമ്പിൽ


ഇരുവരുടെയും നിയമസഭാ മത്സരവും ശ്രദ്ധേയമായിരുന്നു. സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഭൂരിപക്ഷം ശൈലജ നേടിയപ്പോൾ ഏറ്റവും ത്രില്ലിങ് പോരാട്ടത്തിനൊടുവിലാണ് ഷാഫി വിജയം തൊട്ടത്. പാർട്ടിക്ക് അപ്പുറത്തേക്ക് ഇമേജുള്ളവരാണ് രണ്ടുപേരും. രാഷ്ട്രീയത്തിലെ കരുത്തുറ്റ വനിത എന്നതാണ് ശൈലജയുടെ സ്വീകാര്യതയെങ്കിൽ സമരങ്ങളിലെ വിട്ടുവീഴ്ചയില്ലാത്ത പോരാളിയെന്ന പ്രതിച്ഛായയാണ് ഷാഫിക്കുള്ളത്.

വടകരയിൽ ശൈലജ വിജയിച്ചാൽ മട്ടന്നൂരിൽ ഉപതെരഞ്ഞെടുപ്പ് വേണ്ടിവരുമെന്നത് എൽഡിഎഫിനെ ആകുലപ്പെടുത്തുന്നില്ല. ബിജെപിക്ക് ശക്തമായ സ്വാധീനമുള്ള പാലക്കാട് മണ്ഡലത്തിൽ 3,859 വോട്ടിനാണ് ഷാഫി ജയിച്ചു കയറിയത്. മൂന്നുവട്ടം തുടർച്ചയായി എംഎൽഎ ആയ ഷാഫിയെ പോലെ സ്വാധീനമുള്ള മറ്റൊരു സ്ഥാനാർത്ഥിയെ കണ്ടെത്തി വിജയിപ്പിക്കുക എന്നതാണ് യുഡിഎഫിനു മുന്നിലുള്ള വെല്ലുവിളി.

# ജോസഫ് പള്ളിവാതുക്കൽ അന്തരിച്ചു



സക്രമെന്റോ: ഓർമാ ഇന്റർനാഷണൽ മൂവീ ഫോറം ചെയർ രാജ് മാത്യുവിന്റെ പിതാവ് ജോസഫ് പള്ളിവാതുക്കൽ (83) കൊൽക്കത്തയിൽ അന്തരിച്ചു. ഭാര്യ റോസ് ജോസഫ് കുറവിലങ്ങാട് നംബുശ്ശേരിൽ കുടുംബാംഗമാണ്. മക്കൾ: മാരിയോ പ്രഭു ജോസഫ്, രാജ് മാത്യു ജോസഫ്. മരുമക്കൾ: മീനു മാരിയോ, സ്നേഹാ തോമസ്. പ്രശസ്തമായ ജോസ്കോൺ കൺസ്ട്രക്ഷൻ കമ്പനിയുടെയും സൺ പവർ ലിങ്കിന്റെയും സ്ഥാപകനും സിഇഒയുമായിരുന്ന ജോസഫ് പള്ളിവാതുക്കലിന്റെ നിര്യാണത്തിൽ ഓർമാ ഇന്റർനാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അനുശോചനം അറിയിച്ചു.



# SEEKING BRIDEGROOM

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact: **knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at **mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact **224-856-0429** with details and pictures.

# SEEKING BRIDE

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

## ജെ. തോമസ്

**മരങ്ങാട്ടുപിള്ളി:** ആദ്യകാല വ്യാപാരി (മണിയപ്പ്ര) മലപ്രവനാൽ ജെ. തോമസ് (തൊമ്മച്ചൻ–92) അന്തരിച്ചു. ഭാര്യ മീനച്ചിൽ കാഞ്ഞമല പരേതയായ ചിന്നമ്മ. മക്കൾ: ജോയി (ഡൽഹി), ടോമി (എം.എം. ഫുഡ്സ്), ജാൻസി (യുഎസ്), ആൻസി, സെലിൻ, ലിസി, ബിന്ദു, പരേതനായ ജോമോൻ. മരുമക്കൾ: ആനി ഇഞ്ചത്താനത്ത് (കാക്കൂർ), സെബാസ്റ്റ്യൻ ആറുപറയിൽ ചങ്ങനാശേരി (യുഎസ്), സോജൻ കിഴക്കുംതല പെരുമ്പാനൂർ, മാണിച്ചൻ കാടൻകാവിൽ കുറുമണ്ണ്, ഷാജി വാഴയ്ക്കപ്പാറ തങ്കമണി, ജിജി കുപ്പയിൽ ഇലഞ്ഞി, സജു ശ്രുതിലയം തിരുവനന്തപുരം.

## കെ.എം. വർക്കി

**കല്ലറ:** പെരുംതുരുത്ത് ചെറുപുഷ്പ വിഹാർ (കൈതയ്ക്കാട്ട്) കെ.എം. വർക്കി (76) അന്തരിച്ചു. ഭാര്യ പരേതയായ ത്രേസ്യാമ്മ. മക്കൾ: ജോഷി (ചെറുപുഷ്പം എൻജിനിയറിങ് വർക്സ്), ജോമി (യുഎസ്). മരുമക്കൾ: സിജി ചെമ്മനത്തുകര, ടിൻജു പാലക്കാട്.

## വർഗീസ് ചാക്കോ

**തിരുവല്ല:** നാഗാലാൻഡ് ഡിപ്പാർട്ട്മെന്റ് ഓഫ് പവർ റിട്ട. സൂപ്രണ്ടിംഗ് എൻജിനിയർകോട്ടവിരുത്തിൽ വർഗീസ് ചാക്കോ (തമ്പിക്കുട്ടി–81) അന്തരിച്ചു. ഭാര്യ കോട്ടയം ആറാണിൽ മോളി വർഗീസ്. മക്കൾ: വിനു (സ്വിറ്റ്സർലൻഡ്), വിവിയൻ (യുഎസ്). മരുമക്കൾ: സോണി (സ്വിറ്റ്സർലൻഡ്), എബി (യുഎസ്).

## രാജമ്മ സുകുമാരൻ

**മൈലപ്ര:** കുമ്പഴ വടക്ക് പെരുമരംനിൽക്കുന്നതിൽ രാജമ്മ സുകുമാരൻ (89) അന്തരിച്ചു. ഭർത്താവ് പരേതനായ സുകുമാരൻ. മക്കൾ: അനു സുകുമാരൻ (യുഎസ്), പരേതനായ അജി സുകുമാരൻ. മരുമകൾ: ബിന്ദു (യുഎസ്).

**തൃശൂർ:** സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ ഒളരി മേനാച്ചേരി കുഞ്ഞിപ്പാലു ദേവസി (90) അന്തരിച്ചു.

**പഴയിടം:** തോട്ടുപുറത്ത് ത്രേസ്യാമ്മ (88) അന്തരിച്ചു.

## ജോർജ് അലക്സാണ്ടർ

**കൊച്ചി:** റെയിൽവേ ക്യാരേജ് വർക്സ് (പെരമ്പൂർ) റിട്ട. പ്രിൻസിപ്പൽ ഫോർമാൻ കായംകുളം മങ്കുഴി കുന്നയ്യത്ത് ജോർജ് അലക്സാണ്ടർ (കുഞ്ഞ്–91) അന്തരിച്ചു. ഭാര്യ അയിരൂർ കുറുന്തോട്ടത്തിൽ എൽസി. മക്കൾ: സിസി, സാനു, ശോഭ (ഓക്കലൻഡ്), സോണി, മരുമക്കൾ: രാജാ പ്രഭുകുമാർ, ജോജി കുറ്റിക്കൽപള്ളം, ബിനോയ് വട്ടക്കാട്ടിൽ ഒളശ, രവീല വില്ലട വടുതല.

## സി.എം. സഖറിയ

**തിരുവനന്തപുരം:** അയിരൂർ ചെറുകര ഇൻകംടാക്സ് റിട്ട. ഉദ്യോഗസ്ഥൻ സി.എം. സഖറിയ (93) അന്തരിച്ചു.ഭാര്യ മല്ലപ്പള്ളി പള്ളിയറക്കുന്നേൽ ഓമന സഖറിയ (റിട്ട. പ്രിൻസിപ്പൽ), മക്കൾ: സുജ (ബഹ്റിൻ), മാത്യു സഖറിയ (യുഎസ്), പരേതയായ ലത. മരുമക്കൾ: ജോൺ വർഗീസ്, ഷാജി സഖറിയ (റെയിൽവേ). ബിജി (യുഎസ്).

**കോട്ടയം:** ചാർട്ടേഡ് അക്കൗണ്ടന്റ് (അയ്യർ ആൻഡ് ചെറിയാൻ) കൊല്ലാട് അങ്ങാടിശേരിൽ തോമസ് ചെറിയാൻ (ടോമി–73) അന്തരിച്ചു.

**മാനന്തവാടി:** അമ്പലവയൽ സെ. മാർട്ടിൻ മഠാംഗം സിസ്റ്റർ മേരി ഫുൾജൻസി മണ്ണൂർ (86) അന്തരിച്ചു.


## എം. കൃഷ്ണൻ നായർ

**പെരുന്ന:** നാഗ്പൂർ ഓർഡനൻസ് ഫാക്ടറി റിട്ട. ജനറൽ മാനേജർ ഷൺമുഖവിലാസത്തിൽ എം. കൃഷ്ണൻ നായർ (എം.കെ. നായർ–95) അന്തരിച്ചു. ഭാര്യ സുലോചന നായർ. മക്കൾ: ഡോ. സതീഷ് കൃഷ്ണൻ (ദുബായ്), രാജശ്രീ, കാർത്തിക് നായർ (യുഎസ്). മരുമക്കൾ: പ്രേമ സതീഷ്, കെ. എൻ.എസ്. നായർ (കോട്ടയം), പ്രശാന്തി (യുഎസ്).

**പാളയം:** കുഴിമുള്ളിൽ (വട്ടക്കാമുകളേൽ) കുര്യൻ ഏബ്രഹാം (77) അന്തരിച്ചു.

**മുണ്ടക്കയം:** നെൻമേനി മേപ്രത്ത് ചിന്നക്കുട്ടി ജോസഫ് (76) അന്തരിച്ചു.

## ഐസക്ക് തോമസ് അന്തരിച്ചു



ചിക്കാഗോ: മല്ലപ്പള്ളി ആനിക്കാട് വടക്കേടത്ത് പരേതനായ ഐസക്ക് വി. തോമസിന്റെ മകൻ ഐസക്ക് തോമസ് (54) ചിക്കാഗോയിൽ അന്തരിച്ചു. ബെൽവുഡ് സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമായിരുന്ന പരേതൻ ഒഹേർ എയർപോർട്ടിൽ ചീഫ് കസ്റ്റംസ് ആൻഡ് ബോർഡർ പട്രോൾ ഓഫീസറായി ജോലി ചെയ്തുകയായിരുന്നു. അമ്മ: എലിസബത്ത് തോമസ്. ഭാര്യ: ആൻ ജേക്കബ്. മക്കൾ: ജയ്സൺ തോമസ്, ജോയൽ തോമസ്. സഹോദരങ്ങൾ: ബീന കുര്യൻ (ബാൾട്ടിമോർ), ബിനിത കുന്നേൽ (ഒക്കലഹോമ).

## ത്രേസ്യാമ്മ ജോസഫ്

**രാമപുരം:** ഇരുമ്പുഴിയിൽ ത്രേസ്യാമ്മ ജോസഫ് (പെണ്ണമ്മ–88) അന്തരിച്ചു. കോതനല്ലൂർ വെളിഞ്ഞാലിൽ കുടുംബാംഗമാണ്. മക്കൾ: ജെസിമോൾ സാബു (യുഎസ്), അഗസ്റ്റിൻ ജോസഫ്, ഷാന്റി സലിം (ഇരുവരും മസ്കറ്റ്),ഷൈനി ജോജോ (ഇലഞ്ഞി), മാനുവൽ ജോസഫ്. മരുമക്കൾ: സാബു ജോൺ കൂട്ടുമല (യുഎസ്), ജെസി ആഗസ്റ്റിൻ മസ്കറ്റ്), സലിം കെ. സേവ്യർ കട്ടക്കയം (രാമപുരം), ജോജോ ആൻഡ്രൂസ് തൊട്ടുവേലിൽ (ഇലഞ്ഞി), ജിൻസി മാനുവൽ വെള്ളൂരാത്ത് (ചെമ്മലമറ്റം).

## വൈ. ലീലാമ്മ

**തിരുവനന്തപുരം:** നാലാഞ്ചിറ ബനഡിക്ട് നഗർ പുത്തൻവിള ഉഷസിൽ റിട്ട. പ്രധാനാധ്യാപിക വൈ. ലീലാമ്മ (81) അന്തരിച്ചു. കരുനാഗപ്പള്ളി കൊല്ലക വിളക്കുമാടത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പന്തളം മങ്ങാരം പുത്തൻവിളയിൽ പി.വൈ. ജേക്കബ്. മക്കൾ: ജയിംസ് ജേക്കബ് (യുഎസ്), പരേതനായ ജോൺ ജേക്കബ്. മരുമകൾ: ബിന്ദു ജെയിംസ് (യുഎസ്).

**നെടുങ്കുന്നം:** കുന്നുംപറമ്പിൽ കെ.എ. തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകൻ ജോഷി കെ. തോമസ് (50) അന്തരിച്ചു.

**മണ്ണാർക്കാട്:** എം.ഇ.ടി സ്കൂൾ അധ്യാപിക തോരാപുരം ആനന്ദ സദനത്തിൽ സിന്ധു എസ്. നായർ (52) അന്തരിച്ചു.

**കൊല്ലം:** പ്രശസ്ത ശസ്ത്രക്രിയാ വിദഗ്ധൻ മങ്ങാട് കിടങ്ങിൽ ഡോ. കെ. മോഹൻദാസ് (ബാബു–78) അന്തരിച്ചു.

## ഏലിക്കുട്ടി മാത്യു

**കരിമ്പാനി:** പുളിക്കമൂഴയിൽ ഏലിക്കുട്ടി മാത്യു (94) അന്തരിച്ചു. ആറുമാനൂർ പാലേറ്റിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.വി. മാത്യു. മക്കൾ: സോഫിയാമ്മ, എൽസമ്മ, ജോസമ്മ. മരുമക്കൾ: പരേതനായ ഇ.എം. മൈക്കിൾ ഈരൂരിക്കൽ മേവട, ജോണി സക്കറിയാസ് വെച്ചൂർ പൂവരണി, സജി ജോസഫ് തെക്കേൽ കടയനിക്കാട് (ഇരുവരും യുഎസ്).

**തിരുവല്ല:** കുമ്പനാട് നോയൽ മെമ്മോറിയൽ റിട്ട. അദ്ധ്യാപിക മഞ്ഞാടികടവിൽ പി.ജെ. ഏലിയാമ്മ (89) അന്തരിച്ചു.

**വിളക്കുമാടം:** പൂവരണി കൊച്ചോടയ്ക്കൽ ചാക്കോ മത്തായി (പാപ്പച്ചൻ–71) അന്തരിച്ചു.

**കുറവിലങ്ങാട്:** പകലോമറ്റം അരിശ്ശേരിൽ വെള്ളാക്കൽ മേഴ്സി ഫ്രാൻസിസ് (64) അന്തരിച്ചു.

**മുണ്ടക്കയം:** കുഴിപ്പാലായിൽ റോസമ്മ ആന്റണി (81) അന്തരിച്ചു.

## ക്യാപ്റ്റൻ കെ.ടി. തോമസ്

**തിരുവല്ല:** എയർ ഇന്ത്യ മുൻ ഉദ്യോഗസ്ഥൻ ക്യാപ്റ്റൻ കെ.ടി. തോമസ് (86) മുംബൈയിൽ അന്തരിച്ചു. ഭാര്യ ഇരവിപേരൂർ താന്നിക്കൽ ശങ്കരമംഗലം ലൈല. മക്കൾ: റ്റാമി, രവി (ഇരുവരും യുഎസ്).

## ശോശാമ്മ ജോർജ്

**വാകത്താനം:** കൈതയിൽ വാഴയ്ക്കൽ പരേതനായ വി.എം. ജോർജിന്റെ ഭാര്യ ശോശാമ്മ ജോർജ് (തങ്കമ്മ–81) അന്തരിച്ചു.പുതുപ്പള്ളി കല്ലുശ്ശേരിൽ കുടുംബാംഗമാണ്. മക്കൾ: അഡ്വ. വിനോ വാഴയ്ക്കൻ (ഹൈക്കോടതി), മിനിമോൾ മണവാളൻ (യുഎസ്). മരുമക്കൾ: ഡോ. നിഷ കുരുവിള (പ്രിൻസിപ്പൽ കല്ലൂപ്പാറ എൻജി. കോളജ്), ബിന്നി മണവാളൻ (യുഎസ്).

## ദേവസ്യ പി. സേവ്യർ



**ന്യൂജേഴ്സി:** ചങ്ങനാശേരി ചീരഞ്ചിറ പുല്ലുകാട്ട് സേവ്യറിന്റെയും മറിയാമ്മയുടെയും മകൻ ദേവസ്യ പി. സേവ്യർ (സിബിച്ചൻ–63) അന്തരിച്ചു. ഭാര്യ ഫിലോമിന മുട്ടുചിറ കണിവേലിൽ കുടുംബാംഗമാണ്. മക്കൾ: അനു, അനീറ്റ (യുകെ), അഖില, അലൻ (സൗത്ത് ഇന്ത്യൻ ബാങ്ക്). സോമർസെറ്റ് സെ. തോമസ് സീറോമലബാർ ഫൊറോന ഇടവകവികാരി റവ. ഫാ. ആന്റണി പുല്ലുകാട്ടിന്റെ സഹോദരനാണ് പരേതൻ.

**തെക്കേമല:** റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ പീടികയിൽ പ്ലാമൂട്ടിൽ കുഴിക്കാലായിൽ തോമസ് കെ. ഏബ്രഹാം (ജോസ്–63) അന്തരിച്ചു.

**തേർത്തല്ലി:** പാലാവയൽ ഓടക്കൊല്ലിയിലെ പാമ്പക്കൽ ആലീസ് (93) അന്തരിച്ചു.

**പത്തനംതിട്ട:** ആനപ്പാറ ഗവ. എൽപിഎസ്. റിട്ട. പ്രധാനാദ്ധ്യാപിക മാക്കാംകുന്ന് തെങ്ങുംതറയിൽ മറിയാമ്മ ജോർജ് (89) അന്തരിച്ചു.

**വയ്യാറ്റുപുഴ:** കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥനും ചേന്നംകര സ്റ്റോഴ്സ് ഉടമയുമായ ജോർജ് മാത്യു (ജോയി–84) അന്തരിച്ചു.

**കളമശേരി:** പ്രീമിയർ ടയേഴ്സ് മുൻ സിവിൽ എൻജിനീയർ സുന്ദരഗിരി ചാരുവിള യു. ജോർജ് (85) അന്തരിച്ചു.

**പാറമ്പുഴ:** പുല്ലാനപ്പള്ളിൽ ആലീസ് തോമസ് (മമ്മി–82) അന്തരിച്ചു.

## സി.വി. തോമസ്

**വല്ലകം:** ചങ്കുങ്കൽ സി.വി. തോമസ് (തൊമ്മച്ചൻ–89) അന്തരിച്ചു. ഭാര്യ പാലാ തെരുവിൽ പരേതയായ മറിയാമ്മ. മക്കൾ: ഗീത, ജോർജ്, തോമസ് (യുഎസ്). മരുമക്കൾ: ബേബിച്ചൻ ഇഞ്ചയ്ക്കൽ (കുറവിലങ്ങാട്), അനു ഐക്കരക്കുന്നേൽ എറണാകുളം (യുഎസ്).

## പി.എൽ. ഫിലിപ്പ്

**അരീക്കര:** ഇന്ത്യാ റ്റുഡേ ഡൽഹി റിട്ട. സർക്കുലേഷൻ മാനേജർ പുത്തൻപുരയ്ക്കൽ പി.എൽ. ഫിലിപ്പ് (66) അന്തരിച്ചു. ഭാര്യ കണ്ണങ്കര പാലയ്ക്കൽ മോളി ഫിലിപ്പ്. മകൻ ഷോൺ ഫിലിപ്പ്. മരുമകൾ: മ്രാല ഇല്ലിക്കൽ ചിന്നു (ഇരുവരും യുഎസ്).

## ക്ലാരമ്മ ജോർജ്

**കുറവിലങ്ങാട്:** പകലോമറ്റത്തിലായ ആലപ്പാട്ട് കോട്ടയിൽ ക്ലാരമ്മ ജോർജ് (96) അന്തരിച്ചു. ഞീഴൂർ കുര്യാസ് (വെങ്ങണിക്കപ്പറമ്പിൽ) കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എ.വി. ജോർജ്. മക്കൾ: എത്സമ്മ വർഗീസ്, ആനിയമ്മ ബേബി, സിസ്റ്റർ ജൂലിയ ജോർജ്, മേരികുഞ്ഞ് ജോൺ, ലില്ലിയമ്മ മാത്യു, സിറിയക് ജോർജ് (യുഎസ്), സിബി ജോർജ് (യുകെ), ജോസി ഷെല്ലി, പരേതനായ ജോയി ജോർജ്, ജോണി ജോർജ്. മരുമക്കൾ: വർഗീസ് മുക്കുങ്കൽ, ജോൺ അമ്പാട്ട് തൊടുപുഴ, മാത്തുക്കുട്ടി മേലുകുന്നേൽ തുരുത്തിപ്പള്ളി, ഷൈനി നടുപ്പറമ്പിൽ കടുത്തുരുത്തി, സബിത മഞ്ഞക്കാലായിൽ നടവയൽ, ഷെല്ലി പങ്കളാവിൽ പാഴുതുരുത്ത്, ബെറ്റി ചെമ്പ്ളായിൽ പാലാ, പരേതരായ ബേബി പന്നിവേലി ഏറ്റുമാനൂർ, സൂസൻ പുളിയൻതൊട്ടിയിൽ കളത്തൂർ.

**പാലാ:** ബിഎസ്എൻഎൽ റിട്ട. ജീവനക്കാരൻ മുണ്ടുപാലം വരണ്ടിയാനിക്കൽ പി.ഡി. ദേവസ്യ (കുഞ്ഞ്–73) അന്തരിച്ചു.

**കൂടരഞ്ഞി:** വയനാട് ജില്ല റിട്ട. നേഴ്സിങ് ഓഫീസർ കളപ്പുരയിൽ ബ്രിജിറ്റ് മാത്യു (94) അന്തരിച്ചു.

## പി.കെ. കുര്യാക്കോസ്

**കുത്താട്ടുകുളം:** പുത്തൻകളപ്പുരയ്ക്കൽ പി.കെ. കുര്യാക്കോസ് (95) അന്തരിച്ചു. കിഴകൊമ്പ് കാക്കനാട്ട്പറമ്പിൽ കുടുംബാംഗമാണ്. ഭാര്യ തട്ടക്കുഴകുരുവേലിൽ മറിയാമ്മ. മക്കൾ: ബാബു, ലീലാമ്മ, ജോർജ്, സൂസൻ, സാനി (യുഎസ്). മരുമക്കൾ: സാലി കുറുമറ്റപ്പിള്ളിയിൽ പെരുവ, ജോൺ ഏബ്രഹാം പുതിയാപറമ്പത്ത് കിഴകൊമ്പ്, ജെസി ജോർജ് പുത്തൂക്കാട്ടിൽ പെരുവ, വി.എം. മാത്യു വാഴക്കാലായിൽ വാകത്താനം (യുഎസ്).

**ചെറുകര:** റിട്ട. ബാങ്ക് ജീവനക്കാരൻ പണിക്കപറമ്പിൽ പി. എൽ. ജോസഫ് (74)അന്തരിച്ചു.

**മാടപ്പള്ളി:** പിരളിയില്ലത്ത് മന്ദാകിനി അന്തർജനം (മായ–63) അന്തരിച്ചു.

**കുഞ്ചിത്തണ്ണി:** എല്ലക്കൽ സർവീസ് സഹ. ബാങ്ക് മുൻ സെക്രട്ടറി പുതിയകുന്നേൽ പി. ജെ. ചാക്കോ (82) അന്തരിച്ചു.

## ശോശാമ്മ മാത്യു

**കുമ്പനാട്:** മ്ളാന്തടത്തിൽ ശോശാമ്മ മാത്യു (94) അന്തരിച്ചു. വാര്യാപുരം മാടപ്പള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.ജെ. മാത്യു. മക്കൾ: ജോയിസ്, ശാന്തി, റോയി, സുജ (എല്ലാവരും യുഎസ്). മരുമക്കൾ: ഓതറ കീയത്ത് തോമസ് ലാൽ, കല്ലിശേരി പാലത്തിനാൽ സണ്ണി, പ്രയാർ കരുവേലിൽ ഗ്രേസി, പത്തനംതിട്ട കിഴക്കേൽ പരേതനായ രാജു.


**വെള്ളുത്തുരുത്തി:** കുറിച്ചി ആതുരാശ്രമം ഹോമിയോ കോളജ് റിട്ട. കാഷ്യർ പുലിമല വീട്ടിൽ കെ.എ. ഭാസ്കരൻ പിള്ള (93) അന്തരിച്ചു.

## സന്താനഗോപാല കൃഷ്ണയ്യർ

**മൂവാറ്റുപുഴ:** കാവുംപടി വൃന്ദാവനിൽ സന്താനഗോപാലകൃഷ്ണയ്യർ (80) അന്തരിച്ചു. ഭാര്യ രാധ. മകൻ: എസ്. ശങ്കർ. മരുമകൾ: രമ്യ (ഇരുവരും യുഎസ്).

**ആലപ്പുഴ:** ആറാട്ടുവഴി വല്യേഴത്ത് വീട്ടിൽ തോമസ് ജോർജ് (72) അന്തരിച്ചു.

## പാസ്റ്റർ പി.വി. ചുമ്മാർ അന്തരിച്ചു



തൃശൂർ: ക്രൈസ്തവ ഗാനരചയിതാവും അപ്പൊസ്തോലിക് ചർച്ച് ഓഫ് ഗോഡ് അദ്ധ്യക്ഷനുമായ പാസ്റ്റർ പി.വി. ചുമ്മാർ (92) അന്തരിച്ചു. പഴഞ്ഞി പുലിക്കോട്ടിൽ വറുതുണ്ണി–ചെറിച്ചി ദമ്പതികളുടെ മകനായി 1932 ഓഗസ്റ്റ് 20–ന് ജനിച്ച പാസ്റ്റർ ചുമ്മാർ "അഴലേറും ജീവിത മരുവിൽ നീ കേഴുകയോ ഇനി സഹജാ", "എന്നെ നടത്തും അവൻ എന്നെ നടത്തും ഉന്നത മാർഗ്ഗത്തിൽ വാഗ്ദത്തങ്ങളിൽ" തുടങ്ങി പ്രസിദ്ധമായ ഒട്ടേറെ ക്രിസ്തീയ ഭക്തിഗാനങ്ങൾ രചിച്ചിട്ടുണ്ട്. കഴിഞ്ഞ ആറര പതിറ്റാണ്ടായി ക്രൈസ്തവ പ്രേഷിതരംഗത്ത് പ്രവർത്തിക്കുന്നു. ഭാര്യ: പരേതയായ ആലപ്പാട്ട് ചെമ്പൻ തങ്കമ്മ. മക്കൾ: ആൽഫമോൾ, ബെക്കി, പി.സി. ഗ്ലെന്നി (മന്ന ചീഫ് എഡിറ്റർ യുഎഇ), പി.സി. ഡെന്നി (മാധ്യമം) മരുമക്കൾ: ജോർജ്, ആശ, അനുഗ്രഹ.

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ: (630) 205-5078**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Oklahoma*

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



" In trial or difficulty I have recourse to Mother Mary, whose glance alone is enough to dissipate every fear."

***Inserted by:*** **Ajitha Kurien and Family**
**Ellicott City, Md**

### *Favors Received*



***Inserted by:***
**Ajitha Kurien and Family**
**Ellicott City, Md**

## NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**
**Baby @. 845-270-4310**

## CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

## CAREGIVER WANTED IN SEATTLE, WASHINGTON

We are looking for nanny to take care of a our new born baby and also help with basic house chores in Seattle, Washington

**Please contact me at**

**4142178109**

### *Favors Received*



" In trial or difficulty I have recourse to Mother Mary, whose glance alone is enough to dissipate every fear."

***Inserted by:*** **Ajitha Kurien and Family**
**Ellicott City, Md**

### *Favors Received*



" In trial or difficulty I have recourse to Mother Mary, whose glance alone is enough to dissipate every fear."

***Inserted by:*** **Ajitha Kurien and Family**
**Ellicott City, Md**

**Visit Our Website: www.keralaexpress.com for Classified Advt.**

### കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അല്ലിമയുടെ മാതാപിതാക്കളെ കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. അവിടെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരുദിവസം ചന്ദ്രബാബുവിനെ കാണാതായി. ഹോസ്പിറ്റലിൽനിന്ന് അവർക്കു വിവരങ്ങൾ നൽകിയ നേഴ്സ് സോഫിയായ്ക്കു ജോലി നഷ്ടപ്പെട്ടു. കിഷോർ ആലുവായിൽ അവൾക്കു ജോലി ശരിയാക്കി. സന്ദീപും സംഘവും അന്വേഷണം തുടർന്നു. ഇടുക്കിയിലെ പെരിയാർവാലിയിൽ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമാകുന്നു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തി. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അനിബാബുവിനും മാതാപിതാക്കൾക്കുമെതിരെ ഹേമചന്ദ്രൻ പരാതി കൊടുത്തു. അനിബാബുവിനെ പോലീസ് വളഞ്ഞു പിടിക്കുന്നു....**

# കാണാത്ത തീരങ്ങൾ

**ജോയ്സി**

## 88

പോലീസ് ജീപ്പ് പിൻതുടർന്നു വരുന്നതു കണ്ടപ്പോൾത്തന്നെ അനിബാബു പോക്കറ്റിൽനിന്നു ഫോൺ എടുത്ത് സന്ദീപിന്റെ നമ്പറിലേക്കു കോൾ ചെയ്യാൻ ശ്രമിച്ചു.പക്ഷേ, പോലീസ് വളഞ്ഞതിനു ശേഷമേ സന്ദീപിന്റെ പ്രതികരണം കിട്ടിയുള്ളൂ.

“ഹലോ ചേട്ടാ, എന്താ... എവിടെയാ?”

“പൊൻകുന്നത്തിനടുത്ത്. പോലീസ് വളഞ്ഞു.”

“പൊൻകുന്നം പോലീസാണോ?”

“ആണെന്നു തോന്നുന്നു.”

“രക്ഷപ്പെടാൻ വഴിയില്ലേ?”

“ഇല്ല.”

“കട്ട് ചെയ്യണ്ട. ബാക്കി ഞാൻ നോക്കിക്കോളാം.”

പോലീസ് ബൈക്കിനടുത്ത് എത്തിക്കഴിഞ്ഞിരുന്നു.

“എറങ്ങടാ ബൈക്കേന്ന്...”

“എന്തിനാ സാറെ എറങ്ങുന്നെ. കാര്യം പറ. ഞാൻ കുറ്റം വല്ലതും ചെയ്തോ?” ഹെൽമറ്റിന്റെ മുന്നിലെ ഗ്ലാസ് ഉയർത്തിവെച്ചുകൊണ്ട് അനിബാബു ചോദിച്ചു.

“ചോദ്യമൊന്നും ഇങ്ങോട്ടു വേണ്ട. എറങ്ങാൻ പറഞ്ഞാ എറങ്ങണം.”

“ഇതാണോ സാറെ മര്യാദ പോലീസ്? പത്രത്തിലൊക്കെ കണ്ടത് ഇങ്ങനല്ലല്ലോ. യാത്രക്കാരന്റെ അടുത്തുചെന്ന് മര്യാദയ്ക്കു സംസാരിക്കുകേം പെരുമാറുകേം ചെയ്യണമെന്നല്ലേ...”

“എറങ്ങടാ കഴുവർട മോനെ...” സ്റ്റേഷൻ ഹൗസ് ഓഫീസർ ഷൂസിട്ട കാൽ നിലത്തു ചവിട്ടി ഗർജിച്ചു.

“നല്ല ഭാഷ, നല്ല മര്യാദ... എറങ്ങി സാറെ.”

അനിബാബു ഇറങ്ങി ബൈക്ക് സൈഡ് സ്റ്റാൻഡിൽ വെച്ചു.

“ഹെൽമറ്റ് മാറ്റടാ.”

അനിബാബു ഹെൽമറ്റിന്റെ പിൻ സ്ട്രാപ് അഴിക്കാൻ ശ്രമിക്കുന്നതായി ഭാവിച്ചു.

“സാറെ എന്താ പ്രശ്നം? ബുക്കും പേപ്പറുമൊക്കെ ഒണ്ട്. കാണിക്കാം.”

“ഇതേതാ ഈ ബൈക്ക്. എറണാകുളം രജിസ്ട്രേഷനാണല്ലോ.”

“സാറേ, ഇതെനിക്കൊരു പത്രക്കാരൻ വാങ്ങിത്തന്നതാ.”

“നിനക്കൊരാള് വെറുതെ ബൈക്ക് വാങ്ങിത്തന്നെന്നോ?”

“എന്റെ കഷ്ടപ്പാട് കണ്ടു മനസ്സലിഞ്ഞ് ചെയ്തതാ സാറേ.” അപ്പോഴേക്കു കാറിൽനിന്നു ഹേമചന്ദ്രൻ ഇറങ്ങിവന്നു.

“അവനെന്താ ഹെൽമറ്റ് മാറ്റാത്തെ?” അയാൾ ചോദിച്ചു.

“സാറെ മുറുകിപ്പോയി... ഇതിന്റെ ക്ണാപ്പെവിടാന്നു നോക്കീട്ട് കിട്ടുന്നില്ല. സാറ് ഹേമചന്ദ്രൻ സാറല്ലേ... കല്ലാറ്റുപടിക്കലെ?”

“അവന്റെ ഹെൽമറ്റ് മാറ്റ്.”

ഒരു പോലീസുകാരൻ മുന്നോട്ടുവന്ന് ബക്കിളിൽനിന്നു സ്ട്രാപ്പ് അയച്ച് ഹെൽമറ്റ് ഊരിയെടുത്തു.

“എസ്.ഐ. അടക്കം അഞ്ചു പോലീസുകാർ. കല്ലാറ്റുപടിക്കലെ ഹേമചന്ദ്രൻ സാറും ഒണ്ട്.” ഹെൽമറ്റിന്റെ മൗത്ത് പീസ് ചുണ്ടോടു ചേർത്ത് അനിബാബു പറഞ്ഞു. ഇപ്പോഴാണ് അയാളുടെ പോക്കറ്റിലെ ഫോണിൽനിന്നു ചെവിയിലേക്കു നീളുന്ന കറുത്ത കേബിൾ പോലീസുകാർ കണ്ടത്.

“എന്നെ ബൈക്കേന്നു പിടിച്ചെറക്കി. എന്റെ തലേന്ന് ബലമായിട്ട് ഹെൽമറ്റ് അഴിച്ചു മാറ്റി. ഇതുവരെ ഞാൻ ചെയ്ത കുറ്റം എന്താന്നു പറഞ്ഞിട്ടില്ല. പോലീസുകാർ മുൻപേ വന്ന് തടഞ്ഞു നിർത്തി. ഹേമചന്ദ്രൻ സാറ് പുറകെ വന്നു.”

പെട്ടെന്ന് എസ്.ഐ. അനിബാബുവിന്റെ ചെവിയിലേക്കുള്ള കേബിൾ വലിച്ചെടുത്തു. അയാൾക്ക് കേബിൾ മാത്രമേ കിട്ടിയുള്ളൂ. ഫോൺ പോക്കറ്റിൽത്തന്നെ ഇരുന്നു.

“എസ്.ഐ. കേബിൾ വലിച്ചു പറിച്ചു. ഫോണും നശിപ്പിക്കുന്ന ലക്ഷണമാ. കുറ്റം എന്താണെന്നു പറയുന്നില്ല.”

അത്രയും പറഞ്ഞപ്പോഴേക്ക് എസ്.ഐ. അനിബാബുവിന്റെ പോക്കറ്റിൽനിന്ന് ഫോൺ പിടിച്ചെടുത്തു.

“സാറെ... സൂക്ഷിച്ചു കൈകാര്യം ചെയ്യണം. എല്ലാം റിക്കോർഡ് ചെയ്യുന്നൊണ്ട്. ഇവിടല്ല... ഇതിന്റെ മറ്റേയറ്റത്ത്.”

“നിന്നെ മോഷണക്കുറ്റത്തിനു പോലീസ് കസ്റ്റഡിയിലെടുക്കുവാ.”

അത്രയും പറഞ്ഞിട്ട് എസ്.ഐ. കോൾ കട്ട് ചെയ്തു.

“ആണോ? അപ്പോ ഈ സാറെന്തിനാ വന്നെ?” ഹേമചന്ദ്രന്റെ നേർക്ക് ആംഗ്യം കാട്ടി അനിബാബു എസ്.ഐയോടു ചോദിച്ചു.

“നിന്നെയൊന്നു കാണാൻ.”

ഹേമചന്ദ്രൻ അനിബാബുവിന്റെ മുന്നിലേക്കു വന്നു. അയാളെ അടിമുടി നോക്കി. എന്നിട്ട് എസ്.ഐയോടു നിർദേശിച്ചു:

“ഇവനെ ജീപ്പിലോട്ട് കേറ്റ്. ബാക്കി സ്റ്റേഷനിൽ ചെന്നിട്ട്.”

“വണ്ടീലോട്ട് കേറടാ...”

എസ്.ഐ. അനിബാബുവിന്റെ നേർക്ക് ആക്രോശിച്ചു.

“ശരി സാറെ. ബൈക്കിന്റെ കാര്യം എങ്ങനാ... കാശുകൊടുത്തു വാങ്ങിച്ചതാ. മോഷ്ടിച്ചതല്ല.”

“അത് ഞങ്ങള് കൈകാര്യം ചെയ്തോളാം.”

അനിബാബു ജീപ്പിലോട്ട് കയറാൻവേണ്ടി ഒരു ചുവട് മുന്നോട്ടുവെച്ചു. ഹേമചന്ദ്രന്റെ മുഖവുമായുള്ള കയ്യകലം മനക്കണക്കുകൂട്ടിയിട്ട് കക്ഷത്തിനടിയിൽ മുഷ്ടി ചുരുട്ടി ഇടംകൈകൊണ്ടു മിന്നൽ വേഗത്തിൽ ഹേമചന്ദ്രന്റെ വലതുതാടിക്കു തൊട്ടുമുകളിൽ ഒരൊറ്റ ഇടി. ഹേമചന്ദ്രൻ ചെറുതായൊന്നു ഞരങ്ങി. പിന്നെ വെട്ടിയിട്ടപോലെ താഴെ വീണു.

സംഭവമെന്താണെന്ന് പോലീസിനു മനസ്സിലാകുമ്പോഴേക്കും അനിബാബു ജീപ്പിൽ കയറിയിരുന്നു.

എസ്.ഐ. കുനിഞ്ഞ് റോഡിലേക്കു നോക്കി. വഴിവിളക്കിന്റെ വെട്ടത്തിൽ ഒരു ശവംപോലെ ഹേമചന്ദ്രൻ. വായ്ക്കുള്ളിൽനിന്നു ചോര പുറത്തേക്കു വാർന്നു. എസ്.ഐ. തിരിഞ്ഞ് ജീപ്പിലേക്കു നോക്കി ഗർജിച്ചു.

“നീ എന്നതാടാ നായിന്റെ മോനെ കാണിച്ചത്?”

“പൂച്ചയ്ക്കെന്താ സാറെ പൊന്നുരുക്കുന്നേടത്തു കാര്യം... എന്നെ മോഷണക്കുറ്റത്തിനല്ലേ പിടിച്ചത്? അയാളിപ്പം എസ്.പീം ഡി.വൈ.എസ്.പീം ഒന്നും അല്ലല്ലോ.”

എസ്.ഐ. എന്തു ചെയ്യണമെന്നറിയാതെ അന്ധാളിച്ചു പോയിരുന്നു. പോലീസുകാർ കുനിഞ്ഞ് വിളിച്ചിട്ടും കുലുക്കിയിട്ടും ഹേമചന്ദ്രന് അനക്കമൊന്നുമില്ല. ജീപ്പിൽനിന്നു വെള്ളമെടുത്തു കൊണ്ടുവന്ന് മുഖത്തു കുടഞ്ഞു.

“സാറെ... ആശുപത്രീ കൊണ്ടുപോ...” ജീപ്പിലിരുന്ന് അനിബാബു പറഞ്ഞു.

അതല്ലാതെ വേറെ നിവൃത്തിയില്ലെന്ന് പോലീസിനും മനസ്സിലായി. പോലീസുകാരുംകൂടി ചേർന്ന് ഹേമചന്ദ്രനെ താങ്ങിയെടുത്ത് കാറിൽ കയറ്റാൻ നോക്കിയപ്പോൾ കാർ ലോക്ക്ഡ് ആണ്. കാറിന്റെ സ്വിച്ച് കീക്കുവേണ്ടി റോഡിലും ഹേമചന്ദ്രന്റെ പോക്കറ്റിലും പരതിയെങ്കിലും കിട്ടിയില്ല.

പോലീസ് ഹേമചന്ദ്രനെ പോലീസ്ജീപ്പിന്റെ മുൻസീറ്റിലേക്കു കയറ്റി. സീറ്റ് പിന്നിലേക്കു ചായ്ച് അതിൽ കിടത്തി.

ജീപ്പ് ഉടൻ ആശുപത്രി ലക്ഷ്യമാക്കി പാഞ്ഞു. പിറകിലെ സീറ്റിൽ കൂസലില്ലാതെ ഇരിക്കുന്ന അനിബാബുവിനെ എതിർവശത്തെ സീറ്റിലിരുന്ന രണ്ടു പോലീസുകാർ തറപ്പിച്ചു നോക്കുന്നുണ്ടായിരുന്നു.

ഹേമചന്ദ്രനെ ഇടിച്ചു വീഴ്ത്തിയ ഒരുത്തനെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവർക്കു നിശ്ചയം പോരാ. പൊൻകുന്നം പോലീസിന് അനിബാബുവിനെ പരിചയമില്ല. അതിനാൽ ഒരാശയക്കുഴപ്പം നീണ്ടുനിന്നു.

ഹേമചന്ദ്രനെ ശാന്തിനികേതൻ ഹോസ്പിറ്റലിൽ എത്തിച്ച് പ്രഥമ ശുശ്രൂഷകൾ നൽകി. അര മണിക്കൂറിനുള്ളിൽ അയാൾക്കു ബോധം വീണ്ടുകിട്ടി. പക്ഷേ, താൻ എവിടെയാണെന്നോ, തനിക്കെന്താണു പറ്റിയതെന്നോ അയാൾക്ക് ഓർത്തെടുക്കാൻ കഴിഞ്ഞില്ല. അയാളുടെ മുഖം നീരുവന്ന് ചീർത്തിരുന്നു. താടിയെല്ലിന് ഒരുപക്ഷേ ഫ്രാക്ചർ ഉണ്ടാകാമെന്നും എക്സ്റേ എടുത്തു നോക്കണമെന്നും ഡോക്ടർ പോലീസിനെ അറിയിച്ചു.

ചുണ്ടിലും കവിളത്തും താടിയിലും പറ്റിപ്പിടിച്ചിരുന്ന ചോര നേഴ്സുമാർ പഞ്ഞികൊണ്ട് ഒപ്പിയെടുത്തു. രണ്ടു പോലീസുകാരെ ഹോസ്പിറ്റലിൽ നിർത്തിയിട്ട് എസ്.ഐ. ജീപ്പിൽ അനിബാബുവിനെയുംകൊണ്ട് സ്റ്റേഷനിലെത്തി.

അനിബാബുവിനെ ഓഫീസ് റൂമിലേക്കു കയറ്റിനിർത്തി ചോദ്യം ചെയ്തു.

“നീ ആരെയാണ് കയ്യേറ്റം ചെയ്തതെന്ന് അറിയാമോടാ റാസ്കൽ. ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. ഹേമചന്ദ്രൻ സാറിനെ.”

“അറിയാം സാറേ... അയാളിപ്പം ഡി.വൈ.എസ്.പി. അല്ലെന്നും അറിയാം. അയാൾക്കിനി ആ തൊപ്പി തിരിച്ചുകിട്ടാനും പോകുന്നില്ല. ഭയങ്കര ക്രിമിനലാ സാറേ... അയാള് ചെയ്തിട്ടില്ലാത്ത കുറ്റകൃത്യങ്ങളില്ല. അഴിമതി, കൈക്കൂലി, പക്ഷപാതം, തട്ടിപ്പ്, മാനഭംഗം, പെൺവാണിഭം, മയക്കുമരുന്ന്, തട്ടിക്കൊണ്ടുപോകൽ, കൊലപാതകം... അതെല്ലാം വെളിച്ചത്തുവരാൻ പോകുവാ.”

“നിനക്ക് ഹേമചന്ദ്രൻ സാറുമായിട്ട് എന്താ മുൻപരിചയം?”

“അതു വല്യ കഥയാ സാറേ. സാറ് നാളത്തെ പത്രത്തി വായിച്ചാ മതി.”

“ന്യൂസ് പേപ്പറിലോ?”

എസ്.ഐ. അവിശ്വാസത്തിൽ അയാളെ നോക്കി.

“സാറിനു വിശ്വാസം വരുന്നില്ല, അല്ലേ. എന്റെ പടം സഹിതം നാളെ വാർത്ത വരും സാറേ.” എസ്.ഐ. എഴുന്നേറ്റ് മേശമേൽ

ചാരിനിന്നുകൊണ്ട് അനിബാബുവിനെ അടിമുടി നോക്കി.


“സാറെ. ഞാനയാളെ ഇടിച്ചത് ക്രിമിനൽ കുറ്റമാ. സാറെന്റെ പേരിൽ കേസെടുത്തോ. ലോക്കപ്പിൽ കേറ്റി ഇടിച്ച് അവശനാക്കിക്കോ. നാളെ കോടതീൽ ഹാജരാക്കിക്കോ. അതെല്ലാം മൊറപോലെ നടന്നോട്ടെ.”

“എടാ, പോലീസിന്റെ മുന്നിൽവെച്ച് ഹേമചന്ദ്രൻ സാറിനെ ഇടിക്കാനുള്ള ധൈര്യം നിനക്കെങ്ങനെ വന്നെന്നാ ചോദ്യം?”

“അതിനൊരു കാരണം ഒണ്ട് സാറെ. എന്നെ എന്തിനാ സാറ് വളഞ്ഞു പിടിച്ചതെന്ന് സാറിനറിയാവോ? ഇല്ല. പൊൻകുന്നം സ്റ്റേഷനതിർത്തീൽ ഞാൻ വല്ല കുറ്റകൃത്യോം ചെയ്തോ, ഇല്ല. അപ്പോ സാറെന്നോട് അനീതിയല്ലേ കാണിച്ചെ. അത് ഹേമചന്ദ്രൻ പറഞ്ഞിട്ടല്ലേ? കസ്റ്റഡീലെടുത്തിട്ട് സാറെന്നെ ചെലപ്പോ ഹേമചന്ദ്രനു വിട്ടുകൊടുത്തെന്നു വരും. അയാൾക്ക് കൊലപാതകമൊക്കെ നിസ്സാരമാ... അതു ചെയ്യാൻ തയാറൊള്ള കൂലി ഗുണ്ടകളൊണ്ട്. രണ്ടു ദിവസം കഴിയുമ്പം ഞാൻ ചെലപ്പോ മണ്ണിനടിയിലോ വെള്ളത്തിനടിയിലോ ആയെന്നു വരും. ഇനിയെന്തായാലും സാറിന് എന്റെ പേരിൽ കേസെടുക്കാതിരിക്കാൻ പറ്റില്ലല്ലോ.”

അനിബാബു കൂസലില്ലാതെ പറഞ്ഞു.

“കേസെടുക്കണമെന്നു നിർബന്ധമില്ലെടാ. കേസെടുക്കാതിരിക്കാം. നീ ഹേമചന്ദ്രൻ സാറിനെ ഇടിച്ചിട്ടുമില്ല, ഞാൻ നിന്നെ കസ്റ്റഡിയിലെടുത്തിട്ടുമില്ല.”



“സാറ് കുടുങ്ങുമേ... സാറിന്റെ തൊപ്പി പോകും. സംഭവം നടന്ന സ്ഥലത്ത് പത്രക്കാര് ചെന്ന് കാറിന്റേം ബൈക്കിന്റേം ഫോട്ടോ എടുത്തോണ്ടു പോയിക്കഴിഞ്ഞു. ആശുപത്രീന്നും അവര് വാർത്തയെടുത്തു. അധികം വൈകാതെ സാറിനു കോളുവരും. ഇവിടെ ആളും വരും.”

എസ്.ഐ. അങ്കലാപ്പിലായി.

“ഇതൊക്കെ നിനക്കെങ്ങനെ അറിയാം?”

“ഇതിന്റെയെല്ലാം പൊറകിൽ നല്ല ബുദ്ധിയൊള്ള തലകളൊണ്ട് സാറെ... ഇപ്പം സാറിനു രക്ഷപ്പെടാനൊള്ള വഴി ഞാൻ പറഞ്ഞു തരാം. സാറ് പട്രോളിങ്ങിനു പോണ വഴിക്ക് ഒരിടത്ത് അക്രമം നടക്കുന്നതു കണ്ട് ജീപ്പ് നിർത്തി. ഞാൻ ഹേമചന്ദ്രനെ ഇടിച്ച് താഴെയിട്ടിരിക്കുന്നതു കണ്ട് എന്നെ കസ്റ്റഡീലെടുത്തു. ഹേമചന്ദ്രനെ ആശുപത്രീലും എത്തിച്ചു. എന്നെ കസ്റ്റഡീലെടുത്തതിനും കാരണമായി. അതിനു പകരം വല്ല മോഷണക്കുറ്റോം എന്റെ തലേൽ കെട്ടിവെക്കാൻ നോക്കിയാ... സാറ് വെള്ളം കുടിക്കും...”

“നിനക്കെങ്ങനറിയാം ക്രിമിനൽ പ്രൊസീജിയറൊക്കെ?” ഷിജിൽ ഷാജു ഗൗരവം വിടാതെ തിരക്കി.

“പതിനഞ്ചാമത്തെ വയസ്സിൽ പോലീസെന്നെ കസ്റ്റഡീലെടുത്തതാ. ഇരുപത്തിമൂന്നു കൊല്ലമായിട്ട് പോലീസും കോടതീം വക്കീലും കേസും ജയിലും ഒക്കെയായിട്ട് ജീവിക്കുവാ... കൊലപാതകം മാത്രം ചെയ്തിട്ടില്ലാത്തതുകൊണ്ട് അതിന്റെ നിയമവശങ്ങള് കൊറേ പഠിക്കാൻ ബാക്കിയൊണ്ട്. അതും പഠിക്കേണ്ടി വരും.”

പല്ലിളിച്ചുള്ള ശബ്ദമില്ലാത്ത ചിരിയിൽ അനിബാബു സംഭാഷണം നിർത്തി.

എസ്ഐ മേശപ്പുറത്തുനിന്ന് എഴുന്നേറ്റപ്പോഴേക്കും അയാളുടെ സെൽഫോൺ ശബ്ദിച്ചു. എസ്ഐ ഫോൺ എടുത്തു നോക്കി. പരിചിതമായ നമ്പർ. പൊൻകുന്നം ബ്യൂറോയിൽനിന്ന്.

“ഹലോ... രതീഷ്...”

“സാർ ഒരാളെ കസ്റ്റഡീലെടുത്തിട്ടില്ലേ... അനിബാബു. എന്തെങ്കിലും ഡീറ്റെയ്ൽസ് ഉണ്ടോ സാർ?”

“നിങ്ങൾക്ക് എങ്ങനെ വിവരം കിട്ടി?”

“ഞങ്ങൾ കൂരാലി ജംക്ഷനടുത്ത് സ്പോട്ടിൽ പോയി പടങ്ങളൊക്കെ എടുത്തു വരികയാ. ഇപ്പോ ശാന്തിനികേതന്റെ മുന്നിലൊണ്ട്. എന്താ കേസ്? അറസ്റ്റ് ചെയ്തോ? നാളെ കോടതീൽ ഹാജരാക്കുവോ? വന്നാൽ കാണാൻ പറ്റ്വോ?”

“രതീഷ്, നിങ്ങൾ അര മണിക്കൂർ കഴിഞ്ഞു വിളിക്കൂ. ഞാൻ തിരക്കിലാണ്.”

എസ്ഐ കോൾ കട്ട് ചെയ്തു. എന്നിട്ട് അനിബാബുവിനെ നോക്കി.

“ഞാനപ്പഴേ പറഞ്ഞില്ലേ സാറെ...”

“വായടച്ചുവെക്കടാ റാസ്കൽ.” എസ്ഐ ചീറി.

ഉടൻതന്നെ റൈട്ടറെ വിളിച്ച് കസ്റ്റഡി രേഖപ്പെടുത്തി അനിബാബുവിനെ ലോക്കപ്പ് ചെയ്യാൻ നിർദേശിച്ചു.

അതിനിടയിൽ ഹോസ്പിറ്റലിൽ ഹേമചന്ദ്രനു തുണ നിന്ന പോലീസുകാരുടെ കോൾ വന്നു.

“ഹേമചന്ദ്രൻ സാറിനു സംസാരിക്കണം. അദ്ദേഹത്തിന്റെ ഫോൺ കാറിനുള്ളിലാണ്. കൊടുക്കട്ടെ സാർ...”

“കൊടുക്ക്.”

രണ്ടു സെക്കൻഡിനകം ഹേമചന്ദ്രന്റെ, വായിൽ മുഴയുള്ളപോലുള്ള ശബ്ദം കേൾക്കായി.

“ഹലോ... അവനെ എന്തു ചെയ്തു?”

“ലോക്കപ്പ് ചെയ്തിരിക്കയാ.”

“കസ്റ്റഡി റിക്കാർഡാക്കിയോ?”

“സാർ... അങ്ങനെ വേണ്ടിവന്നു.”

“അവനെ കസ്റ്റഡീലെടുത്ത് എനിക്കു വിട്ടുതരാനല്ലേ തന്നോടു പറഞ്ഞിരുന്നെ.”

“സാർ–അതൊന്നും നടപ്പില്ല. പത്രക്കാര് വിവരമറിഞ്ഞു. അവര് സ്പോട്ടിൽ പോയി സാറിന്റെ കാറിന്റേം ബൈക്കിന്റേം പടമെടുത്തു. അവരത് വാർത്തയാക്കീട്ടുണ്ടെന്നാ അറിഞ്ഞത്.”

“അവരൊക്കെ എങ്ങനറിഞ്ഞു?”

“ഇവന്റെ പുറകിൽ ഒരു ടീമൊണ്ട് സാറെ.”

“ലോക്കപ്പിലിട്ട് ശരിക്കൊന്നു ചോദിച്ചു നോക്ക് – അവന്റെ ടീമിൽ ആരൊക്കെയുണ്ടെന്ന്.”

“അവനൊരു കൂസലുമില്ല. ഇടിച്ചോളാനാ പറയുന്നെ. പ്രശ്നം അതൊന്നുമല്ല. നമ്മൾ എന്തു കേസ് ചാർജ് ചെയ്യും?”

“മോഷണം. കവർച്ച.”

“സാറെ... തെളിവില്ല. എവിടുന്നു മോഷണം പോയി, എന്ത് മോഷണം പോയി, ആരുടെ മോഷണം പോയി – ഇതിനൊക്കെ കൃത്യമായി ഉത്തരം പറയണം.”

“എന്നെ കയ്യേറ്റംചെയ്ത കേസ്തന്നെ ചാർജ് ചെയ്തോ.”

“അതുതന്നെയാ അവനും പറയുന്നെ. നാളെ കോടതീൽ ഹാജരാക്കിയേക്കാൻ.”

“എന്താ അവന്റെ ഉദ്ദേശ്യം?”

“കോടതീന്നു ജാമ്യമെടുത്തു പോകാനായിരിക്കും.”

“റിമാൻഡ് ചെയ്യിക്കണം. അവനു ജാമ്യം കിട്ടരുത്. പൊൻകുന്നം സബ്ജയിലിൽ അവനെ കിട്ടണം എനിക്ക്.”

“സാർ... സാറിനിപ്പോ എങ്ങനൊണ്ട്?”

“കുഴപ്പമില്ല. ലോവർ ജോയിൽ ഒരു ഹെയർലൈൻ ഫ്രാക്ചർ. കോളറിട്ടാ മതി. രണ്ടാഴ്ചത്തെ റെസ്റ്റ്.”

“സാർ...”

“വയ്ക്കുവാ... സംസാരിക്കാൻ വയ്യടോ.”

“ഓകെ സാർ.”

ഫോൺകോൾ കട്ടാക്കിയശേഷം ഷിജിൽ ഷാജു തന്റെ കീഴിലുള്ള ഇടിപ്രിയരായ രണ്ടു സിവിൽ പോലീസ് ഓഫീസർമാരെ വിളിച്ച് ഹേമചന്ദ്രന്റെ ആഗ്രഹം അറിയിച്ചു. ഇടിവീരനായ ഇട്ടി ഐപ്പ് എന്ന പോലീസുകാരൻകൂടി ചേർന്ന് മൂന്നുപേർ ലോക്കപ്പിൽ ചെന്നു കയറി. അനിബാബു അവരോടു പറഞ്ഞു:

“എന്നെ സൽക്കരിക്കാൻ വന്നതല്ലേ. ഇടിക്കുന്നതിനൊന്നും കൊഴപ്പമില്ല സാറമ്മാരെ. ഞാനിത് കൊറേ കൊണ്ടിട്ടൊള്ളതാ. മർമത്ത് ഇടിക്കരുത്. കോടതീൽ ഹാജരാക്കുമ്പം മജിസ്ട്രേട്ടിനോട് ഞാൻ വിളിച്ചു പറയും എന്നെ ലോക്കപ്പിലിട്ട് ഇടിച്ചു നശിപ്പിച്ചെന്ന്. സാധാരണ കലാപരിപാടിയാണെങ്കി ഓക്കെ.”

ഇട്ടി ഐപ്പ് ലോക്കപ്പിന്റെ വാതിൽ അടച്ച് ഓടാമ്പലിട്ടു.

*** *** ***

രാവിലെ സ്റ്റേഷനിൽ എത്തിയപ്പോൾ മുരിക്കാശേരി സിഐ സാബു വർഗീസിന്റെ മേശപ്പുറത്ത്, ചുവന്ന വട്ടമിട്ട് അടയാളപ്പെടുത്തിയ പത്രം കിടപ്പുണ്ടായിരുന്നു.

ലോക്കൽ പേജിൽ ചെറിയ കോളം വാർത്ത. ‘ഇരുപത്തിരണ്ടു വർഷം മുൻപ് യുവതിയെ കാണാതായ കേസിൽ വൃദ്ധദമ്പതികൾ പോലീസ് കസ്റ്റഡിയിൽ.’

അതേ പേജിൽത്തന്നെ മറ്റൊരു വാർത്ത – ‘ഇരുപത്തിരണ്ടു വർഷം മുൻപ് ജ്യേഷ്ഠസഹോദരനെ കാണാതായ കേസിൽ പുനരന്വേഷണം ആവശ്യപ്പെട്ട് പോലീസിലും കോടതിയിലും പരാതി.’

മുൻപേജിൽ അടിഭാഗത്തായി രണ്ടുകോളം വാർത്ത. ‘ഡിവൈഎസ്പിയെ മർദിച്ച കേസിൽ യുവാവ് അറസ്റ്റിൽ.’

ആ വാർത്തയുടെ വലതുഭാഗത്തായി ഉൾപ്പേജിലെ ഒരു ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടിനെക്കുറിച്ചുള്ള ലഘു വിവരണം. ‘ഒരു പ്രണയകഥയുടെ ദാരുണാന്ത്യം’ എന്ന തലക്കെട്ടിൽ.

സ്റ്റേഷൻ ഹൗസ് ഓഫിസർ എൽദോസ് വാതിൽക്കലെത്തി ‘മേ ഐ കമിൻ സാർ’ എന്ന് അനുവാദം ചോദിച്ചു.

“കേറി വാടോ– താനാണോ ഈ പേപ്പർ വെച്ചത്?”

“സാർ...”

എൽദോസ് സല്യൂട്ടടിച്ചിട്ട് അകത്തേക്കു വന്നു.

“ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞില്ലേ കൊഴപ്പം ആകുമെന്ന്. അകത്ത് എഡിറ്റോറിയൽ പേജിലും സ്റ്റോറിയൊണ്ട് സാറെ.”

“എന്തു സ്റ്റോറി?”

“സാറൊന്നു വായിച്ചു നോക്കണം. സാറെ, നമ്മൾ ആരെയൊക്കെയാണോ കസ്റ്റഡിയിൽ വെച്ചിരിക്കുന്നത്, അവർക്കെതിരെ ഭയങ്കര ക്രൈം നടന്നിട്ടൊണ്ട്. ഇത്രയുംകാലം ആരും അറിയാതെ എല്ലാം മൂടിവെച്ചിരിക്കയായിരുന്നു. ആ ശേഖരൻകുട്ടിയേം ഭാര്യയേം നമ്മൾ കസ്റ്റഡിയിൽ വെച്ചിരിക്കുന്നത് റിപ്പോർട്ടിന്റെ നടുക്ക് ബോക്സ് ഐറ്റമായി കൊടുത്തിട്ടുണ്ട്. എസ്പി ഓഫിസീന്ന് എക്സ്പ്ലനേഷൻ ചോദിച്ചോണ്ട് കോൾ വരും. അതിനു മുൻപേ അവരെ റിലീസ് ചെയ്യുന്നതല്ലേ ബുദ്ധി.”

“എടോ, ഇത് അസോസിയേഷന്റെ തലപ്പത്തൂന്നുള്ള പ്രഷറാ. എസ്പി ഓഫിസീന്ന് കോൾ വരട്ടെ. നമുക്ക് പറയാൻ ന്യായമുണ്ടാവൂല്ലോ.”

“സാർ... ഞാൻ സൂചിപ്പിച്ചെന്നേയുള്ളൂ. ചെല്ലട്ടെ.”

എൽദോസ് സല്യൂട്ട് ചെയ്ത് മുറിവിട്ടു പോയി.

സാബു വർഗീസ് എഡിറ്റോറിയൽ പേജിലെ ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടിലേക്കു ശ്രദ്ധ തിരിച്ചു.

വലിയ തലക്കെട്ടിന്റെ രണ്ടറ്റത്തുമായി സുന്ദരനായ ഒരു യുവാവിന്റെയും സുന്ദരിയായ പെൺകുട്ടിയുടെയും ചിത്രങ്ങൾ. പ്രണയ ചിഹ്നത്തിനുള്ളിലാണ് ഇരുവരും. ബോക്സിൽ ശേഖരൻകുട്ടിയുടെയും രമണിയുടെയും സ്റ്റാംപ് സൈസ് ഫോട്ടോ. കൊടുംക്രൂരതയുടെ ഇരകളെന്ന് ചെറിയ ഹെഡ്ഡിങ്.

ഇരുപത്തിരണ്ടര കൊല്ലം മുൻപ് സ്വന്തം മകനെയും മാസങ്ങൾക്കുശേഷം പൂർണ ഗർഭിണിയായ മരുമകളെയും നഷ്ടപ്പെട്ട മാതാപിതാക്കൾ. മാറിത്താമസിച്ച ഇടങ്ങളിലെല്ലാം പിന്നാലെ ചെന്ന് ഉപദ്രവിക്കുകയും പലായനം ചെയ്യിക്കുകയും ചെയ്ത ശത്രുക്കൾ വർഷങ്ങൾക്കുശേഷം വീണ്ടും ഇവരെ വേട്ടയാടുന്നു. കള്ളക്കേസിൽ കുടുക്കി ദ്രോഹിക്കുന്നു.

(ശേഷം 30–ാം പേജിൽ)

# കേരള എംപിമാരുടെ പ്രകടനം മികച്ചതെന്ന്

കോട്ടയം: ലോക്സഭയിൽ പാർലമെന്റിനുള്ളിലും പുറത്തും കേരളത്തിൽ നിന്നുള്ള എംപിമാരുടേത് മികച്ച പ്രകടനമായിരുന്നെന്ന് വിലയിരുത്തൽ. പ്രാദേശിക വികസനഫണ്ട് ചെലവഴിക്കുന്നതിലും സ്വകാര്യ ബില്ലുകൾ അവതരിപ്പിക്കുന്നതിലും ചർച്ചകളിൽ പങ്കെടുക്കുന്നതിലും പ്രമേയം അവതരിപ്പിക്കുന്നതിലും ചോദ്യങ്ങൾ ഉന്നയിക്കുന്നതിലും കേരള എംപിമാർ മെച്ചപ്പെട്ട പ്രകടനാണ് കാഴ്ചവെച്ചതെന്ന് എംപിമാരുടെ പ്രകടനം വിലയിരുത്തുന്ന തിരുവനന്തപുരം ബജറ്റ് ആൻഡ് ലെജിസ്ലേറ്റീവ് റിസർച്ച് വിഭാഗത്തിന്റെ റിപ്പോർട്ടിൽ പറയുന്നു.

പ്രാദേശിക വികസന ഫണ്ട് ചെലവഴിച്ചതിൽ കേരള എംപിമാരെല്ലാം വളരെ മുന്നിലാണ്. പാർലമെന്റ് അംഗങ്ങൾക്ക് പ്രാദേശിക വികസനഫണ്ടായി ഓരോ വർഷവും അഞ്ചുകോടി രൂപയാണ് ലഭിക്കുന്നത്. എന്നാൽ, കോവിഡ് മൂലം ആദ്യ രണ്ട് വർഷത്തേക്ക് രണ്ട് കോടി രൂപ മാത്രമാണ് ലഭിച്ചത്. ഇതുൾപ്പെടെ 17 കോടി രൂപയാണ് പതിനേഴാം ലോക്സഭയിൽ ഓരോ അംഗത്തിനും ലഭിച്ചതുക. ഇതിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് കോട്ടയം എംപി തോമസ് ചാഴികാടനാണ്. രണ്ട് ലക്ഷം രൂപകൂടി മാത്രമാണ് ഇനി ചെലവഴിക്കാനുള്ളത്. ഇതുകൂടി ചെലവഴിച്ചാൽ ഇന്ത്യയിൽ പ്രാദേശിക വികസനഫണ്ട് പൂർണ്ണമായി ചെലവഴിച്ച എംപി എന്ന പേര് തോമസ് ചാഴികാടന് സ്വന്തമാകും. അടൂർ പ്രകാശ് 11 ലക്ഷം, രാജ്മോഹൻ ഉണ്ണിത്താൻ 28 ലക്ഷം, കെ. മുരളീധരൻ 75 ലക്ഷം, എ.എം. ആരിഫ് 76 ലക്ഷം, ആന്റോ ആന്റണി 85 ലക്ഷം എന്നിങ്ങനെയാണ് ഫണ്ടിൽ കുറച്ചുമാത്രം ബാക്കിയുള്ള എംപിമാർ. മറ്റ് എംപിമാർ ഇതിൽ കൂടുതൽ തുക ചെലവഴിക്കാനുണ്ട്.

സ്വകാര്യ ബില്ല് അവതരിപ്പിച്ചതിൽ കേരള എംപിമാരാണ് ഏറ്റവും മുന്നിൽ. മന്ത്രിമാരല്ലാത്ത അംഗങ്ങൾ അവതരിപ്പിക്കുന്ന ഏതൊരു ബില്ലും സ്വകാര്യ ബില്ല് എന്നാണ് അറിയപ്പെടുന്നത്. ഈ ലോക്സഭയിൽ ആകെ 729 സ്വകാര്യ ബില്ലുകളാണ് അവതരിപ്പിക്കപ്പെട്ടത്. ഇതിൽ 107 എണ്ണം കേരളത്തിൽ നിന്നുള്ള എംപിമാരുടേതാണ്. ഏറ്റവും കൂടുതൽ സ്വകാര്യ ബില്ല് അവതരിപ്പിച്ചത് കൊല്ലം എംപി എൻ.കെ. പ്രേമചന്ദ്രനാണ്. 18 എണ്ണം. രണ്ടാം സ്ഥാനത്ത് തിരുവനന്തപുരം എംപി ശശി തരൂരാണ് 13 എണ്ണം. മൂന്നാം സ്ഥാനത്ത് ഇടുക്കി എംപി ഡീൻ കുര്യാക്കോസാണ്-12. ഒരു സ്വകാര്യ ബിൽ മാത്രം അവതരിപ്പിച്ച തൃശൂർ എംപി ടി.എൻ. പ്രതാപനും ആലപ്പുഴ എംപി എ.എം. ആരിഫുമാണ് ഏറ്റവും പിന്നിൽ.

ചോദ്യം ഉന്നയിച്ചതിൽ ദേശീയ ശരാശരി 210 ആണെങ്കിൽ കേരള എംപിമാരുടേത് 268 ആണ്. അടൂർ പ്രകാശാണ് ഏറ്റവും കൂടുതൽ ചോദ്യങ്ങൾ ഉന്നയിച്ചത്-388 എണ്ണം. രണ്ടാം സ്ഥാനത്ത് ആന്റോ ആന്റണി-386, മൂന്നാം സ്ഥാനത്ത് ബെന്നി ബഹനാൻ-343 എണ്ണം. 321 ചോദ്യമുന്നയിച്ച രമ്യ ഹരിദാസാണ് നാലാം സ്ഥാനത്ത്.

ആകെ 5346 ചോദ്യങ്ങൾ ഉന്നയിച്ച കേരളത്തിനു മുന്നിലുള്ളത് മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ മാത്രമാണ്. കേരളത്തിൽ നിന്നുള്ള എംപിമാർ 175 ബജറ്റ് ചർച്ചകളിൽ പങ്കെടുത്തു. ഇത് ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്.

## എ.എസ്. രാജീവ് വിജിലൻസ് കമ്മീഷണർ

ന്യൂഡൽഹി: മലയാളിയും ബാങ്ക് ഓഫ് മഹാരാഷ്ട്ര മുൻ എംഡിയുമായ എ.എസ്. രാജീവിനെ കേന്ദ്രവിജിലൻസ് കമ്മീഷനിൽ (സിവിസി) വിജിലൻസ് കമ്മീഷണറായി നിയമിച്ചു. കോട്ടയം ആർപ്പൂക്കര ഏറത്ത് കുടുംബാംഗമാണ്.



കേന്ദ്ര വിജിലൻസ് കമ്മീഷണറുടെ രണ്ട് വിജിലൻസ് കമ്മീഷണർമാരും അടങ്ങുന്നതാണ് സിവിസി.

സിൻഡിക്കറ്റ് ബാങ്ക്, ഇന്ത്യൻ ബാങ്ക്, വിജയ ബാങ്ക് എന്നിവിടങ്ങളിലും രാജീവ് ഉന്നത പദവി വഹിച്ചിട്ടുണ്ട്. ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ വൈസ് ചെയർമാൻ, ഇന്ത്യൻ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് നടപ്പാക്കാനുള്ള റിസർവ് ബാങ്ക് കോർ ഗ്രൂപ്പ് അംഗം എന്നീ പദവികളും വഹിച്ചു. എക്സിം ബാങ്ക്, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി, നാഷണൽ പേയ്മെന്റ്സ് കോർപറേഷൻ ഓഫ് ഇന്ത്യ എന്നിവയിൽ നോമിനി ഡയറക്ടറുമായിരുന്നു.

പ്രവീൺകുമാർ ശ്രീവാസ്തവയാണ് കേന്ദ്ര വിജിലൻസ് കമ്മീഷണർ, അരവിന്ദ കുമാറാണ് മറ്റൊരു വിജിലൻസ് കമ്മീഷണർ.

## നോവൽ

(29-ാം പേജിൽ നിന്നും)

ഇടുക്കി ജില്ലയിലെ പെരിയാർവാലി എന്ന ഓണംകേറാ മൂലയിൽ താമസമാക്കിയ ഈ വൃദ്ധ ദമ്പതികൾ ഇപ്പോൾ മുരിക്കാശേരി പോലീസിന്റെ കസ്റ്റഡിയിലാണ്. മകനെയും മരുമകളെയും പതിറ്റാണ്ടുകൾക്കു മുൻപ് ശത്രുക്കൾ ഉന്മൂലനം ചെയ്തതിന്റെ കുറ്റം ഇവരുടെ മേൽ വെച്ചുകെട്ടാനുള്ള ഗൂഢാലോചനയാണ് അരങ്ങേറുന്നത്.

ബോക്സ് ന്യൂസ് വായിച്ചശേഷം പ്രധാന റിപ്പോർട്ടിലേക്ക് കണ്ണോടിക്കുമ്പോഴേക്കും സാബു വർഗീസിന്റെ ഫോൺ ശബ്ദിച്ചു. സിഐ കോൾ അറ്റൻഡ് ചെയ്തു.

"ഹലോ... ഗുഡ്മോണിങ്."

"ഇത് എസ്പി ഓഫിസിൽനിന്നാണ്. പ്ലീസ് ഹോൾഡ്ഓൺ."

സാബു വർഗീസിന്റെ നെറ്റി വിയർക്കാൻ തുടങ്ങി. ഏതാനും നിമിഷങ്ങൾക്കുശേഷം മറുവശത്തുനിന്ന് പരുഷ ശബ്ദം വന്നു.

"എസ്പി സൈമൺ രാജ് സ്പീക്കിങ്. എടോ, താനിന്നത്തെ ന്യൂസ് പേപ്പർ കണ്ടോ?"

"സർ. ഗുഡ്മോണിങ് സർ... കണ്ടു സർ."

"താൻ ശേഖരൻകുട്ടി എന്നൊരാളെയും ഭാര്യയെയും കസ്റ്റഡിയിലെടുത്തിട്ടുണ്ടോ?"

"സർ... കംപ്ലെയ്ന്റ് കിട്ടീട്ടാണ്."

"ആരുടെ കംപ്ലെയ്ന്റ്... എന്തിന്റെ കംപ്ലെയ്ന്റ്? എടോ, തനിക്കൊന്നും ബോധമില്ലേടോ? ഇരുപത്തിരണ്ടു വർഷം മുൻപ് മിസ്സായ രണ്ടുപേരെപ്പറ്റി ഇപ്പഴാണോ കംപ്ലെയ്ന്റ് ചെയ്യുന്നെ? ഇതുവരെ എവിടായിരുന്നെന്നു താൻ ചോദിച്ചോ? പഴയ കേസിന്റെ ഹിസ്റ്ററി താൻ അന്വേഷിച്ചോ? ആരെങ്കിലും പരാതി തന്നാലുടനെ രണ്ടുപേരെ പിടിച്ച് അകത്തോട്ടിടുക... എന്നിട്ട് തനിക്കു വല്ലതും കിട്ടിയോ? കോമൺസെൻസ് എന്നൊരു സാധനം ഒരിത്തിരിയെങ്കിലും വേണ്ടേടോ തലേൽ?"

"സർ... അസോസിയേഷനീന്ന് പ്രഷറൊണ്ടായിരുന്നു. ക്രൈംബ്രാഞ്ചിലെ ഒരു ഡിവൈഎസ്പീടെ..."

"തന്റെ വിശദീകരണമൊന്നും വേണ്ട. ഇപ്പഴും കസ്റ്റഡീലൊണ്ടോ അവർ?"

"സർ... ഒണ്ട്."

"ഉടൻതന്നെ അവരെ വിട്ടേക്ക്. അതുമാത്രമല്ല, അവർക്കു വല്ല പരാതിയുമുണ്ടെങ്കിൽ എഴുതി വാങ്ങീട്ട് അതേപ്പറ്റി അന്വേഷണം നടത്തണം. ഇരുപത്തിരണ്ടു വർഷം മുൻപ് അവരുടെ മകനും മകന്റെ വൈഫും എങ്ങനെയാണ് മിസ്സായതെന്നുള്ള റിപ്പോർട്ട് എനിക്കു കിട്ടണം. വിതിൻ ത്രീ ഡേയ്സ്."

"സർ..."

"പോലീസിനെ നാറ്റിക്കാൻവേണ്ടി ഇങ്ങനെ ഓരോരോ ജന്മങ്ങള്. വെച്ചിട്ട് പോടോ."

മുഖത്തടിച്ചപോലെ കോൾ കട്ടായി. സാബു വർഗീസ് മേശപ്പുറത്തിരുന്ന ടിഷ്യൂപേപ്പർ വലതുകൈകൊണ്ടെടുത്ത് നെറ്റിയിൽ കുടുന്നുനിന്ന വിയർപ്പു തുള്ളികൾ ഒപ്പി.

***          ***          ***

സ്റ്റേഷൻ ഹൗസ് ഓഫിസർ ഷിജിൻ ഷാജു പത്രത്തിൽ വന്ന വാർത്തയും അന്വേഷണ റിപ്പോർട്ടും വായിച്ച് അന്തംവിട്ടിരിക്കുമ്പോഴാണ് മൊബൈലിലേക്കു കോൾ വന്നത്. അയാൾ സ്ഥലകാലബോധം വന്ന് കോൾ എടുത്ത് ഹലോ പറഞ്ഞു.

"ഹലോ... ഗുഡ്മോണിങ് സർ. ഹോസ്പിറ്റലീന്നാ. ഹേമചന്ദ്രൻ സാറിന് സംസാരിക്കണംന്ന്."

"ങാ, കൊടുക്ക്."

"സർ... ദാ..."

ഫോൺ കൈമാറുന്ന ശബ്ദം.

മറുവശത്തുനിന്നു ഹേമചന്ദ്രന്റെ ക്ഷീണിച്ച 'ഹലോ' ഒരു ഞരക്കംപോലെ വന്നു.

"സർ. ഗുഡ്മോണിങ്." ഷിജിൽ ഷാജു പറഞ്ഞു.

"എടോ... അയാളെ വിട്ടേക്ക്. കേസ് വേണ്ട."

"സാറെ?"

"എടോ അവന്റെ പുറകിലുള്ളവൻ പണി തുടങ്ങി. ഇയാള് ന്യൂസ് വായിച്ചില്ലേ?"

"സർ, വായിച്ചു."

"ങാ... വിട്ടേക്ക് ഇല്ലെങ്കി നമുക്ക് നെഗറ്റീവായിട്ട് വരും."

"സാറെ, കേസ് ചാർജ് ചെയ്തു. എല്ലാം റെക്കോർഡിലായി. ഇന്ന് കോടതീൽ ഹാജരാക്കാൻ..."

"വേണ്ടെന്നു പറഞ്ഞില്ലേ. ഇനിയിപ്പോ ചോദ്യങ്ങള് വരും. ഞാനെന്തിനു രാത്രി അസമയത്ത് കൂരാലിക്കു പോയി. അവന്റെ ഇടികൊള്ളാനോ? അതിനു തൊട്ടുമുൻപ് ഞാൻ സിറ്റിസൺ ക്ലബിന്റെ മുൻപിലുണ്ടായിരുന്നു. അവൻ ഇന്നലെ രാത്രി പത്തു പത്തിനാണ് അശോകാ ലോഡ്ജീന്ന് ഇറങ്ങിയത്. എല്ലാം ഞാൻ ഇവിടെ കിടന്നോണ്ടുതന്നെ അന്വേഷിച്ചെടോ. ഇപ്പോ മറ്റേ സ്റ്റോറി എല്ലാംകൂടി വന്നപ്പോഴേക്കും ആകെ പ്രശ്നമാകുന്ന ലക്ഷണമാ."

"സാറെ, ഇനി കോടതീൽ ഹാജരാക്കാതെ പറ്റില്ല. അറസ്റ്റ് രേഖപ്പെടുത്തി."

"തന്നോട് ഞാൻ പറഞ്ഞോ രാവിലെ കോടതീലോട്ട് എഴുന്നള്ളിക്കാൻ?"

"സോറി സാർ. സാറിന്നലെ രാത്രി പറഞ്ഞാരുന്നു."

"ഇവിടെ തലയനക്കാൻ വയ്യാതെ കിടക്കുവാ. അതിനിടയ്ക്ക് താൻ... സ്റ്റുപ്പിഡ്... നോൺസെൻസ്."

"സാറിങ്ങനെ പറയുന്നതു കഷ്ടമാ."

"എടോ എന്റെ മൊബൈൽ കാറിനകത്താ. അതെങ്കിലും ഒന്നു കിട്ടുവോ?"

"സർ, കാർ ലോക്ക്ഡാണ്. കീ ഇതുവരെ കിട്ടീട്ടില്ല. ഒരാളെ അയച്ചിട്ടുണ്ട് നോക്കാൻ."

"നാശം പിടിക്കാൻ."

ഹേമചന്ദ്രൻ മുരണ്ടു. തുടർന്ന് കോൾ കട്ടായി. എസ്ഐ എന്തു ചെയ്യണമെന്നറിയാതെ വീണ്ടും പത്രത്തിലേക്കു നോക്കി.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER




FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman

### മയൂര സ്കൂൾ ഓഫ് ആർട്സും സൃഷ്ടി സെന്റർ ഫോർ ആർട്സ് ആൻഡ് കൾച്ചറലും സംയുക്തമായി അവതരിപ്പിക്കുന്ന

### മേഘവർഷങ്ങളുടെ കഥ പറയുന്ന

# മൺസൂൺ അനുരാഗ 2024

**Saturday March $23^{rd}$, 2024**
**New Jersey**
**Rosen Performing Arts Centre**
**1 Pike Drive, Wayne, New Jersey**
**6.00 PM to 8.30 PM**

**Sunday March $24^{th}$, 2024**
**New York**
**Centre of Living Auditorium**
**80-50 $262^{nd}$ Street**
**Glen Oaks, Ny 11004**
**6.00 PM to 8.30 PM**



## സ്നേഹപൂർവ്വം സ്വാഗതം

സഹൃദയരെ,

2022 ഓഗസ്റ്റിൽ ആണ് 'മൺസൂൺ അനുരാഗ' എന്ന കുച്ചിപ്പുടി നൃത്താവിഷ്കാരം ആദ്യമായി ഒരു ഗ്രൂപ്പ് പെർഫോമൻസായി അവതരിപ്പിച്ചത്. ഇന്നിപ്പോൾ ന്യൂജേഴ്സിയിലും (മാർച്ച് 23-ന് ശനിയാഴ്ച) ന്യൂയോർക്കിലും (മാർച്ച് 24-ന് ഞായറാഴ്ച) 'മൺസൂൺ അനുരാഗ' അവതരിപ്പിക്കുമ്പോൾ അത് ഈ നൃത്താവിഷ്ക്കാരത്തിന്റെ 28-ാമത്തേയും, 29-ാമത്തേയും വേദികൾ ആയിരിക്കും.

എന്റെ നൃത്തസ്ഥാപനമായ Srishti Centre for Arts and Culture-ഉം എന്റെ ബാല്യകാല സുഹൃത്തും നർത്തകിയുമായ ശ്രീമതി ബിന്ദിയ ശബരിയുടെ നേതൃത്വത്തിൽ ന്യൂജേഴ്സിയിൽ വർഷങ്ങളായി നടത്തിവരുന്ന നൃത്തസ്ഥാപനമായ Mayura School of Arts-ഉം സംയുക്തമായിട്ടാണ് ഈ കലാവിരുന്ന് അമേരിക്കയിലുള്ള സഹൃദയർക്കായി ഒരുക്കുന്നത്.

മറ്റൊരു വലിയ സന്തോഷം 'മൺസൂൺ അനുരാഗ'യുടെ മുഴുവൻ വിവരണവും അവതരിപ്പിച്ചിരിക്കുന്ന അതുല്യ കലാകാരനായ മോഹൻലാൽ തന്നെയാണ് ഈ പ്രോഗ്രാമിന്റെ വിവരണമടങ്ങിയ ഫ്ളയർ ന്യൂജേഴ്സിയിൽവെച്ച് പ്രകാശനം ചെയ്തത്. 'മൺസൂൺ അനുരാഗ' എന്ന നൃത്താവിഷ്ക്കാരത്തിന്റെ സദുദ്ദേശ പ്രതിഫലനമാണ് ഇതിന്റെ ആഖ്യാതാവെന്ന നിലയിൽ ശ്രീ. മോഹൻലാൽ ഈ നൃത്താവിഷ്ക്കാരത്തിന്റെ കഥപറയുന്ന രീതിയുടെ ആഴവും ആധികാരികതയും വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ ഉയരങ്ങൾ താണ്ടുവാൻ സഹായിച്ചത്.

ഒരിക്കൽകൂടി വേദിയിലേക്ക് 'മൺസൂൺ അനുരാഗ'യുമായി ചുവടുവെക്കുമ്പോൾ നിറഞ്ഞ സ്നേഹവും സന്തോഷവും കലാഹൃദയത്തിന്റെ സൗന്ദര്യവും നമുക്കൊരുമിച്ച് ആസ്വദിക്കാം. ഈ നൃത്താവിഷ്കാരം അത് കാണുന്ന, അനുഭവിക്കുന്ന, എല്ലാവരുടെയും ഹൃദയങ്ങളെയും ആത്മാവിനെയും സ്പർശിക്കട്ടെ. ഭാരതീയ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും മാന്ത്രികമായ അനുഭവം ദൂരവ്യാപകമായി പ്രചരിപ്പിക്കുവാൻ സാധിക്കണേ എന്ന പ്രാർത്ഥന.

സ്നേഹം, സന്തോഷം

രചന നാരായണൻകുട്ടി








## ABOUT THE PROGRAM

As Monsoon Anuraga steps on to the stage, let's all enjoy the love, joy and beauty of the artistic heart together. May this dance performance touch the hearts and souls of all who experience it and may the magical experience of Indian tradition and culture be spread far and wide. Looking forward to meet you all there. Please ensure to secure your tickets. We have shows on $23^{rd}$ & $24^{th}$. Please attend & Support. March $23^{rd}$ - Rosen Performing Arts Center - 1 Pike Drive, Wayne , NJ.
March $24^{th}$ - Center of Living Auditorium - 80-50, $262^{nd}$ Street , Glen Oaks, NY

**For tickets:**

In New Jersey the link below.

**https://www.mayuraschoolofarts.net/event-details/monsoon-anuraga**

For New York link below

**https://www.mayuraschoolofarts.net/event-details/monsoon-anuraga-newyork**

Bindiya Sabari & Monsoon Anuraga Team



Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**